
# മണിവിളക്ക്

ലക്കം 6 | ജൂൺ 2024

*Since 2012*



www.manivilaku.com

മണിവിളക്ക്

ലക്കം 6 | ജൂൺ 2024 | Private Circulation

# താളുകളിലൂടെ


















01. എഡിറ്റോറിയൽ 03
02. മദ്റോശോ 08 ,27
03. ഹെർഗോ പഠന പരമ്പര 14
04. ശ്ലീഹാ നോമ്പ് 18
05. മലങ്കര സഭാ ചരിത്രം 19
06. ഏഴരപ്പള്ളികൾ 24
07. തീമോത്തിയോസ് പിതാവനോടൊത്തുള്ള 26 വർഷങ്ങൾ 35
08. ഗീവർഗീസ് മോർ തിമോത്തിയോസ് തിരുമേനിയുടെ അഞ്ചാമത് ഓർമ്മ 37
09. ചേപ്പാട്ട് റമ്പാച്ചൻ 40
10. ഓർമ്മയിൽ ആചാര്യന്മാർ 43
11. എഫാത്ത 45
12. തിരിച്ചറിയേണ്ട തിരിച്ചറിവുകൾ 47
13. മിഷൻ സാന്ത്വന യാത്ര 50
14. എവിടെയായിരുന്നു നിങ്ങളുടെ കണ്ണുകൾ 60
15. തനിയെ ഒരാൾ 65
16. മാലാഖമാർക്ക് കെണിയൊരുക്കുന്നവർ 67
17. ടൈം ലൈൻ 81






A Complete Digital Magazine
Inspiration Rev.FR. ABRAHAM KADAMALA

Copyright @ manivilaku.com | Email : editor@manivilaku.com
Ph: 9947825254

# എഡിറ്റോറിയൽ

ജനാധിപത്യ വ്യവസ്ഥിതിയിൽ ഏതൊരു തിരഞ്ഞെടുപ്പും ഒരു വഴിത്തിരിവാണ്. കാരണം, തിരഞ്ഞെടുപ്പുവിധി ആ രാജ്യത്തെ ചരിത്രത്തിന്റെ ഗതി തിരിച്ചുവിടാൻ കാരണമായിക്കൂടായ്കയില്ല. വികസനവും രാഷ്ട്രീയ മാന്യതയും ഏറ്റവും വലിയ പ്രശ്നങ്ങളായി ഇന്ത്യൻ ജനത എടുത്തത് ഈ തിരഞ്ഞെടുപ്പിലാണെന്ന് വ്യക്തം. നിഷേധ രാഷ്ട്രീയ നയത്തിനു ജനങ്ങൾ നൽകിയ കനത്ത പ്രഹരവും, ജനാധിപത്യ വും ഭരണഘടനാ മൂല്യങ്ങളും അട്ടിമറിക്കാനുള്ള ശ്രമങ്ങൾക്കേറ്റ കനത്ത തിരിച്ചടിയുമാണ് 2024 ലെ 18ാം ലോക്സഭാ തിരഞ്ഞെടുപ്പ് ഫലം. പ്രതിപക്ഷം ഇല്ലാത്ത ജനാധിപത്യമാണ് വീണ്ടും ആഗ്രഹിച്ചത്. അത് ജനാധിപത്യമല്ല; ഏകാധിപത്യമാണ്. ശക്തമായ ഭരണവിരുദ്ധ വികാരത്തിനു പുറമേ ജനപ്രതിനിധികൾ ജനങ്ങളിൽ നിന്നും അകന്നതിന്റെ പ്രത്യാഘാതവും തിരഞ്ഞെടുപ്പ് ഫലങ്ങളിൽ പ്രകടനമാണ്.

വോട്ടെണ്ണൽ ദിനത്ത് തിരുവനന്തപുരത്തെ നേതാവ് പരാജപ്പെടുമോ എന്ന ആശങ്കാവസരത്തിൽ ഒരു പ്രമുഖ ചാനലിലെ പരാമർശം ശ്രദ്ധയിൽ വന്നു. നേതാവ് പരാജയപ്പെട്ടാൽ അതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ നേതാവിന്റെ ഓഫീസ് വൃന്ദങ്ങൾക്ക് സാധിയ്ക്കില്ല. കാരണം, ജനങ്ങളിൽ നിന്നും നേതാവിനെയും നേതാവിൽ നിന്നും ജനങ്ങളെയും അകറ്റി നിർത്തുന്നതിലായിരുന്നു അവരുടെ ശ്രദ്ധ. ഇതിനെ സാധൂകരിയ്ക്കുന്നതാണ് സി.പി.എം സംസ്ഥാന സെക്രട്ടറിയേറ്റിന്റെ വിലയിരുത്തൽ. അടുത്ത 2 വർഷങ്ങളിലായി തദ്ദേശ, നിയമസഭാ തിരഞ്ഞെടുപ്പുകൾ നടക്കാനിരിക്കുന്നതു കണക്കിലെടുത്തുജനവിശ്വാസംവീണ്ടെടുക്കാൻഅവരിലേക്ക് ഇറങ്ങിച്ചെല്ലണമെന്ന വികാരമാണു അവരുടെ ചർച്ചകളിൽ ഉയർന്നത്. വിമർശനങ്ങളെയും, ഇഷ്ടപ്പെടാത്ത വാർത്തകളെയും ഒഴിവാക്കുന്ന ഒരു ഭരണകൂടം എങ്ങിനെ ജനകീയമാകും. സോഷ്യൽ മീഡിയയിലൂടെ ഇഷ്ടമില്ലാത്ത ഒരു റിമാർക്കു വന്നാൽ അറസ്റ്റ് വാറണ്ട്, അല്ലെങ്കിൽ സ്ഥലം മാറ്റം.

രാഷ്ട്രീയ പ്രവർത്തകരും സർക്കാർ ഉദ്യോഗസ്ഥരും മാത്രം ജനകീയമായാൽ മതിയോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. വോട്ടെടുപ്പിലൂടെ ജനഹിതം രാഷ്ട്രീയ പാർട്ടികൾക്കും പ്രവർത്തകർക്കും അറിയാമെങ്കിലും സഭാത്മക ജീവിതത്തിൽ അതെങ്ങനെ സാധ്യമാകും. സഭയിലെ മേലധ്യക്ഷന്മാരെയും വിശ്വാസികളെയും അകറ്റുന്ന പ്രവണത ചിലയിടങ്ങളിൽ ഉണ്ടാകുന്നുണ്ടോ എന്നത് ഗൗരവമായി പരിശോധിക്കേണ്ടതാണ്. സഭയുടെ പ്രാർത്ഥനായിടങ്ങളും ദൈവാലയങ്ങളും പ്രാർത്ഥനയ്ക്കായി എത് സമയത്തും കയറിപോകാം എന്നുള്ള ധാരണയിൽ



മാറ്റമുണ്ടാകുന്ന വിധമുള്ള ചർച്ചകൾ സോ ഷ്യൽ മീഡിയയിൽ സജീവമായി കണ്ടു. സെക്യൂരിറ്റി ജീവനക്കാരും ചില വൈദീകരും വിശ്വാസികളും അതിനൊരു അപവാദമായി നിൽക്കുന്നത് പലർക്കും അനുഭവമായിരിക്കുന്നു. വെള്ള കുപ്പായമിട്ട ചെകുത്താൻ എന്ന് നമ്മുടെ വൈദീകരെ വിശേഷിപ്പിയ്ക്കുന്ന തരത്തിലുള്ള തെറ്റായ പ്രവണതകൾ ഉണ്ടാകുന്നത് ചൂണ്ടികാണിക്കപ്പെടുന്നത് തിരുത്താനാണെന്നും ആവർത്തിക്കപ്പെടരുതെന്നും മനസ്സിലാക്കാതെ, പറയുന്നവരെ കുറ്റക്കാരായി ചിത്രീകരിയ്ക്കുന്നത് ദൈവനിഷേധമല്ലേ. ഭദ്രാസനങ്ങളിലെ എല്ലാ പള്ളികളിലും വായിക്കണമെന്നുള്ള ഭദ്രാസനാധിപന്റെ ഇടയലേഖനം സ്വന്തം പള്ളിയിൽ വായിച്ചില്ല എന്ന് പറഞ്ഞതിനു ആവ്യക്തിയെ പൊതുവായു ശപിയ്ക്കുന്നതിനു പകരം ഇടയ ലേഖനം വായിച്ചു മാതൃകയാകാമായിരുന്നു.

"നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും" (മത്തായി 26:21) എന്ന് കർത്താവു പറഞ്ഞപ്പോൾ ആരും ചോദിച്ചില്ല "കർത്താവേ അത്അവനാണോ"?പകരം "കർത്താവേ അതു ഞാനാണോ"? എന്നു ചോദിക്കാനുള്ള ആത്മീയകാഴ്ചപ്പാട് അവർക്കുണ്ടായിരുന്നു (26:22) അവർ ആ നിലയിൽ പ്രതികരിച്ചില്ലായിരുന്നെങ്കിൽ ഒരു പെന്തക്കോസ്ത് അനുഭവം ഉണ്ടാകുമായിരുന്നില്ല. എന്നാൽ തങ്ങളുടെ നേരെ തന്നെ വിരൽ ചൂണ്ടാനുള്ള താഴ്മ അവർക്കണ്ടായിരുന്നതിനാൽ പരിശുദ്ധാത്മാവിന്റെ ചൊരിച്ചിൽ അവരുടെ മേൽ ഉണ്ടായി.

പതിവുകാര്യങ്ങളുടെ ഏകാധിപത്യഭരണമാണ് ഇന്ന് യേശുക്രിസ്തുവിന്റെ സഭ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ശത്രു. സഭയുടെ മേൽ "പതിവുകൾ"കർത്തൃത്വം നടത്തുന്നു! പരിപാടികൾ ആസൂത്രണം ചെയ്യുന്നു; നിലവിലുള്ള സാഹചര്യ ത്തെ സ്വാഭാവികം എന്ന് അംഗീകരിക്കുന്നു. അടുത്ത ഞായറാഴ്ചത്തെ പള്ളിയിൽ എങ്ങനെയിരിക്കുമെന്നും എന്തു സംഭവിക്കുമെന്നും ആർക്കും പ്രവചിക്കാം. സഭ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഭീഷണി ഇതാണെന്നു തോന്നുന്നു. എല്ലാം മുൻകൂർ പറയാൻ കഴിയുകയും ആരും ദൈവത്തിൽ നിന്നും അസാധാരണമായി ഒന്നും പ്രതീക്ഷിക്കാതിരിക്കുകയും ചെയ്യുമ്പോൾ
നാം ഒരു പതിവു ചാലിൽ വീഴുകയാണ്. പതിവുകൾ കാര്യങ്ങളെ നിയന്ത്രിക്കുന്നു; ഫലം അടുത്ത ഞായറാഴ്ചയും അടുത്ത മാസവും കാര്യങ്ങൾ മെച്ചപ്പെട്ടില്ലെങ്കിൽ അടുത്ത വർഷവും എന്തു സംഭവിക്കും എന്ന് നമുക്ക് നേരത്തേ പറയാൻ കഴിയും! അപ്പോൾ നാം എത്തിച്ചേരുന്നത് കഴിഞ്ഞ കാര്യങ്ങൾ ഇന്നിനെ തീരുമാനിക്കയും ഇന്ന് നാളയെ തീരുമാനിക്കയും ചെയ്യുന്ന ഇടത്താണ്.

സഭയുടെ വെബ്സൈറ്റുകൾക്ക് എന്ത് സംഭവിയ്ക്കുന്നു എന്നത്ഗൗരവമായി പരിശോധിക്കേണ്ടതാണ്.

യുവതീ യുവാക്കളുടെും സന്യാസിനിസന്യസ്തരുടെയും വൈദീകരുടെയുംസഭയുടെ പൊതുവായതുമായ ഡിജിറ്റൽ ഡാറ്റകൾ എത്രമാത്രം സുരക്ഷിതമാണെന്നതിനെ കുറിച്ച് വ്യക്തമായ ധാരണയും ഉറപ്പും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

അവയവക്കടത്തുകാർ ഭീതി പരത്തുന്ന ഇക്കാലത്ത് നമുക്ക് നമ്മോട് തന്നെ രണ്ട് ചോദ്യങ്ങൾ ചോദിയ്ക്കാം.

അവയവക്കടത്തിന്റെ അധോലോകത്തെ ഗവൺമെന്റിനു എന്ന് നിയന്ത്രിക്കാനാകും?

അതുവരെ വിശ്വസിച്ച് എനിയ്ക്ക് എവിടെ ഒപ്പിടാനാകും?

**എഡിറ്റർ**
**റ്റോജോ പി തോമസ്**
**9947825254**






പൗരോഹിത്യ ജീവിതത്തിന്റെ 38 വർഷങ്ങൾ പൂർത്തിയാക്കുന്ന ഞങ്ങളുടെ കാതോലിക്കാ ബാവാ തിരുമേനിക്ക്

പ്രാർത്ഥനാശംസകൾ..!!



# പുനരൈക്യ ആഘോഷ വേദികൾ

അടുത്തുവരുന്ന പുനരൈക്യ ആഘോഷ വേദികൾ താഴെപറയുന്ന ഭദ്രാസനങ്ങളിലായിരിക്കും.

2024 — പാറശാല ഭദ്രാസനം

2025 — പത്തനംതിട്ട ഭദ്രാസനം

2026 — സെന്റ് എഫ്രേം ഖഡ്കിപൂനെ ഭദ്രാസനം

www.manivilaku.com
മണിവിളക്ക്


2027 — ബത്തേരി ഭദ്രാസനം

2028 — മാവേലിക്കര ഭദ്രാസനം

2029 — തിരുവല്ല അതിഭദ്രാസനം ശതാബ്ദി ഉദ്ഘാടനം

2030 — തിരുവനന്തപുരം മേജർ അതിഭദ്രാസനം ശതാബ്ദി സമാപനം.


കുവൈത്തിലെ മംഗഫിൽ
ഫ്ളാറ്റ് സമുച്ചയത്തിലുണ്ടായ
തീപിടിത്തത്തിൽ മരണപ്പെട്ടവർക്ക്
ആദരാഞ്ജലികൾ
മണിവിളക്ക്



# ܡܕܪܫܐ
# മദ്റോശോ



തയാറാക്കിയത്
റെവ ഫാ . എബ്രഹാം കാടമല

**2024 ജൂൺ 02**

പെന്തിക്കോസ്തിക്കുശേഷം രണ്ടാം ഞായർ

മത്തായി 10:3842

അപ്പസ്തോലന്മാർക്ക് ക്രിസ്തു നിശ്ചയിച്ചേല്പിച്ച സുവിശേഷ പ്രചരണ ദൗത്യം അവരിൽ മാത്രം ഒതുങ്ങുന്നതോ അവരിൽ മാത്രം ഒടുങ്ങുന്നതോ അല്ല. ഓരോ ക്രിസ്തുശിഷ്യനും തനിക്ക് ദൈവത്തിൽ നിന്ന് സൗജന്യമായി ലഭിച്ച രക്ഷയുടെ അനുഭവം സഹജീവികൾക്കും വരും തലമുറക്കും അനുഭവമാക്കി കൊടുക്കുവാനുള്ള ബാദ്ധ്യതയുണ്ട്. അത് സ്യഷ്ടാവായ ദൈവത്തോട് സൃഷ്ടികളായ നമുക്കുണ്ടായിരിക്കേണ്ട ഏറ്റം അടിസ്ഥാനപരമായ ചുമതലയാണ് ലൂക്കോസിന്റെ സുവിശേഷത്തിൽ നാലു പ്രാവശ്യം യേശു ശിഷ്യന്മാരെ സുവിശേഷ പ്രചരണ ദൗത്യം ഏല്പിക്കുന്നതായി നാം കാണുന്നുണ്ട് (9/16; 10/1 11 22/3538; 24/4849). പലരും ധരിച്ചു വച്ചിരിക്കുന്നതുപോലെ സുവിശേഷ പ്രസംഗം മാത്രമല്ല യേശുവിന്റെ പദ്ധതിയിലുള്ളത്. മനുഷ്യരുടെ മേൽ ആധിപത്യം നടത്തുന്ന സകല പൈശാചിക ശക്തികളുടെ മേലും അന്ധകാര ശക്തികളുടെ മേലും തിന്മ പ്രവർത്തനങ്ങളുടെ മേലും രോഗത്തിന്മേലും അവസാന ശത്രുവായ മരണത്തിന്മേലും ആധിപത്യം പുലർത്താനുള്ള ശക്തിയും അധികാരവുമെല്ലാം നൽകിതന്നെയാണ് ക്രിസ്തു തന്റെ ദൂതന്മാരായി നമ്മെ ചുമതലപ്പെടുത്തി അയച്ചിരിക്കുന്നത്.

ദ്രവ്യാഗ്രഹത്തിന്റെയോ, മദ്യാസക്തിയുടെയോ, ഭോജനപ്രിയത്തിന്റെയോ, വ്യർത്ഥാഭിമാനത്തിന്റെയോ, അഹങ്കാരത്തിന്റെയോ, ഈ ദൃശ്യമായ മറ്റു തിന്മകളുടെ അടിമത്വത്തിൽ പെട്ടിരിക്കുന്നവർക്ക് ക്രിസ്തീയ വിമോചനത്തിന്റെ ദൗത്യം നിറവേറ്റാൻ കഴിയാതെ
പോകും എന്നറിഞ്ഞു കൊണ്ടാണ് ദിവ്യഗുരു ചില മാർഗ്ഗനിർദ്ദേശങ്ങളും നിയന്ത്രണങ്ങളും നിഷ്കർഷിച്ചിരിക്കുന്നത്. സുവിശേഷമേകുന്നവരും സുവിശേഷമാകുന്നവരും ഒന്നു
പോലെ ശ്രദ്ധിക്കേണ്ടകാര്യമാണ് ജീവിതലാളിത്യം. "യാത്രയ്ക്കു വേണ്ടി ഒന്നും എടുക്കരുത്" (ലൂക്ക 9:3) സുഖകരമായ യാത്രയ്ക്കുവേണ്ടി ലഗേജ് തീരെകുറക്കുക എന്ന്
തീവണ്ടികളിൽ എഴുതിയിരിക്കുന്നത് ജീവിതയാത്ര സുഖകരമാക്കുന്നതിനും നല്ലതാണ്. സുവിശേഷം ധനസമ്പാദത്തിനുള്ള മാർഗ്ഗമാകുമ്പോൾ ഭാരമേറിയ ചുമടായി മാറുന്നു.

യേശുക്രിസ്തുവിന്റെ നിർമ്മലമായ സുവിശേഷം എല്ലാ ദേശത്തും എല്ലാ ജനതകളോടും

പ്രസംഗിക്കേണ്ട ഉത്തരവാദിത്വം ശിഷ്യന്മാർക്കുണ്ട്.

കേൾവിക്കാർ അതുപ്രയോജനപ്പെടുത്തുന്നുണ്ടോ എന്നു നോക്കാതെ രക്ഷയുടെ സദ് വാർത്തയുമായി എല്ലാദേശത്തും അവർ പോയിരിക്കണം. അവരുടെ പാദങ്ങളിലെ പൊടി പതിക്കാത്ത ഒരിടവും ഭൂമുഖത്തുണ്ടാകാൻ പാടില്ല. ഞങ്ങൾ കേട്ടില്ല, അറിഞ്ഞിട്ടില്ല എന്ന് വിധി ദിവസം ആരെങ്കിലും തടസ്സവാദം ഉന്നയിക്കാൻ തുനിഞ്ഞാൽ സുവിശേഷകന്റെ പാദത്തിൽ നിന്നും വീണ പൊടി അവർക്കെതിരെ സാക്ഷി പറയുവാനുണ്ടാകണം. സുവിശേഷ പ്രചരണം എത്ര ഗൗരവമേറിയ ചുമതലയാണെന്ന് അത് ചെയ്യുന്നവർക്ക് ബോദ്ധ്യമുണ്ടായിരിക്കണം. അതുപോലെ തന്നെ അതിനെ കേൾക്കുന്നവർക്ക് തങ്ങളുടെ ജീവിതത്തിന്റെ ഭാഗധേയം നിർണ്ണയിക്കപ്പെടുന്നത് സുവിശേ ഷത്തോട് തങ്ങൾ എങ്ങനെ പ്രതികരിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണെന്നു ബോദ്ധ്യം ഉണ്ടായിരിക്കണം.

**2024 ജൂൺ 09**

പെന്തിക്കോസ്തിക്കു ശേഷം 3ാം ഞായർ.

യോഹന്നാൻ 6:3546

ഭക്ഷണം ശരീരത്തിന്റെ ആവശ്യമാണെന്നാണ് പൊതുവേ പറയാറ്. പക്ഷേ അല്പം കാര്യമായി ചിന്തിച്ചാൽ മനസ്സിലാകും ശരീരവും ജീവനും ഒന്നായി നിൽക്കാനാണ് ആഹാരം കഴിക്കുന്നത്. ശരീരത്തിൽനിന്ന് ജീവൻ വേർപെട്ടുകഴിഞ്ഞാൽ പിന്നെ ശരീരത്തിന് ആഹാരവും വേണ്ട, ജീവന് ശരീരവും വേണ്ട എന്ന സ്ഥിതിവരും. "ശരീരവും രക്തവും" എന്ന പദപ്രയോഗത്തിലും അവ രണ്ടും ഒന്നു ചേർന്നിരിക്കുമ്പോഴുള്ള ജീവനുള്ള അവസ്ഥയേയാണ് ധ്വനിപ്പിക്കുന്നത്. ആത്മാവും ശരീരവും ഒന്നു ചേർന്നിരിക്കുന്നു. പരസ്പരം പരിപോഷിപ്പിക്കുകയും ചെയ്യുന്നു. ആത്മാവിന് ശരീരത്തെക്കൊണ്ട് ആവശ്യമില്ല എന്നു പറയാൻ വയ്യ. ആത്മാവിന്റെ സൽപ്രേരണകളെ പ്രാവർത്തികമാക്കി ആത്മാവിനെ ശ്രേഷ്ഠതപ്പെടുത്തുവാൻ ശരീരം വഹിക്കുന്ന പങ്ക് നിഷേധിക്കാൻ ആർക്കാണു കഴിയുക? വേർപെട്ടുപോയാൽ മരണവും, ഒന്നിച്ചുനിന്നാൽ ജീവനുമായ പല ജീവിത യാഥാർത്ഥ്യങ്ങളുമുണ്ട്. ഭാര്യയും ഭർത്താവും രണ്ടല്ല ഒരൊറ്റ ശരീരമാണെന്നു തീരുമാനിച്ചതു ദൈവം തന്നെയാണ്. പക്ഷേ അതിനെ വേർപിരിക്കാൻ തുനിയുന്നതോടെ മൃതാവസ്ഥ പ്രാപിക്കുന്നു. വിശുദ്ധ മാമോദീസാ സ്വീകരിച്ച എല്ലാ വ്യക്തികളും ചേർന്ന് ഒരു സഭയായി ക്രിസ്തുവിന്റെ ശരീരമായി തീരുന്നു. അവർ വഴക്കടിച്ച് കൊച്ചു കൊച്ചു ഗ്രൂപ്പുകളായി പിരിയുമ്പോൾ പരിശുദ്ധാത്മാവ് അവരിൽനിന്ന് വേർപെട്ടുപോകുകയും ചെയ്യുന്നു. അതും ഒരു മരണാവസ്ഥ തന്നെയാണല്ലോ.

വിശുദ്ധ കുർബാനയിൽ പങ്കുചേരാൻ വരുന്ന വിശ്വാസികൾ ആരംഭത്തിൽ നടക്കുന്ന ഒരുക്ക ശുശ്രൂഷയിലും പ്രത്യേകിച്ച് വചനശുശ്രൂഷയിലും പങ്കുചേരാതെ രണ്ടാം പകുതിയിൽ മാത്രം പള്ളിക്കുള്ളിൽ പ്രവേശിച്ച് അല്പനേരം അലസരായിനിന്നാൽ മതി എന്നു കരുതുന്നവരുണ്ട്. അവർ നിത്യജീ വന്റെ അപ്പത്തിൽ പങ്കുചേരാൻ കഴിയാതെ മൃതാവസ്ഥയിൽ തന്നെ സ്ഥിതിചെയ്യുന്നു. യേശു പറഞ്ഞ ഉദാഹരണം നോക്കുക. നിങ്ങളുടെ പിതാക്കൻമാർ മരുഭൂമിയിൽവച്ച് "മന്നാ" ഭക്ഷിച്ചു എങ്കിലും അവർ മരിച്ചു. മന്നാ എന്ന പദത്തിന് "ഇതെന്താണ് (What is it) എന്നാണ് വാച്യാർത്ഥം. ആ ചോദ്യത്തിനുത്തരം കണ്ടെത്താതെയും അതൊടൊപ്പം ദൈവം നൽകിയ വെളിപാടിനെ വിസ്മരിച്ചും അവിടുന്ന് ആവശ്യപ്പെടുന്ന വിശ്വാസത്തിന്റെ പ്രതികരണം ജീവിതത്തിൽ നില നിർത്താതെയുമിരുന്നതുകൊണ്ട് അതവർക്ക് നിത്യജീവന്റെ അനുഭവം നൽകിയില്ല. യേശു സ്വയം ഒരു മരുഭൂമി അനുഭവത്തിൽനിന്നു കൊണ്ട് അരുളിച്ചെയ്യുന്നത് "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിൻറെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത് "(മത്താ. 4/4).

യേശു പറയുന്നു "ഞാൻ ജീവന്റെ അപ്പമാണ്" (യോഹ. 6/ 48) "സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽനിന്ന് ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനു വേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ് (യോഹ. 6/51). ജനിച്ച നാൾ മുതൽ നാം ഭക്ഷണം കഴിക്കുന്നു. അതു നമ്മേ ആനന്ദിപ്പിക്കുന്നു; ശക്തിപ്പെടുത്തുന്നു; കർമ്മോന്മുഖരാക്കുന്നു. എന്നാൽ ആ ഭക്ഷണത്തിന്റെ പ്രഭാവം അധിക സമയം നീണ്ടു നിൽക്കാറില്ല. നാം കഴിക്കുന്ന ഭക്ഷണം നമ്മുടെ ശരീരത്തിന്റെ ഭാഗമായി മാറുന്നു. എന്നാൽ യേശു നമുക്കു നൽകുന്ന നിത്യ ജീവന്റെ അപ്പം ഈ രണ്ടുകാര്യങ്ങളിലും തികച്ചും വ്യത്യസ്ഥമായിട്ടാണ് പ്രവർത്തിക്കുന്നത്. ഒന്നാമത് നാം ഭക്ഷിക്കുന്ന ജീവന്റെ അപ്പം നമ്മിൽ അലിഞ്ഞുചേർന്ന് നമ്മുടെ ശരീരത്തിന്റെ ഭാഗമാകുന്നതിനുപകരം നാം ക്രിസ്തുവിൽ ലയിച്ചുചേർന്ന് അവിടുത്തെ ദിവ്യ ശരീരത്തിന്റെ ഭാഗമാകുകയാണ് ചെയ്യുന്നത്. അതിന്റെ അനന്തരഫലമാണ് രണ്ടാമത്തെ വ്യത്യാസം എന്തെന്ന് ഈശോ തന്നെ പറയുന്നു. "എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലംജീവിക്കും" (6/57). "ഇതു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും" (6/58).

വഴിയോരത്തു നിന്ന് കൺകെട്ടുവിദ്യകാട്ടി കാണികളെ അമ്പരപ്പിക്കുന്ന ഒരു വിദ്വാൻ ഒരിക്കൽ ജനക്കൂട്ടം നോക്കിനിൽക്കെ പ്രകാശിച്ചുകൊണ്ടിരുന്ന ഒരു ട്യൂബു ലൈറ്റ് വിഴുങ്ങിക്കാണിച്ചു. ഏതാണ്ട് 4 അടി നീളമുള്ള ആ ട്യൂബുലൈറ്റ് മുഴുവൻ വിഴുങ്ങി കഴിഞ്ഞപ്പോൾ അയാളുടെ ശരീരത്തിൽനിന്ന് ട്യൂബുലൈറ്റിന്റെ രശ്മികൾ നാലുപാടും പ്രസരിക്കാൻ തുടങ്ങി. വെറും കൺകെട്ടു വേലയാണെങ്കിലും അതിനൊരർത്ഥമുണ്ട്. വിശുദ്ധ കുർബാനയിലെ യേശുവിനെ നോക്കുമ്പോൾ ദൈവപുത്രനെ തിരിച്ചറിയാൻ എളുപ്പമല്ല. വിശ്വാസത്തിന്റെ ആന്തരീക നയനങ്ങൾകൊണ്ടാണ് നാം യേശുവിനെ കാണേണ്ടത്.

എന്നാൽ വിശുദ്ധ കുർബാന ഉൾക്കൊണ്ടതിനുശേഷം ദേവാലയത്തിനു പുറത്തേക്കിറങ്ങുന്ന വിശ്വാസികളുടെ മുഖത്ത് ദൈവപുത്രന്റെ ഛായ കാണാൻ കഴിയാത്തത് വലിയ കഷ്ടം തന്നെ. അതിനു കാരണം വിശുദ്ധ കുർബ്ബാന സ്വീകരിക്കാൻ വേണ്ടതായ ഒരുക്കമോ, അതു സ്വീകരിക്കുമ്പോൾ നാം എന്താണ് ചെയ്യുന്നത് എന്നുള്ള ബോധമോ, ദിവ്യ നാഥനെ ഹൃദയ സിംഹാസനത്തിൽ ആദരവോടെ



ഉപവിഷ്ഠനാക്കിയതിനുശേഷം അവിടുത്തേക്ക് നമ്മോടു സംഭാഷിക്കാൻ നാം അവസരം കൊടുക്കുകയോ ചെയ്യാതെ വെറും പതിവു ചടങ്ങായി മാത്രം കാണുന്നതുകൊണ്ടാണ്. കർത്താവേ അരുളിചെയ്താലും. അങ്ങയുടെ ദാസൻ കേൾക്കുന്നു എന്ന് ബാല നായ ശമുവേലിനേപ്പോലെ പറയുവാൻ നാം സന്നദ്ധരാകണം. സുവിശേഷ പ്ര ഘോഷണത്തിലൂടെയും വേദവായനയിലൂടെയും അതാതു ദിവസം നാം ശ്രവിക്കുന്നത് ദൈവ വചനം തന്നെയാണെന്നറിഞ്ഞ് അത് അനുസരിക്കാൻ നാം തയ്യാറാകണം. നിങ്ങളോടു ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ് (6/63) ഈ ആത്മീയ ജീവന്റെ പ്രസാദം നമ്മിലൂടെ ചുറ്റുപാടുകളിലേക്ക് പ്രസരിക്കുക തന്നെ വേണം. രോഗത്താൽ മലിനമായ രക്തത്തിന്റെ ചെറിയ ഒരം ശംമൂലം നാം നിത്യരോഗികളാകാമെങ്കിൽ യേശുവിന്റെ പാവനമായ തിരുശരീ ര രക്തങ്ങൾ സ്വീകരിക്കുന്ന നാം എത്രയോ അധികം നിത്യജീവന് അവകാശികളായിതിരും.

**2024 ജൂൺ 16**

പെന്തിക്കോസ്തിക്കു ശേഷം 4ാം ഞായർ.

വനാന്തരങ്ങൾ, മലയിടുക്കുകൾ, ആറ്റുതീരങ്ങൾ, ഗുഹാമുഖങ്ങൾ എന്നിങ്ങനെ പ്രകൃതിയുടെ ചില പ്രത്യേക കോണുകളിൽ പ്രതിധ്വനികൾ ഉണ്ടാകാറുണ്ട്. നാം അങ്ങോട്ടു പറയുന്ന വാക്കു കൾ തന്നെ പ്രതിധ്വനിയിലൂടെ നമുക്ക് തിരികെ കിട്ടുന്നു. ഈ പ്രതിഭാസം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് നാം ഓരോ രുത്തരുടെയും ജീവി താനുഭനത്തി ലാണ്. നന്മയും സ്നേഹവും കാരു ണ്യവും കരുതലും നിറഞ്ഞതാണ് നമ്മുടെ പ്രവർത്തികളെങ്കിൽ സ്വാഭാവികമായിതന്നെ അവ യൊക്കെ കൂടുതൽ ശക്തിയോടെ നമ്മിലേക്കു തിരികെ വരും. തിന്മ യുടെ കാര്യത്തിലും പ്രകൃതി നിയമം ഇതു തന്നെയാണ്. ഇത്ര യും പൊതുവായി പറയാമെ കിലും ഈ പ്രകൃതി നിയമത്തിന് അപവാദങ്ങൾ ധാരാളമുണ്ട്.

ലോകാരംഭം മുതൽ മനുഷ്യ നുൾപ്പെടെ സകല ജീവികളും സ്വീകരിച്ചിരിക്കുന്ന രീതി തങ്ങളുടെ ശത്രുക്കളെയും എതിരാളി കളെയും നശിപ്പിക്കുക, ഇല്ലായ്മ ചെയ്യുക എന്നതാ ണ്. എന്നാൽ ദൈവപുത്രന് നമ്മോടു പറയാനു ള്ളത് ശത്രുക്കളെ അല്ല, ശത്രുതയാണ് നശിപ്പിക്കേണ്ടതെന്നാണ്. ശത്രുതയെ നശിപ്പിക്കാനും ഇല്ലായ്മ ചെയ്യാനും ഏറ്റം നല്ല ആയു ധമാണ് സ്നഹം. സ്നേഹത്തിന് ഇഷ്ടം എന്നു മാത്രം പരിമിതിപ്പെടുത്താതെ, ശത്രു ക്കളെപ്പോലും അതിന്റെ പരിധിക്കുള്ളിലാക്കുന്നു എന്നതാണ് ക്രിസ്തീയതയുടെ ശ്രേഷ്ഠതയും തനിമയും. 27ാം വാക്യം മുതൽ 35ാം വാക്യം വരെ ഈ ശത്രു സ്നേഹത്തി ന്റെ വിശദാംശങ്ങൾ കോർത്തിണക്കിയിരിക്കുകയാണ്. രണ്ടു ബ്രായ്ക്കറ്റുകൾ പോലെ ശത്രുക്കളെ സ്നേഹിക്കുക എന്ന നിർദ്ദേശം ആവർത്തിക്കപ്പെട്ടിരിക്കുന്നതു നോക്കുക. വെറും വൈകാരിക ഭാവമെന്ന തിനേക്കാൾ വളരെ പ്രായോഗിക മായ കർമ്മരീതികൾ നിർദ്ദേശിച്ചിരിക്കുന്നു. നന്മ ചെയ്യുക, അനുഗ്രഹിക്കുക, പ്രാർത്ഥിക്കുക എന്നി ങ്ങനെ സ്നേഹ പ്രകടനങ്ങൾക്ക് ഗുണമേന്മ വർദ്ധിപ്പിച്ചുകൊണ്ടുവരാനാണ് യേശു നിർദ്ദേശിച്ചിരിക്കുന്നത്.

നാണയങ്ങൾ മനുഷ്യവ്യാപാരങ്ങളിൽ ഉപയോഗിച്ചുതുടങ്ങിയ കാലം മു തൽ കള്ള നാണയങ്ങളെ തിരിച്ചറിയാനുള്ള മാർഗ്ഗങ്ങളും കണ്ടെത്തേണ്ടത് അത്യാവശ്യമായിത്തീർന്നു. യേശു തന്റെ അനുയായികളെ വെറും സാധാരണ മനുഷ്യരാ യിട്ടല്ല ദൈവമക്കളായിത്തീരാൻ വേണ്ടി പ്രത്യേകം പരിശീലിപ്പിക്കുകയാണ് ചെയ്തത്.



സ്വർഗ്ഗസ്ഥനായ പിതാവിനേപ്പോലെ പരിപൂർണ്ണനും പരിശുദ്ധരും കരുണയുള്ളവരും ഗുണമേമയുള്ളവരുമായിത്തീരാനുള്ള നിർദ്ദേശങ്ങളും സഹായവുമാണ് ഈശോ തന്റെ ശിഷ്യർക്കു നൽകുന്നത്. (ലൂക്കാ. 6/35). ഒരാൾ യഥാർത്ഥത്തിൽ ക്രിസ്തു ശിഷ്യനാണോ എന്നറിയാനുള്ള അടയാളം കൂടിയാണ് ഈ നിബന്ധനകൾ. സ്നേഹത്തിന്റെ ഈ വഴികളിലൂടെയുള്ള സഞ്ചാരം ക്ഷിപ്രസാദ്ധ്യമാണെന്നാരും അവകാശപ്പെടുന്നില്ല. എന്നിരുന്നാലും അതൊന്നും അസാദ്ധ്യമായി കരുതുകയും വേണ്ട. യേശു തന്റെ ജീവിതത്തില് പ്രായോഗികമാക്കി കാണിച്ചു തന്നിട്ടുള്ളവ മാത്രമേ നമ്മോടും ആവശ്യപ്പെട്ടിട്ടുള്ളു. ജീവിതത്തിന്റെ മറ്റെല്ലാ മേഖലയിലുമെന്നപോലെതന്നെ ആദ്ധ്യാത്മീക മേഖലയിലും വെല്ലുവിളികളെ അഭിമുഖീകരിച്ചും അതിജീവിച്ചുവേണം വളർന്നുവരാൻ. മഹത്വത്തിൽ

സാമൂഹ്യമായ തിന്മകളും വ്യക്തിപരമായ അതിക്രമങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്ന ഈ ലോകത്ത് നീതിയും സമാധാനവും സന്തോഷവും അതിലേറെ വർദ്ധിച്ചെങ്കിലേ കാര്യമുള്ളു. അതുകൊണ്ടാണ് ക്രിസ്തു തന്റെ ശിഷ്യരേ ത്യാഗവും സ്നേഹവും കാരുണ്യവുമുള്ളവരാകാൻ നിർദ്ദേശിച്ചിരിക്കുന്നത്. തങ്ങളെ അടിമകളാക്കി ഭരിച്ചുകൊണ്ടിരിക്കുന്ന റോമാ പടയാളികളെ പോലും വഴിവിട്ട് സഹായിക്കാൻ യേശു നിർദ്ദേശിച്ചിരിക്കുന്നു. **|ഒരു മൈൽ ദൂരം തന്നോടൊപ്പം പോരാൻ നിർബന്ധിക്കുന്ന വരോടൊപ്പം രണ്ടുമൈൽ ദൂരം പോകുവിൻ|** (മത്താ. 5/41).

വിപ്ലവം കൊണ്ടു നേടുന്ന വിജയം ക്ഷണഭംഗുരമാണെന്ന് യേശുവിനു അറിയാമായിരുന്നു. ആയുധ ബലവും അട്ടിമറിയും ഗറില്ലാ യുദ്ധമുറകളുമൊന്നും യേശു ഉപദേശിക്കുന്നില്ല. പകരം ആത്മാർത്ഥമായ സ്നേഹവും സേവനവും കൊണ്ട് മനുഷ്യ ഹൃദയങ്ങളെ പരിവർത്തനം ചെയ്യാനാണ് യേശു താല്പര്യപ്പെടുന്നത്. സ്നേഹം കൊണ്ട് കീഴടക്കുക എന്ന് ചുരുക്കം. ഇത്ര ശക്തമായ ആയുധം കൈയ്യിലു ണ്ടായിട്ടും സ്വന്തം ഭവനത്തിലുള്ള വരെപോലും സ്വാധീനിക്കാൻ കഴിയാതെ പോകുന്നതാണത്ഭുതം.

ദാവീദു രാജാവിന്റെ ജീവിത കഥയിൽ ശത്രുവിനെ സ്നേഹിക്കുന്നതിന്റെ അതിവിശിഷ്ടമായ ഒരു ഉദാഹരണം കാണാം. വെറുതെ ആടുമേച്ചുനടന്ന ഒരിടയ ചെറുക്കനെ യഹോവയുടെ നിർദ്ദേശപ്രകാരം രാജാവായി അഭിഷേകം ചെയ്ത പ്രവാചക നായശമുവേൽ, പക്ഷേ സിംഹാസനമോ, ചെങ്കോലോ കിരീടമോ ഒന്നും നൽകിയില്ല. അഭിഷേകം മൂലം അവനു ലഭിച്ചത്, ദൈവാത്മാവിന്റെ നിറവാണ്. **നിനക്ക് എന്റെ കൃപമതി** എന്ന് പൗലോസിനോട് ദൈവം പറഞ്ഞതുപോലെ, ദാവീദിന്റെ പടിപടിയായ ഉയർച്ചയ്ക്കെല്ലാം കാരണമായത് ഈ ദൈവിക ചൈതന്യമാണ്. ശൗൽ രാജാവ് ദാവീദിനെ തന്റെ രാജത്വത്തിന്റെ എതിരാളിയായി തിരിച്ചറിഞ്ഞ്, പല പ്രാവശ്യം അവനെകൊല്ലാൻ ശ്രമിച്ചെങ്കിലും പരാജയപ്പെടുകയാണുണ്ടായത് അവരുടെ ശത്രുത അതിന്റെ പാരമ്യത്തിൽ നിൽക്കുന്ന ഒരവസരത്തിൽ ശൗൽരാജാവ് ദാവീദിന് മുമ്പിൽ നിസഹായനായി ഉറങ്ങു ന്നവനായി അകപ്പെടുകയുണ്ടായി. വേണമെങ്കിൽ ആ ശിരസുതന്നെ ഛേദിച്ചെടുക്കാൻ അവസരമുണ്ടാ യിട്ടും ദാവീദ്, ശൗൽ രാജാവിന്റെ വസ്ത്രഞ്ചലം മുറിച്ചെടുത്തു കൊണ്ട് മാറിപ്പോകുകയാണ് ചെയ്തത്. പരസ്പരം കൊല്ലാനും നശിപ്പിക്കാനും അല്പം വാശിയും പ്രതികാര ചിന്തയും മാത്രം മതി. പക്ഷേ ശത്രുക്കളോട് പൊറുക്കാനും ക്ഷമിക്കാനും സഹിക്കാനും സ്നേഹിക്കാനും ദൈവിക ശക്തിതന്നെ വേണ്ടിവരും. മനുഷ്യർ പരസ്പരം കലഹിക്കുകയും പ്രതികാര വാഞ്ചയാൽ ജ്വലിക്കുകയും ചെയ്യുമ്പോൾ ദൈവിക ശക്തിയേക്കുറിച്ച് ഓർക്കാനോ ദൈവാത്മാവിന്റെ നിമന്ത്രണങ്ങൾക്ക് ചെവികൊടുക്കാനോ കഴിയാത്ത അന്ധരും ചെകിടരുമായിത്തീരുന്നു.

നിഷ്കളങ്കമായ സ്നേഹം എപ്രകാരമായിരിക്കുമെന്ന് പരിശുദ്ധനായ പൗലോസ് അപ്പസ്തോലൻ റോമക്കാർക്കെഴുതിയ ലേഖനത്തിന്റെ 12ാം അദ്ധ്യായം 9 മുതൽ 21 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചുപറയുന്നുണ്ട്. ശത്രുവിനോട് പ്രതികാരം നാം തന്നെ ചെയ്തുകളയാം എന്നു ചിന്തിക്കുകപോലും പാടില്ല. എന്തെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. **|പ്രതികാരം എൻതാണ്; ഞാൻ പകരം വീട്ടും എന്ന് കർത്താവ് അരുളിച്ചെയ്യുന്നു|. (റോമാ 12/19).** തന്നെ അകാരണമായി വെറുക്കുകയും കച്ചവടക്കാർക്ക് വിറ്റുകാശാ ക്കുകയും ചെയ്ത സ്വന്തം സഹോദരങ്ങളോട് ഹൃദയപൂർവ്വം ക്ഷമിക്കുകയും പ്രതികാരം ചെയ്യാൻ കഴിവുണ്ടായിരിക്കെ അവരെ ആശ്വസിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന പൂർവ്വ പിതാവായ ജോസഫിന്റെ പ്രവർത്തി മാനവചരിത്രത്തിൽ വിടർന്ന സുവർണ്ണ പുഷ്പമായി ഇന്നും ശോഭിക്കുന്നില്ലേ?

കഥകളിലും ചലചിത്രങ്ങളിലും നാം കാണുന്ന നായകന്മാർ അസാമാന്യ ശക്തിശാലികളും സമ്പന്നരും പ്രതികാരം ചെയ്ത് വിജയ ശ്രീലാളിതരുമാണ്. അത്തരം ഹീറോകളെ ആരാധിച്ചു വളരുന്നവർക്ക് സഹനത്തിന്റെയും ത്യാഗത്തിന്റെയും പരാജയത്തിന്റെയും മൂല്യത്തേ തിരിച്ചറിയാൻ സാദ്ധ്യമല്ല. അങ്ങനെയുള്ള വരാണ് ഈ ഭൂമിയേ ഒരു യുദ്ധക്കളവും നരകവുമാക്കി മാറ്റുന്നത്. യേശു തന്റെ ശിഷ്യരോടു പറയുന്നു **|സമാധാനം സ്ഥാപിക്കുന്ന വർ ഭാഗ്യവാന്മാർ; അവർ ദൈവ ത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും| (മത്താ. 5/9).** ത്യാഗമെന്നതേ നേട്ടം, താഴ്മതാനഭ്യുന്നതി, എന്നതായിരിക്കണം ഒരു ക്രിസ്ശിഷ്യന്റെ മുദ്രാവാക്യം.

ഹെർഗോ
പഠന പരമ്പര

# വിശുദ്ധ കൂദാശകൾ



"**വിശുദ്ധീകരണം**" എന്നാണ് "**കൂദാശ**" എന്ന വാക്കിന്റെ അർത്ഥം. മനുഷ്യ രക്ഷയ്ക്ക് ആവശ്യമായ അദൃശ്യങ്ങളായ ദൈവകൃപകൾ ലഭിയ്ക്കുന്നതിനായ് നിശ്ചയിച്ചിട്ടുള്ള ദൃശ്യമായ കർമ്മങ്ങളാണ് കൂദാശകൾ. അതായത്, "കൃപ നൽകപ്പെടുന്നതിനായി യേശുക്രിസ്തുവിനാൽ സ്ഥാപിതമായ ബാഹ്യമായ അടയാളം ആണ് കൂദാശകൾ. അദൃശ്യമായ ദൈവകൃപ ദൃശ്യമായ കൂദാശകളിലൂടെ സഭാംഗങ്ങളിലേയ്ക്ക് പ്രവഹിക്കുമ്പോൾ വ്യക്തികളിൽ ആത്മീയ വെളിച്ചം ഉണ്ടാകുന്നതിനൊപ്പം സഭ ഒന്നടങ്കം പ്രഭാപൂരിതമാവുകയും അതിലൂടെ ലോകത്തിൽ നിന്ന് പാപത്തിന്റെ അന്ധകാരം മായ്ക്കപ്പെടുകയും ചെയ്യുന്നു.

സഭാപിതാക്കന്മാർ കൂദാശകളെ കുറിച്ച് പഠിപ്പിയ്ക്കുന്നത് ക്രിസ്തുവിന്റെ പെസഹാ രഹസ്യങ്ങളോടും സഭയോടും ബന്ധപ്പെടുത്തിയാണ്. വിശുദ്ധ കൂദാശകൾ മ്ശിഹായുടെതാണ്, മനുഷ്യരുടേത് അല്ല. വിശുദ്ധ കൂദാശകൾ സഭയിൽ പരികർമ്മം ചെയ്യുന്നത് മ്ശിഹായുടെ നാമത്തിലും മ്ശിഹായിലും വിശുദ്ധ പട്ടത്വം ലഭിച്ചിട്ടുള്ള പട്ടക്കാരാണ് (വൈദീകർ). വിശുദ്ധ കൂദാശകളുടെ ഫലദായകത്വം അത് പരികർമ്മം ചെയ്യുന്ന ആളെ ആശ്രയിച്ചല്ല. വിശുദ്ധ കൂദാശകൾ സ്ഥാപിച്ച യേശു മ്ശിഹായെ ആശ്രയിച്ചാണ്. മർമ്മം അഥവാ രഹസ്യം എന്ന് പൗരസ്ത്യസഭകൾ വിശേഷിപ്പിയ്ക്കുന്ന വിശുദ്ധ കൂദാശയ്ക്ക് ആവശ്യമായ ഘടകങ്ങൾ എന്താണെന്ന് മനസ്സിലാക്കാം.

## വിശുദ്ധ കൂദാശയുടെ ഘടകങ്ങൾ

| | |
|---|---|
| **കൂദാശകൻ** (Celebrant) | **കൂദാശ വസ്തു** (Matter) |
| **പദരൂപം** (Form) | **സ്വീകർത്താവ്** (Recipient) |

**കൂദാശകൻ** (Celebrant)
കൂദാശ കർമ്മം നിർവഹിയ്ക്കുന്നതിന് അധികാരമുള്ളയാൾ. (പൗരോഹിത്യം ലഭിച്ചവർ)

**കൂദാശ വസ്തു** (Matter)
ദൈവകൃപയ്ക്കുള്ള മാധ്യമങ്ങളായി ഉപയോഗിക്കുന്ന ഭൗതിക വസ്തുക്കൾ. (വിശുദ്ധ മാമോദീസായ്ക്ക് വെള്ളം, വിശുദ്ധ കുർബാനയ്ക്ക് അപ്പവും വീഞ്ഞും)

**പദരൂപം** (Form)
വിശുദ്ധ കൂദാശയ്ക്ക് കല്പിക്കപ്പെടുന്ന വാക്കുകൾ അഥവാ കൂദാശ വചനങ്ങളും ക്രിയകളും.

**സ്വീകർത്താവ്** (Recipient)
വിശുദ്ധ കൂദാശ സ്വീകരിയ്ക്കുന്ന വ്യക്തി.

**വിശുദ്ധ കൂദാശകളെ രണ്ടായി വേർതിരിയ്ക്കാം.**
**1. സ്ഥാപക കൂദാശകൾ**

## സ്ഥാപക കൂദാശകൾ

മൂറോൻ കൂദാശ, പള്ളി കൂദാശ, തബ്ബലൈത്ത കൂദാശ,,,
തുടങ്ങിയ കർമ്മങ്ങൾ സ്ഥാപക കൂദാശയിൽപ്പെടുന്നു.

**|വിശുദ്ധീകരണം|** എന്ന അർത്ഥത്തിൽ കൂദാശ എന്ന് പറയപ്പെടുന്ന വീട് കൂദാശ, കുരിശിൻ തൊട്ടി (കുരിശ്ശടി) കൂദാശ, കുരുത്തോല വാഴ്ത്തൽ, വെള്ളം, വാഹനം, തുടങ്ങിയ വാഴ്ത്തുന്നതും (വെഞ്ചരിപ്പ്), സ്വീകരണ കൂദാശയോ (Sacraments of Reception), സ്ഥാപക കൂദാശയോ ( Founding Sacraments) അല്ല എന്നും മനസ്സിലാക്കണം.

പുതിയതായി പണി കഴിപ്പിച്ച വീട്ടിൽ താമസിയ്ക്കുന്നതിന് മുൻപ് വീട് കൂദാശ ചെയ്യുന്ന പതിവ് മലങ്കരയിലുണ്ട്. സാത്താന്യ ശക്തികളിൽ നിന്ന് ഭവനത്തിനും ഭവനവാസികൾക്കും സംരക്ഷണം ലഭിക്കുന്നു. അദൃശ്യനായ ദൈവത്തിന്റെ സാന്നിധ്യത്തിന്റെ പ്രതീകമായി വീടിനുള്ളിൽ എല്ലായിടത്തും ധൂപമർപ്പിക്കുകയും വിശുദ്ധീകരണത്തിനായി വെള്ളം തളിക്കുകയും ചെയ്യുന്നു. വർഷത്തിൽ ഒരിക്കൽ വീട് കൂദാശ ചെയ്യുന്ന പതിവും സഭയിലുണ്ട്. വീടു കൂദാശയുടെ അവസാനഭാഗത്ത് കാർമ്മികൻ പരിശുദ്ധ തിത്വത്തിന്റെ നാമത്തിൽ വാതിൽ പടികളിൽ കുരിശാകൃതിയിൽ മുദ്രകുത്തുന്നു. കർത്താവിന്റെ യാഗത്തിലൂടെ പാപത്തിന്റെയും മരണത്തിന്റെയും ശക്തികളിന്മേൽ നേടിയ വിജയചിഹ്നമാണ് കുരിശ് യിസ്രായേല്യർക്ക് ആദ്യ പെസഹാരാത്രിയിലെ സംഹാരത്തിൽ നിന്ന് സംരക്ഷണം ലഭിച്ചത്

കുഞ്ഞാടിന്റെ രക്തം വീടുകളുടെ വാതിൽപ്പടിമേൽ പുരട്ടിയതു മൂലമായിരുന്നു.

ഭവനവും അതിലെ നിവാസികളും കർത്താവിനു വേണ്ടി വിശുദ്ധീകരിക്കപ്പെട്ട് വേർതിരിക്കപ്പെട്ട അനുഭവത്തിൽ ജീവിക്കുവാൻ പ്രതിഷ്ഠിക്കുകയാണ് ഈ ശുശ്രൂഷയിലൂടെ ചെയ്യുന്നത്.

## സ്വീകരണ കൂദാശകൾ

പരിശുദ്ധ സഭയിൽ വിശുദ്ധ കൂദാശകളായി നാം പറയുന്ന 7കൂദാശകളും സ്വീകരണ കൂദാശാ ഗണത്തിപ്പെടുന്നു.

1. വിശുദ്ധ മാമോദീസ (ജ്ഞാനസ്നാനം)
2. സ്ഥൈര്യലേപനം (വിശുദ്ധ മൂറോൻ അഭിഷേകം)
3. വിശുദ്ധ കുർബ്ബാന
4. വിശുദ്ധ കുമ്പസാരം
5. വിശുദ്ധ വിവാഹം
6. വിശുദ്ധ പട്ടത്വം (പൗരോഹിത്യം)
7. രോഗി ലേപനം (രോഗികളുടെ വി. തൈലാഭിഷേകം)




**ഈ ഏഴ് സ്വീകരണ കൂദാശകളെ മൂന്ന് ഗണമായി തിരിയ്ക്കാം..**

**1. പ്രവേശക കൂദാശകൾ** : ആദ്യത്തെ മൂന്ന് കൂദാശകളായ വിശുദ്ധ മാമോദീസ, വിശുദ്ധ മൂറോൻ അഭിഷേകം, വിശുദ്ധ കുർബാന ഇവയാണ് പ്രവേശക കൂദാശകൾ അഥവാ പ്രാരംഭ കൂദാശകൾ.

വിശുദ്ധ മാമോദീസായിലൂടെ ഒരാൾ മ്ശിഹായെ ധരിയ്ക്കുകയും സഭയിൽ പ്രവേശിയ്ക്കുകയും ചെയ്യുന്നു. വിശുദ്ധ മൂറോൻ അഭിഷേകത്തോടെ പരിശുദ്ധ റൂഹായാൽ മുദ്രിതരാക്കപ്പെടുകയും അപ്പസ്തോല ദൗത്യം ഭരമേല്പിക്കപ്പെടുകയും ചെയ്യുന്നു. മ്ശിഹായുടെ പെസഹാ രഹസ്യത്തിൽ പങ്കുകാരാകുന്നതിന് വിശുദ്ധ കുർബാനയിലൂടെ സാധ്യമാകുന്നു.

**2. സൗഖ്യദായക കൂദാശകൾ** ; വിശുദ്ധ കുമ്പസാരവും രോഗി ലേപനവുമാണ് സൗഖ്യദായക കൂദാശകൾ.

പാപം വഴി ദൈവത്തിൽ നിന്നും സഹോദരരിൽ നിന്നും അകന്നു പോയവർ വിശുദ്ധ കുമ്പസാരത്തിലൂടെ അനുരജ്ഞിതരായി തീരുന്നു. രോഗി ലേപനത്തിലൂടെ ആത്മീയ സൗഖ്യവും, ദൈവം തിരുമനസ്സാകുമെങ്കിൽ ശാരീരിക സൗഖ്യവും, പാപം ചെയ്തിട്ടുണ്ടെങ്കിൽ മാപ്പും ലഭിയ്ക്കുന്നു.

**3. ദൗത്യത്തിന്റെ കൂദാശകൾ** ; ദൗത്യത്തിന്റെയും കൂട്ടായ്മയുടെയും" എന്ന് വിശേഷിപ്പിക്കാവുന്ന് കൂദാശകളാണ് വിശുദ്ധ വിവാഹവും, വിശുദ്ധ പട്ടത്വവും. സന്താനങ്ങളുടെ വളർത്തലിനും സഭാ സാമൂഹത്തിന്റെ വളർച്ചയ്ക്കും വിശുദ്ധീകരണത്തി
നും ഈ കൂദാശകൾ സഹായിക്കുന്നു.

ഏഴ് (7) വിശുദ്ധ കൂദാശകളെയും എതിർക്കുന്ന പ്രൊട്ടസ്റ്റന്റ്, പെന്തകോസ്ത് സഭകൾ പ്രധാനമായും ചൂണ്ടിക്കാട്ടുന്ന രണ്ട് കാര്യങ്ങൾ കൂടി നാം മനസ്സിലാക്കേണ്ടിയിരിയ്ക്കുന്നു.

1. **വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുള്ള തെളിവുകളിൽ മാത്രം വിശ്വാസം.**
2. **മനുഷ്യരക്ഷ വിശ്വാസം വഴിയാണ്, കൂദാശകൾ വഴിയല്ല.**

ഒരു കൂദാശ യേശു ക്രിസ്തുവിനാൽ സ്ഥാപിതമായതാണെന്ന വിശുദ്ധ ഗ്രന്ഥത്തിലെ തെളിവുകളാണ് അവർക്ക് ആവശ്യം. സ്നാനവും (വിശുദ്ധ മാമോദീസ) തിരുവത്താഴവും (വിശുദ്ധ കുർബാന) ഒഴികെ മറ്റ് 5 കൂദാശകൾ അവർക്കില്ല. മറ്റു കൂദാശകൾ ക്രിസ്തു സ്ഥാപിച്ചതായിട്ടുള്ള വ്യക്തമായ തെളിവുകൾ ഇല്ല എന്നാണ് അവരുടെ വാദം. അവരുടെ വാദങ്ങൾ ചുരുക്കത്തിൽ വിവരിക്കാം.

* വിശുദ്ധ കുമ്പസാരം ഒരു കൂദാശയല്ല. പാപം മോചിക്കണമെന്ന് യേശു മ്ശിഹാ പറയുന്നുണ്ടെങ്കിലും (യോഹ 20:2122) ഒരു കൗദാശിക കർമ്മത്തെ കുറിച്ചൊ, ക്ഷമ നൽകുന്നതിനെ കുറിച്ചോ നിർദ്ദേശിയ്ക്കുന്നില്ല.
* സുവിശേഷം പ്രഘോഷിക്കാനും തന്റെ നാമത്തിൽ ഒരുമിച്ച് കൂടി
അപ്പം മുറിയ്ക്കൽ ശുശ്രൂഷ ചെയ്യുവാനും ക്രിസ്തു ശിഷ്യരെ നിർദ്ദേശി
യ്ക്കുന്നുണ്ടെങ്കിലും പട്ടം കോടുക്കൽ ക്രമം (പൗരോഹിത്യം) സ്ഥാപിച്ചതായി കാണുന്നില്ല അതിനാൽ പൗരോഹിത്യം ഒരു കൂദാശയല്ല എന്നാണ് അവരുടെ വാദം.

* കൈവയ്പ് ശുശ്രൂഷയും, തൈലം പൂശലും പഴയ നിയമ കാലത്ത് ഉണ്ടായിരുന്നെങ്കിലും ക്രിസ്തു സ്ഥാപിച്ചിട്ടില്ല എന്ന വാദം ഉന്നയിക്കുന്നവർ ആദിമകാലം മുതൽക്കേ നിലവിലിരുന്ന ഒരു യാഥാർത്ഥ്യമായി മാത്രം വിശുദ്ധ വിവാഹത്തെയും മനസ്സിലാക്കുന്നു.

ഈ അബദ്ധ സിദ്ധാന്തങ്ങളെയും പഠിപ്പിക്കലുകളെയും എതിർക്കുകയും യേശു ക്രിസ്തുവിനാൽ സ്ഥാപിതമായതാണ് ഏഴ് വിശുദ്ധ കൂദാശകളെന്ന് പഠിപ്പിക്കുകയും പ്രഖ്യാപിക്കുകയും ചെയ്ത തെന്ത്രോസ് സുനഹദോസ് ഇപ്രകാരം പ്രസ്താവിച്ചു. |**എല്ലാ കൂദാശകളും യേശു ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടതല്ലെന്ന്| ആരെങ്കിലും പറയുന്നുണ്ടെങ്കിൽ അവൻ ശപിക്കപ്പെട്ടവൻ ആകട്ടെ**|.

**വിശുദ്ധ കൂദാശകളെ കുറിച്ചുള്ള നിങ്ങളുടെ സംശയങ്ങൾ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ തുടർന്നുള്ള പഠനങ്ങളിൽ ഉൾപ്പെടുത്തുന്നതായിരിയ്ക്കും.**

**തുടരും...**

# ശുദ്ധമുള്ള ശ്ലീഹാനോമ്പ്

## ജൂൺ 16 മുതൽ 29 വരെ




**ഭക്തിസാന്ദ്രമായ നല്ലോരു നോമ്പ് ആചരണത്തിലേയ്ക്ക് നമ്മുക്ക് പ്രവേശിയ്ക്കാം...**

വിശുദ്ധ സഭയുടെ ആറ് കാനോനിക നോമ്പിൽ ആരാധനാ വർഷ കണക്കിൽ നാലാമതായി വരുന്ന നോമ്പാണ് ശുദ്ധമുള്ള ശ്ലീഹാ നോമ്പ്. നിയമപരമായ കടമയില്ലെങ്കിലും ഭക്തിപരമായി ആചരിയ്ക്കുവാൻ നിർദ്ദേശിക്കപ്പെട്ടിരിയ്ക്കുന്ന മൂന്ന് നോമ്പുകളിൽ (ശ്ലീഹാ നോമ്പ്, പതിനഞ്ച് നോമ്പ്, എട്ടു നോമ്പ്) ആദ്യത്തെ നോമ്പ് ആണ് ശ്ലീഹാ നോമ്പ്.

ഭാരതത്തിന്റെ അപ്പോസ്തോലനായ മാർത്തോമാ ശ്ലീഹാ ഉൾപ്പെടുന്ന കർത്ത്യ ശിഷ്യരായ പന്തിരുവരുടെയും, ജാതികൾക്കായ് ദൈവം വിളിച്ചു ചേർത്ത ഉന്നതപ്പെട്ട മോർ പൗലൂസ് ശ്ലീഹായുടെയും പുകഴ്ച്ചയെ പ്രതി വിശുദ്ധ സഭ ഈ നോമ്പ് ആചരിക്കുന്നു. വിശുദ്ധ പത്രൊസ്, പൗലൂസ് ശ്ലീഹന്മാരുടെ ഓർമ്മ പെരുന്നാളായ ജൂൺ 29ന് ഈ നോമ്പ് അവസാനിക്കുന്നു. പരിശുദ്ധ സഭ ശുദ്ധമുള്ള ശ്ലീഹാ നോമ്പ് അഥവാ പതിമൂന്ന് നോമ്പിലേക്ക് പ്രവേശിക്കുന്നു.

**|കർത്താവേ വിശുദ്ധ ശ്ലീഹന്മാരുടെ പ്രാർത്ഥനകളാൽ അവരെപ്പോലെ ഞങ്ങൾ ലോകത്തെയും അതിന്റെ മോഹങ്ങളെയും ജയിച്ച് പരമാനന്ദകരമായ പറുദീസായിൽ നിത്യജീവനെ ആഗ്രഹിപ്പാനും അവകാശിപ്പാനും യോഗ്യരാക്കി തീർക്കേണമേ.|**



തുടർ ലേഖനം

# മലങ്കര സഭാ ചരിത്രം (ഭാഗം 6)



ബിനു തോമസ്

## പോർച്ചുഗീസ് ആഗമനവും ഭാരതീയ സഭയും.

1498 ലാണ് വാസ്കോഡഗാമയുടെ നേതൃത്വത്തിൽ പോർച്ചുഗീസ് സംഘം കേരളത്തിൽ എത്തുന്നത്. തുടർന്ന് പെദ്രോ അൽവാരിസ് കബ്രാൾ, അൽഫോൻസ് ദ് അൽബുക്കർക്ക് ഇങ്ങനെ നിരവധി പോർച്ചുഗീസ് കച്ചവട സൈനിക സംഘത്തലവന്മാർ ഇന്ത്യയിലെത്തി. 1505 ൽ ഫോർട്ട് കൊച്ചി ആസ്ഥാനമാക്കി പോർട്ടുഗീസ്ഇന്ത്യ രൂപീകൃതമായി.
ഫ്രാൻസീസോ ഡി അൽമേഡ പോർച്ചുഗീസ് ഇന്ത്യ ഗവൺമെന്റിന്റെ ആദ്യത്തെ വൈസ്രോയായി നിയമിതനായി. മുൻപ് കോഴിക്കോട് എത്തിയ ഗാമയുടെ ആദ്യ സംഘം സാമൂതിരിയുമായി സൗഹൃദത്തിലായെങ്കിലും നൂറ്റാണ്ടുകളായി കോഴിക്കോടുമായി സുഗന്ധവ്യഞ്ജന വ്യാപാരത്തിൽ ഏർപ്പെട്ടിരുന്ന അറബികളുമായി അവർ ഏറ്റുമുട്ടി. ഇത് പോർച്ചുഗീസുകാരെ കോഴിക്കോടിന് അനഭിമതരാക്കി. ക്രമേണ അവർ കൊച്ചിയിലേക്ക് നീങ്ങി; സാമൂതിരിയുടെ ശത്രുവായിരുന്ന കൊച്ചി രാജാവ് അവരെ സ്വീകരിച്ചു. 1505 അൽമേഡ വൈസ്രോയി ആയതോടെ അദ്ദേഹം സഖ്യം വിപുലീകരിച്ചു. കൊച്ചിയിൽ പോർച്ചുഗീസ് കോട്ട കൊത്തളങ്ങൾ ഉയർന്നു. കൊച്ചി രാജാവിന് പോർച്ചുഗീസുകാർ സമ്മാനമായി കൊട്ടാരം പണിത് നൽകി. ഫോർട്ട് മാനുവൽ ( ഫോർട്ട് കൊച്ചി ) ആസ്ഥാനമായി പോർച്ചുഗീസ് ഇന്ത്യയുടെ ഭരണം സ്ഥാപിതമായി. എഡി 1500 മുതൽ 1510 വരെ രാഷ്ട്രീയ അവസ്ഥ കേരളതീരത്ത് ഇതായിരുന്നു.

സുഗന്ധവ്യഞ്ജനങ്ങൾ, അമൂല്യ വസ്തുക്കൾ എന്നിവയുടെ വ്യാപാര കുത്തകയും തങ്ങൾ എത്തിച്ചേരുന്ന പുതിയ പ്രദേശങ്ങളുടെ മേൽ കാലക്രമേണ ആധിപത്യവും എന്നതായിരുന്നു കൊളോണിയൽ ശക്തികളുടെ പൊതുരീതി. എത്തിച്ചേരുന്നിടത്ത് തങ്ങളുടെ മതവും എത്തിക്കുകയും മതപ്രചരണത്തിലൂടെ ആ


Francisco de Almeida

സമൂഹങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്യുക എന്നതായിരുന്നു അന്ന് സ്വീകരിച്ചിരുന്ന മാർഗ്ഗം.

നാം ചർച്ച ചെയ്യുന്ന 1500 1600 കാലഘട്ടം യൂറോപ്പിലെ പാശ്ചാത്യ സഭയിൽ നവീകരണത്തിന്റെ കൊടുംകാറ്റ് ഉയർന്ന കാലമായിരുന്നു. 1517 ജർമ്മനിയിൽ ആരംഭിച്ച നവീകരണ പ്രസ്ഥാനം (പ്രൊട്ടസ്റ്റന്റിസം) ക്രമേണ യൂറോപ്യൻ രാജ്യങ്ങളിലാകെ വ്യാപിച്ചു. എല്ലാ രാജ്യങ്ങൾക്കും ചക്രവർത്തിമാർക്കും മേലെ മാർ പാപ്പാമാർക്കും കത്തോലിക്കാ സഭയ്ക്കും ഉണ്ടായിരുന്ന അദൃശ്യമായ മേൽക്കൈ ചോദ്യം ചെയ്യപ്പെട്ടു. കത്തോലിക്ക രാജ്യങ്ങളായി നിലകൊണ്ട സ്പെയിനിനും പോർച്ചുഗലിനും പേപ്പസിക്കുമേൽ ശക്തമായ സ്വാധീനം ലഭിച്ചു. പേദ്രുവാദോ അധികാരം വഴി പോർച്ചുഗലും സ്പെയിനും സഭയുടെ ആത്മീയ നേതൃത്വത്തിൽ എത്തി. തെന്ത്രോസ് സുന്നഹദോസ് 1545 63 കാലത്ത് നടന്നു. കൗണ്ടർ റിഫർമേഷൻ (പ്രതി നവീകരണം) സഭയിൽ നടപ്പിലാക്കപ്പെട്ടു. സഭാ ഭരണത്തെ അഴിമതിമുക്തവും ധാർമികവുമാക്കാൻ കൗൺസിൽ നടപടികൾ സ്വീകരിച്ചു. എന്നാൽ അടിസ്ഥാന വിശ്വാസ കാര്യങ്ങൾ വ്യവസ്ഥാപിതമായി പ്രഖ്യാപിച്ചുകൊണ്ട് നവീകരണ ആശയങ്ങളെ വിശ്വാസ കാര്യങ്ങളിൽ സഭ നിഷേധിച്ചു. പുതുതായി കണ്ടെത്തപ്പെടുന്ന രാജ്യങ്ങളിലെ ജനങ്ങളെ ക്രിസ്തീയ മതത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിന് അവരുടെ മേൽ ആത്മീയ അധ്യക്ഷതയും, ലോകത്തെ രണ്ടായി ഭാഗിച്ചു കിഴക്ക് പോർച്ചുഗലിനും പടിഞ്ഞാറ് സ്പെയിനിനും നൽകിക്കൊണ്ട് "പാദ്രുവാദോ" ശക്തിപ്പെട്ടു. ഇഗ്നേഷ്യസ് ലയോളയും തന്റെ ശിഷ്യൻ ഫ്രാൻസിസ് സേവ്യറും സ്ഥാപിച്ച ജെസ്യൂട്ട് (ഈശോ സഭ) കൊളോണിയൽ വൽക്കരണത്തോടൊപ്പം ക്രിസ്തുമത വൽക്കരണവും നടപ്പിലാക്കി.

ഇനി 1498 മുതൽ വരുന്ന മേൽ പ്രസ്താവിച്ച പതിനാറാം നൂറ്റാണ്ടിൽ നസ്രാണികൾക്ക് മേലധ്യക്ഷന്മാരായിരുന്ന പൗരസ്ത്യ സുറിയാനി മെത്രാന്മാർ ആരൊക്കെ എന്നും അവരുടെ നടപടികളും പോർച്ചുഗീസ് ഇടപെടലുകളും നോക്കാം.

1489/ 90 കാലത്ത് ജോർജ്, ജോസഫ്, മാത്യൂസ് എന്നീ മൂന്ന് മാർത്തോമ ക്രിസ്ത്യാനികൾ കേരളത്തിലേക്ക് മെത്രാന്മാരെ കൊണ്ടുവരുന്നതിനായി ബാബിലോൺ പാത്രിയാർക്കീസ് മാർ ശിമയോൻ നാലാമന്റെ പക്കലേക്ക് യാത്രയായി. പാത്രിയാർകിസ് ഇവരിൽ രണ്ട്പേരെ വൈദികരായി അഭിഷിക്തരാക്കി മാർ യോഹന്നാൻ, മാർ തോമ എന്നീ പൗരസ്ത്യ മെത്രാന്മാർക്കൊപ്പം തിരിച്ചയക്കുകയും ചെയ്തു. ഈ വൈദികരിൽ പെട്ട ജോസഫ് (യോഹന്നാൻ) ആണ് പിന്നീട് ഇവിടെയെത്തിയ പോർച്ചുഗീസ് കപ്പിത്താൻ കബ്രാളിനൊപ്പം ലിസ്ബണിലും റോമിലും എത്തിയ "ഇന്ത്യക്കാരനായ ജോസഫ്".

വാസ്കോഡ ഗാമയുടെയും അൽബുക്കർക്കിന്റേയും മറ്റുംകാലത്ത് പ്രാദേശിക ക്രിസ്ത്യാനികളും പോർച്ചുഗീസുകാരും പരസ്പരം സ്നേഹത്തിലും വിശ്വാസത്തിലും ആണ് കഴിഞ്ഞിരുന്നത്. വർത്തക പ്രമാണിമാരും സൈനിക ശേഷിയുള്ളവരും കൊച്ചി കൊല്ലം ഭരണാധികാരികളിൽ സ്വാധീനമുള്ളവരായ നസ്രാണികൾ പോർച്ചുഗീസ് സംഘങ്ങൾക്ക് ചരക്കുകൾ എത്തിക്കുന്നതിന് സംരക്ഷണം നൽകുന്നതിനും തയ്യാറായിരുന്നു. കൊല്ലത്തെ



ഭരണാധികാരിയിൽ നിന്ന് തങ്ങൾക്ക് നഷ്ടമായ അധികാരങ്ങൾ നേടി കൊടുത്ത പോർച്ചുഗൽ വൈസ്രോയി അൽബൂക്കർക്കിനു നസ്രാണികൾ ഒരു വെള്ളിക്കുരിശ് സമ്മാനിക്കുകയും ചെയ്തിട്ടുണ്ട്.

ഇതേകാലത്താണ് മാർ യാബാലാഹ്, മാർ ദനഹാ, മാർ യാക്കോബ് എന്നീ മെത്രാന്മാർ പൗരസ്ത്യ സുറിയാനി സഭയിൽ നിന്നും കേരളത്തിൽ എത്തുന്നുണ്ട്. ഇവരിൽ മാർ യാക്കോബ് കൊടുങ്ങല്ലൂരിലെ പോർച്ചുഗീസ് ചാപ്ലിൻ ആയി പ്രവർത്തിച്ചിട്ടുണ്ട്. ഇങ്ങനെ ആദ്യ രണ്ടുദശകത്തിനടുത്ത് സാമാന്യം സൗഹൃദ പൂർവ്വമായ ബന്ധമായിരുന്നു പോർച്ചുഗീസുകാരും നസ്രാണികളും തമ്മിലുണ്ടായിരുന്നതെന്ന് കാണാം. എന്നാൽ തുടർന്ന് ഈ ബന്ധം വഷളായി. കർമ്മലീത്ത മിഷനറിമാരും അവർ സ്ഥാപിച്ച സെമിനാരിയിൽ പഠിച്ച ദേശീയരും ലത്തീൻ സഭയുടേതല്ലാത്ത ആചാരങ്ങളിൽ പാഷണ്ടത കാണാൻ തുടങ്ങി. 1523ൽ മാറി യാക്കോബിനെതിരെ ഉയർന്ന ആരോപണങ്ങളിൽ പോർച്ചുഗീസ് രാജാവിനു വിശദീകരണം നൽകിക്കൊണ്ട് അദ്ദേഹം ഒരു കത്തെഴുതിയിട്ടുണ്ട്. ഇന്ത്യയുടെ മെത്രാൻ എന്ന നാമത്തിലാണ് അദ്ദേഹം ആ കത്തിൽ ഒപ്പ് വെച്ചിരിക്കുന്നത്. 1542 ഇവിടെയെത്തിയ ഫ്രാൻസിസ് സേവ്യർ മാർ യാക്കോബിനെ കാണുകയും അദ്ദേഹത്തെക്കുറിച്ച് മതിപ്പ് പ്രകടിപ്പിച്ചുകൊണ്ട് പോർച്ചുഗൽ രാജാവിന് കത്ത് അയക്കുകയും ചെയ്യുന്നുണ്ട്. എതാണ്ട് 1852 ലോ മറ്റോ മാർ യാക്കോബ് കാലം ചെയ്തു.

ഇതിന് അടുത്ത കാലത്ത് ബാബിലോൺ പാത്രിയാർക്കേറ്റിൽ മാർ യോഹന്നാൻ സലൂക്കയുടെ നേതൃത്വത്തിൽ കത്തോലിക്കാ സഭയുമായി ഐക്യപ്പെട്ട പാത്രിയാർകേറ്റ് സ്ഥാപിതമായി. മാർ യോഹന്നാൻ സലൂക്കയ്ക്ക് റോമാ മാർപാപ്പ നൽകിയ അധികാരപത്രത്തിൽ മലബാറിലെ സഭയ്ക്ക് മേലുള്ള പരമ്പരാഗത അവകാശം എടുത്ത് പറഞ്ഞ് അം

ഗീകരിച്ചിരുന്നു. തെന്ത്രോസ് സുന്നഹദോസിന്റെ മിഷൻവത്ക്കരണ തീഷ്ണതയുമായി എത്തിയ ഈശോ സഭക്കാരും അവരോടൊപ്പം പദ്രോവാദോ രാജാധികാരവും മതാധികാരവും പോർച്ചുഗൽ രാജാവിനും മാർപാപ്പയ്ക്കുമായി സ്ഥാപിച്ചെടുക്കുവാൻ പോർച്ചുഗീസ് സ!!നൈ!!നിക കച്ചവട സംഘവും കളം നിറഞ്ഞു.

മാർ യാക്കോബിന് ശേഷം 1558 വരെ പൗരസ്ത്യ സുറിയാനി മെത്രാന്മാർക്ക് ഇവിടെ പ്രവേശനം ലഭിച്ചില്ല. 1558ൽ മാർപാപ്പയാൽ നിയമിതനായ കത്തോലിക്കാ പൗരസ്ത്യ സുറിയാനി പാത്രിയാർക്കീസിന്റെ സഹോദരനായ ജോസഫ് സുലോക്കായും മാൾട്ടയിൽ നിന്നുള്ള ഡോമിനിക്കൻ വിഭാഗക്കാരനായ കത്തോലിക്ക മെത്രാൻ മാർ അംബ്രോസ് എന്ന പേപ്പൽ ന്യൂൺഷ്യോയും പാത്രിയാർക്കൽ പ്രതിനിധി മാർ ഏലിയായും അടങ്ങുന്ന മെത്രാൻ സംഘം മലബാറിൽ എത്തി. ഈ സംഘം നേരെ പോർച്ചുഗീസ്



Archbishop Aleixo de Menezes

തടവറയിലേക്കാണ് ആഗമന ശേഷം അടക്കപ്പെട്ടത്. 18 മാസം തടവിൽ കിടന്ന ശേഷമാണ് ഇവർ മോചിക്കപ്പെട്ടത്. കേരളത്തിന്റെയും അഖിലേന്ത്യയുടെ മെത്രാനായ ഗോവ മെത്രാന്റെ അധികാരപരിധിക്കുള്ളിൽ അദ്ദേഹം കൽപ്പിക്കാതെ യാതൊരധികാരവും പ്രയോഗിക്കില്ല എന്ന് എഴുതിക്കൊടുത്ത ശേഷമായിരുന്നു മോചനം. ഇതായിരുന്നു പോർച്ചുഗീസ് ആധിപത്യത്തിൽ പേപ്പൽ ന്യൂൺഷ്യോയ്ക്കും മാർപാപ്പയുടെ അധികാര പത്രപ്രകാരം വന്ന പൗരസ്ത്യ സുറിയാനി മെത്രാനും ഉണ്ടായ അനുഭവം.

## മോചനത്തിനുശേഷം

1562 വരെ ഇവിടെയുണ്ടായിരുന്ന മാർ ജോസഫ്, പാഷണ്ടത ആരോപിക്കപ്പെട്ട് പോർച്ചുഗലിലേക്ക് നാടുകടത്തപ്പെട്ടു. എന്നാൽ 1564 ൽ ഒരു പേപ്പൽ രേഖയോടു കൂടി അദ്ദേഹം തിരിച്ചെത്തി. ഇതേ കാലയളവിൽ തന്നെ മാർ അബ്രഹാം എന്ന മുൻപ് ഇവിടെയുണ്ടായിരുന്ന മെത്രാനും മലബാറിൽ എത്തി. മാർപാപ്പയുടെ കല്പനപ്രകാരം 1567 മാർ അബ്രഹാത്തിന് അങ്കമാലി സിംഹാസനവും മാർ ജോസഫിന് മറ്റൊരു സിംഹാസനവും നൽകപ്പെട്ടു.

എന്നാൽ ഈ പറഞ്ഞതൊന്നും നടപ്പിലാക്കുന്നതിന് ഈശോ സഭക്കാരും, ഫ്രാൻസിസ്കരും, പോർച്ചുഗീസ് സംഘവും, ഗോവ ആർച്ച് ബിഷപ്പും സമ്മതിച്ചില്ല. തങ്ങളുടെ ജനങ്ങളുടെ ഇടയിൽ ജീവനുവേണ്ടി താമസ്ഥലങ്ങൾ മാറിയും ഒളിവിലുമായും ഈ മെത്രാന്മാർ കാലം കഴിച്ചു. മാർ ജോസഫിനെ 1869 ൽ പാഷണ്ടത ആരോപിച്ച് റോമിലേക്ക് കടത്തി; അവിടെ വെച്ച് അദ്ദേഹം കാലം ചെയ്യുകയാണുണ്ടായത്. അങ്ങനെ മാർ അബ്രഹാം ഏക പൗരസ്ത്യ സുറിയാനി മെത്രാനായി ശേഷിച്ചു. മിഷണറിമാരാലും പോർച്ചുഗീസുകാരാലും വേട്ടയാടപ്പെട്ട അദ്ദേഹം 1597ൽ കാലം ചെയ്തു. അദ്ദേഹം ചുമതലപ്പെടുത്തിയത് അനുസരിച്ച് അന്നത്തെ അർക്കദിയോക്കൻ അങ്കമാലിയുടെ ഭരണ ചുമത ഏറ്റെടുത്തു.

ഈ അവസരത്തിലാണ് ഗോവ ആർച്ച് ബിഷപ്പ് അലക്സിസ് മെനസിസ് കേരളത്തിൽ എത്തുന്നതും ഉദയംപേരൂർ സുനഹദോസ് എന്ന് വിളിക്കപ്പെടുന്ന സമ്മേളനം വിളിച്ചു ചേർക്കപ്പെടുന്നതും.അതിന്റെ ചരിത്രം

**തുടരും....**

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

# പുനരൈക്യ ശതാബ്ദി കർമപദ്ധതി

## (2024 സെപ്തംബർ 20 – 2030 സെപ്തംബർ 20)

**1. വചന വർഷം** (Year of the Word of God) 2024 സെപ്തംബർ 20 മുതൽ 2025 സെപ്തംബർ 19 വരെ വി. ലിഖിതത്തിന്റെ വി. വായനയ്ക്കും (Lectio Divina) വി. ലിഖിതത്തിന്റെ പഠനത്തിനും പ്രാധാന്യംനൽകുന്നു.

**2. കൂദാശാ വർഷം** (Year of Sacraments) 2025 സെപ്തംബർ 20 മുതൽ 2026 സെപ്തംബർ 19 വരെ കൂദാശകൾക്കും ആരാധനാക്രമത്തിനും വിശ്വാസ പഠനത്തിനും പ്രാധാന്യം നൽകുന്നു.

**3. ഉപവി വർഷം** (Year of Charity) 2026 സെപ്തംബർ 20 മുതൽ 2027 സെപ്തംബർ 19 വരെ യേശുവിന്റെ കാരുണ്യ സ്പർശനം എല്ലാ വർക്കും ലഭിക്കുവാൻ ഇടയാവണം എന്നതിന് ഊന്നൽ നൽകുന്നു.


**4. കുടുംബ വർഷം** (Year of Family) 2027 സെപ്തംബർ 20 മുതൽ 2028 സെപ്തംബർ 19 വരെ കുടുംബബന്ധങ്ങൾക്കും കുടുംബത്തിലെ ആധ്യാത്മികതയ്ക്കും കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾക്കും പ്രാധാന്യം നൽകുന്നു.

**5. പ്രേഷിത ദൈവവിളി വർഷം** (Year of Mission) 2028 സെപ്തംബർ 20 മുതൽ 2029 സെപ്തംബർ 19 വരെ പൗരോഹിത്യ സന്യസ്ത ദൈവവിളികൾക്കും പ്രേഷിത ശുശ്രൂഷയ്ക്കും പ്രാധാന്യം നൽകുന്നു.

**6. ബാല യുവജന സമർപ്പണ വർഷം** (Commitment Year of Children and Youth) 2028 സെപ്തംബർ 20 മുതൽ 2029 സെപ്തംബർ 19 വരെ ബാലയുവജന സമർപ്പണ വർഷം എന്നതുകൊണ്ട് സഭയിൽ കുട്ടികൾ സഭാത്മകമായ ആഭിമുഖ്യമുള്ളവരായിവളരുന്നതിനും യുവജന ങ്ങൾ സഭയിൽ നിലവിലുള്ളതും തുടരേണ്ടതുമായ ശുശ്രൂഷകൾക്ക് നേതൃത്വവും കൈത്താങ്ങും നൽകുന്നതിനും സമർപ്പണം വാഗ്ദാനം ചെയ്യുന്ന പദ്ധതികളാണ് ക്രമീകരിക്കുക.

**7. ശതാബ്ദി വർഷം** (Year of Centenary) കൃതജ്ഞതാ വർഷം 2029 സെപ്തംബർ 20 മുതൽ 2030 സെപ്തംബർ 20 വരെ പുനരൈക്യത്തെകുറിച്ചും പുനരൈക്യത്തിന് നേതൃത്വം കൊടുത്ത വ്യക്തികളെ കുറിച്ചും കൂടുതൽ പഠിക്കുന്നതിനും ബോധ്യം നൽകുന്നതിനും കൃതജ്ഞതാ വർഷമായി ആചരിക്കുന്നതിനുമുള്ള വർഷമാണിത്.

www.manivilaku.com







**ഫാ. ജോർജ് തേക്കടയിൽ**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
എക്യുമെനിക്കൽ കമ്മീഷൻ സെക്രട്ടറി
രാഷ്ട്രദീപിക എക്സിക്യൂട്ടിവ് ഡയറക്ടർ


തുടർ ലേഖനം

# ഏഴരപ്പള്ളികൾ

## നസ്രാണി സഭകളുടെ പൊതു പൈതൃകം

### അരപ്പള്ളി എന്ന തിരുവിതാംകോട് പള്ളി

ഏഴു പള്ളികളെ (ക്രൈസ്തവ വിശ്വാസികളുടെ കൂട്ടായ്മ) കൂടാതെ മറ്റൊരു പള്ളി കൂടി മാർ തോമാ ശ്ലീഹാ സ്ഥാപിച്ചതായി പൊതുവെ കരുതപ്പെടുന്നു. ഇന്നത്തെ തമിഴ്നാട് സംസ്ഥാനത്ത് കന്യാകുമാരി ജില്ലയിലുള്ള തിരുവിതാംകോട് എന്ന സ്ഥലത്താണ് ഈ പള്ളി സ്ഥിതി ചെയ്യുന്നത്. ഈ പള്ളിയെ "അരപ്പള്ളി" എന്നാണ് പൊതുവെ പറയപ്പെടുന്നത്. അരചരുടെ പള്ളി അതായത് രാജാവിന്റെ പള്ളി എന്നുള്ള അർത്ഥത്തിൽ "അരചർ പള്ളി " എന്ന പേര് ലോപിച്ച് ലോപിച്ച് അരച പള്ളിയും പിന്നീട് അരപ്പള്ളിയുമായി തീർന്നു.

ഇങ്ങനെ ഈ ദൈവാലയത്തിന് അരപ്പള്ളി എന്ന പേര് ലഭിച്ചതിനെപറ്റി വിവിധ വിവരണങ്ങളും വിശ്വാസികൾക്കിടയിൽ നിലനിൽക്കുന്നു. ക്രിസ്തീയ വിശ്വാസികളായ ഒരു കൂട്ടം ചെട്ടിയാന്മാരെ ശ്ലീഹാ മലങ്കരയിൽ നിന്ന് കൂടെ കൊണ്ട് പോയി തിരുവിതാംകോട് ഒരു പള്ളി സ്ഥാപിച്ചുവെന്നും പറയപ്പെടുന്നുണ്ട്. "തോമയാർ കോവിൽ" എന്ന് കൂടി അറിയപ്പെടുന്ന ഈ പള്ളി ഇപ്പോൾ മലങ്കര ഓർത്തോഡോക്സ് സഭയുടെ കീഴിൽ ആണ്. ഇത് തമിഴ്നാട്ടിലെ ഏറ്റവും പുരാതനമായ ക്രൈസ്തവ ദൈവാലയങ്ങളിൽ ഒന്നാണ്.

മലയാറ്റൂർ, മൈലക്കൊമ്പ്, അരുവിത്തുറ തുടങ്ങിയ സ്ഥലങ്ങളിലെ പള്ളികളും തിരുവിതാംകോട് പള്ളിക്ക് പുറമെ "

അരപ്പള്ളി “ എന്ന പേരിൽ പ്രാദേശികമായി വിളിക്കപ്പെടുന്നുണ്ട്. എന്നാൽ, ഇവയെ സംബന്ധിച്ച് വ്യക്തമായ ചരിത്ര വസ്തുതകളോ, വാമൊഴിയോ, ഐതിഹ്യമോ ഇല്ലാ എന്ന കാര്യം എടുത്ത് പറയേണ്ടതാണ്.

## മലയാറ്റൂർ പൊൻമുടിയും, പൊന്നിൻ കുരിശ് മുത്തപ്പനും

തോമാ ശ്ലീഹായുടെ ശിഷ്യൻ ആയിരുന്ന നിരണത്തുകാരൻ മാളിയേക്കൽ തോമ്മാ എന്ന വൈദികൻ എഴുതിയ ഒരു പുരാതന പാട്ട് (തോമ്മാ പർവ്വം) 1601 ൽ തോമ്മാ എന്ന് പേരുള്ള മറ്റൊരു വൈദികൻ ചുരുക്കി എഴുതിയതിൽ മലയാറ്റൂരിൽ ഉള്ള മാർ തോമാ ശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്തെ കുറിച്ച് പരാമർശമുണ്ട്.

**| മലയാളത്തിന് തിരികെ വരുവാൻ**
**താൻ കരയാത്ര ചെയ്യുമ്പോൾ**
**മാലാഖോമാരുടെ തുണയാലെ**
**മലയാറ്റൂർ താൻ വന്നെത്തി**

**ഇരുമാസങ്ങളവിടങ്ങളിലും**
**മാർഗ്ഗത്തെ താനറിയിച്ചു**
**ഇരുന്നൂറ്റിരുപത് വിശ്വാസികളെ**
**താൻ മാമോദീസ മുക്കി |**

മാർത്തോമ്മ ശ്ലീഹാ മലങ്കരയിലൂടെ ഉള്ള യാത്രയിൽ മലയാറ്റൂരിൽ 2 ആനയുടെ അകമ്പടിയിൽ ഒരു ആനപ്പുറത്തു ശ്ലീഹായും, മറ്റേ ആനപ്പുറത്തു സ്ലീബായും ആളുകളുമായി എത്തിയെന്നും, അവിടെ മലമുകളിൽ പ്രാർത്ഥനയ്ക്കായി പോയിരുന്നുവെന്നുമാണ് പരമ്പരാഗതമായി വിശ്വസിച്ചു പോരുന്നത്. പിൽക്കാലത്തു നായാട്ടുകാർ ശ്ലീഹാ പ്രാർത്ഥിച്ചിരുന്ന മലമുകളിലുള്ള പാറപ്പുറത്ത് അത്ഭുതകരമായി വർണ്ണമുള്ള സ്വർണ്ണ കുരിശും, ശ്ലീഹായുടെ കാൽപാടുകളും കാണുകയും അങ്ങനെ കാലക്രമേണ അവിടെയൊരു പള്ളി ഉണ്ടാവുകയും തീർത്ഥാടകർ ധാരാളമായി എത്തുകയും ചെയ്ത് കൊണ്ടിരുന്നു. തീർത്ഥാടകർ മലയാറ്റൂർമല കയറുമ്പോൾ **|പൊന്നിൻ കുരിശ് മുത്തപ്പോ പൊൻമല കയറ്റം|** എന്നും, മല ഇറങ്ങുമ്പോൾ “ **പൊന്നിൻ കുരിശ് മുത്തപ്പോ പൊൻമല ഇറക്കം |** എന്നും ഉറക്കെ പാട്ടായി ആലപിയ്ക്കുകയോ ചൊല്ലാക്കയോ ചെയ്യുന്ന പതിവുണ്ട്. ഈ മലയുടെ മുകളിൽ ഉള്ള തീർത്ഥാന കേന്ദ്രവും താഴെ പെരിയാർ തീരത്തുള്ള പള്ളിയും സിറോ മലബാർ സഭയുടെ എറണാകുളം അങ്കമാലി അതിഭദ്രാസനത്തിന്റെ കീഴിൽ ഉൾപ്പെടുന്നു. ഈ ആധുനിക കാലത്തും ഏറ്റവുമധികം മാർ തോമാ ശ്ലീഹായുടെ നാമത്തിൽ ജനസാഗരം ഏറ്റവും അധികം എത്തികൊണ്ടിരിക്കുന്നതും, വർഷത്തിൽ 365 ദിവസവും ആളുകൾക്ക് മല കയറാൻ സാധിക്കുന്നതും, വലിയ നോമ്പ് മുതൽ പുതുഞായർ കഴിഞ്ഞുള്ള ഞായർ (എട്ടാമിടം) വരെയും പ്രേത്യേകിച്ചു തിരക്ക് അസാധ്യമായി കാണാൻ സാധിക്കുന്നതുമായ ഇന്ത്യയിലെ തന്നെ വലിയ മാർ തോമാ കേന്ദ്രമായി ഇത് അറിയപ്പെടുന്നു.

## മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വവും, മൈലാപ്പൂരുള്ള കബറിടവും

മാർത്തോമ്മാ ശ്ലീഹായുടെ അന്ത്യകാലം, പീഡാനുഭവങ്ങൾ, രക്തസാക്ഷിത്വം, കബറടക്കം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട സ്ഥലങ്ങളാണ് മദ്രാസിലുള്ള പെരിയമല, ചിന്നമല, മൈലാപ്പൂർ തുടങ്ങിയ പ്രദേശങ്ങൾ. മലയാളക്കരയിൽ സുവിശേഷ ദൗത്യം പൂർത്തിയാക്കിയതിന് ശേഷം അപ്പോസ്തോലൻ ചോഴമണ്ഡലത്തിലേക്ക് ( തമിഴ്നാട് ) യാത്രയായെന്നും,

മദ്രാസ് പട്ടണത്തിന് സമീപമുള്ള മൈലാപ്പൂരിൽ തന്റെ പ്രവർത്തന കേന്ദ്രമാക്കിയെന്നും പറയപ്പെടുന്നു. ശ്ലീഹായുടെ രക്തസാക്ഷിത്വം സംബന്ധിച്ച് പല അഭിപ്രായങ്ങളുമുണ്ട്. മൈലാപ്പൂരുള്ള ചിന്നമലയിൽ ശ്ലീഹാ പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തെ ശത്രുക്കൾ അമ്പെയ്തുവെന്നും, അതല്ല കുന്തത്താൽ കുത്തി മുറിവേല്പിച്ചുവെന്നും, കുത്ത് കൊണ്ട ശ്ലീഹാ
പെരിയമലയിൽ വെച്ച് രക്തസാക്ഷിത്വം വരിച്ചുവെന്നും പറഞ്ഞു പോരുന്നു. ജൂലായ് മാസം 3 ആം തിയ്യതി ആണ് ശ്ലീഹാ രക്തസാക്ഷിത്വം വരിച്ചതെന്ന്
പൊതുവായി വിശ്വസിച്ചു പോരുന്നു. ഇതേ ദിനം മാർത്തോമ്മാ നസ്രാണികൾ തങ്ങളുടെ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മ ആഘോഷകരമായി കൊണ്ടാടുന്നു. പുരാതന കാലം മുന്നേ തന്നെ മൈലാപ്പൂർ ഒരു പ്രധാന വാണിജ്യ കേന്ദ്രമായിരുന്നു. തോമാ ശ്ലീഹായുടെ പ്രേഷിത പ്രവർത്തനം വഴി വളരെയേറെ ആളുകൾ ക്രിസ്തീയ മാർഗ്ഗത്തിലേക്ക് വരുകയും, അനേകം ക്രൈസ്തവർ താമസിച്ച ഒരു ക്രൈസ്തവ കേന്ദ്രമായി അത് മാറുകയും ചെയ്തു. മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വം നടന്ന സ്ഥലമെന്ന നിലയിലും, അദ്ദേഹത്തെ കബറടക്കിയ സ്ഥലമെന്ന നിലയിലും മാർത്തോമ്മാ നസ്രാണികളുടെ ഏറ്റവും പ്രധാനതീർത്ഥാടന കേന്ദ്രമായി മൈലാപ്പൂർ മാറി. പുരാതന കാലം മുതൽ ഇന്ത്യയിൽ നിന്നും വിദേശങ്ങളിൽ നിന്നും അനേകം പേർ മൈലാപ്പൂരിൽ തങ്ങളുടെ ശ്ലീഹാ രക്തസാക്ഷിത്വ മരണം വരിച്ച ഇടത്തേക്ക് ഒഴുകി കൊണ്ടിരുന്നതായി ചരിത്രവും സാക്ഷിക്കുന്നു. പോർച്ചുഗീസ് മിഷണറിമാരുടെ ആഗമനത്തോടെ ഈ പ്രദേശം ലത്തീൻ സഭയുടെ നിയന്ത്രണത്തിലായി. ശ്ലീഹായെ കബറടക്കിയ സ്ഥലത്ത് ഇന്ന് ലത്തീൻ സഭയുടെ മദ്രാസ് മൈലാപ്പൂർ അതിരൂപതയുടെ ആസ്ഥാന ദൈവാലയമായ സെന്റ്. തോമസ് ബസലിക്ക സ്ഥിതി ചെയ്യുന്നു.

## ഏഴര പള്ളികളും മാർത്തോമ്മാ നസ്രാണി സാമുദായിക ഐക്യവും.

സാമുദായിക ഐക്യം എന്ന വാക്കു കൊണ്ട് ഇവിടെ വിവക്ഷിക്കുന്നത് ഏതെങ്കിലും ജാതിയുടെയോ വംശത്തിന്റെയോ വർഗ്ഗത്തിന്റെയോ അടിസ്ഥാനത്തിലുള്ള ധ്രുവീകരണമല്ല മറിച്ച്, മാർത്തോമ്മാ ശ്ലീഹായുടെ അപ്പോസ്തോലിക പൈതൃകം സ്വീകരിച്ച സഭകളുടെ കൂട്ടായ്മ എന്ന് മാത്രമേ അർത്ഥമാക്കേണ്ടതുള്ളൂ. സാമുദായിക ഐക്യവും സഭകളുടെ ഐക്യവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലും, തമ്മിൽ വ്യത്യാസമുണ്ട്. സഭകളുടെ ഐക്യം കുറെകൂടെ ദൈവശാസ്ത്രപരവും വിശ്വാസസംബന്ധിയും, കൂദാശകളും ഹയരാർക്കിയും മറ്റുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്.

മാർത്തോമ്മാ നസ്രാണി സമുദായം എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്, മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്താൽ രൂപപ്പെട്ട വിവിധ സമൂഹങ്ങളിലെ പിന്മുറക്കാരുടെ കൂട്ടായ്മ എന്നതാണ്. അവർ പല സഭ കൂട്ടായ്മകളിലുള്ളവരാണ്. കത്തോലിക്കാ സഭ കൂട്ടായ്മയിലും ( ലത്തീൻ, സിറോ മലബാർ, സിറോ മലങ്കര ) യാക്കോബായ, ഓർത്തോഡോക്സ്, മാർത്തോമ്മാ, തൊഴിയൂർ, ക്നാനായ, കൽദായ സഭകളും, പ്രൊട്ടസ്റ്റന്റ് കൂട്ടായ്മകളിലും ഉള്ള ആളുകൾ ഉണ്ട്. പെന്തകോസ്ത് സമൂഹങ്ങളിലും മാർത്തോമ്മാ പൈതൃകം പേറുന്ന ധാരാളമാളുകളുണ്ട്.

തുടരും...

മദ്റോശോ

**2024 ജൂൺ 23**
പെന്തിക്കോസ്തിക്കു ശേഷം 5ാം ഞായർ.

ദൈവവിളി എന്ന പദം നമുക്ക് സുപരിചിതമാണെങ്കിലും അതിന്റെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണ ഉള്ളവർ വിരളമാണ്. ദൈവികനാകാനോ സന്യാസിയാകാനോ വേണ്ടിയാണ് ദൈവം വിളിക്കു ന്നത് എന്നൊരു തെറ്റായ ധാരണ സമൂഹത്തിലും സഭയിലും പ്രചാരം നേടിയിട്ടുണ്ട്. വെറും പൂഴിയിലേക്ക് കൈനീട്ടി മനുഷ്യനേ രൂപപ്പെടുത്തിയതാണ് ദൈവവിളി. എന്തിനാണ് ദൈവം എനിക്ക് രൂപം നൽകിയതെന്ന് തിരിച്ചറിയുന്നതാണ്



ദൈവവിളി. മനുഷ്യനായി തീർന്ന ദൈവപു ത്രന് തന്റെ മനുഷ്യ ജീവിതം കൊണ്ട് നേടിയെടുക്കേണ്ടതെന്താ ണെന്ന് വ്യക്തമായ ധാരണയു ണ്ടായിരുന്നു. ദൈവരാജ്യം ഈ ഭൂമിയിൽ, മനുഷ്യമനസുകളിൽ വര ണം. ദൈവത്താൽ ഭരിക്കപ്പെടുന്ന മനസ്സുള്ളവരാകണം മാന വരെല്ലാം അങ്ങനെ പ്രാർത്ഥിക്കാനാ ണല്ലോ ഈശോ പഠിപ്പിച്ചത്. "അങ്ങയുടെ തിരുവിഷം സ്വർഗ്ഗ ത്തിലേപ്പോലെ ഭൂമിയിലും ആക ണം". നമ്മുടെ പ്രാർത്ഥന ആത്മാ ർത്ഥമാണെങ്കിൽ അത് നടപ്പിലാ കാൻ എന്തൊക്കെയാണോ വേണ്ട ത് അതെല്ലാം ചെയ്യാൻ ഞാൻ തയ്യാറാകുമല്ലോ. "മറ്റു പട്ടണങ്ങ ളിലും ഞാൻ ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കേണ്ടിയി രിക്കുന്നു. അതിനുവേണ്ടിയാണ് ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്". (ലൂക്കാ. 4/43) ഈ ഉറച്ച ബോധ്യ മാണ് ദൈവവിളി. ഞാൻ ജനിച്ച തെവിടെയാണെങ്കിലും എന്റെ ജോലി എന്താണെങ്കിലും എന്റെ ജീവിതാന്തസ് എന്തുതന്നെ ആയിരുന്നാലും അവിടെയെല്ലാം ദൈവ രാജ്യം സൃഷ്ടിക്കാനാണ് ദൈവം എന്നെ ആക്കിയിരിക്കുന്നത്. ഇതു പറയുമ്പോൾ, അത് ദൈവത്തെ ഏതെ

കിലും വിധത്തിൽ വലുതാക്കാനോ ഗുണപ്പെടുത്താനോ ആണെന്ന് ഒരു ധ്വനി ഉണ്ടാകാം. എന്നാൽ വാസ്തവം അതല്ല. മനുഷ്യന് നന്മയും ശ്രേഷ്ഠതയും നിത്യ സന്തോഷവും പ്രദാനം ചെയ്യാനുള്ള ഒരേ ഒരു വഴി അതാണ്. മറ്റു മാർഗ്ഗങ്ങളെല്ലാം തകർച്ചയിലേക്കും താഴ്ചയിലേക്കും തള്ളി ഇടുന്നതാണ്.

ഈ ആധുനിക കാലത്ത് ക്രിസ്തീയ സമൂഹത്തിലോ സഭയിലോ അംഗത്വം ലഭിക്കുക അത്ര ക്ലേശകരമല്ല. വെറുതെ പേര് എഴുതിച്ചേർത്താൽ മതി. നിബന്ധന കളൊന്നും പാലിക്കേണ്ട കാര്യമില്ല. സ്കൂളിൽ പഠിക്കുന്ന കുട്ടികളെപ്പോലെ, രജിസ്റ്ററിൽ പേരുണ്ടായാൽ മതി. ചോദ്യ പേപ്പറിലെ ചോദ്യമോ, അതിന്റെ നമ്പരോ കുറിച്ചുവച്ചാൽ പോലും പരീക്ഷയിൽ ജയിച്ച സർട്ടിഫിക്കറ്റു കിട്ടും. അപ്പോൾ സ്ഥിരമായി ക്ലാസിൽ ഇരിക്കാനോ, പാഠങ്ങൾ പഠിക്കാനോ ആരാകഷ്ട്ടപ്പെടുക?

ഏതു കള്ളുകുടിയനും കള്ളക്കച്ചവടക്കാരനും കല്പനകളെല്ലാം സ്ഥിരമായി ലംഘിക്കുന്നവനും ക്രിസ്തുവിന്റെ പേരിൽ കപട വേഷം കെട്ടി ആത്മ സംതൃപ്തിയോടെ കഴിയുന്ന കാഴ്ച അത അപൂർവ്വമൊന്നുമല്ലല്ലോ. അദ്ധ്യാത്മീയ മേഖലയിൽ ഇത്ര ഉദാസീനമായ ഒരു അവസ്ഥ കടന്നുകൂടാൻ കാരണമെന്താണെന്ന് അന്വേഷിക്കുന്നവർക്ക് ലഭിക്കുന്ന ഉത്തരം, മനുഷ്യർ ഭൗതീക നേട്ടങ്ങൾക്കായി ദാഹിക്കുന്നതു പോലെ ദൈവരാജ്യത്തിനു വേണ്ടി കൊതിക്കുന്നില്ല എന്നതു തന്നെയാണ്. മനുഷ്യമനസ്സുകളിൽ ദൈവരാജ്യത്തിന്റെ സ്ഥാനം ആയിരത്തിൽ ഒന്നാമത്തേതോ അതിൽ താഴെയോ ആണ്. **നിങ്ങൾ ആദ്യം അവിടുത്തേ രാജ്യവും അവിടുത്തേ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും (മത്താ. 6/33) |മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ; നീ പോയി ദൈവരാജ്യം പ്രസംഗിക്കുക| (ലൂക്കാ. 9/60).** ദൈവരാജ്യത്തിന് പ്രഥമ സ്ഥാനം നൽകുന്നവർ മാത്രമാണ് യഥാർത്ഥ ക്രിസ്തു ശിഷ്യർ. അപ്രകാരമുള്ളവരുടെ വാക്കും പ്രവർത്തികളും ഉടപ്പും നടപ്പു മെല്ലാം ദൈവഹിതത്തിനൊത്തവി ധമായിരിക്കും. എപ്രകാരം യേശു തന്റെ സ്വർഗ്ഗസ്ഥനായ പിതാവിനെ അനുസരിക്കുകയും ആദരിക്കുകയും ചെയ്തുവോ അപ്രകാരം തന്നെ ക്രിസ്തുശിഷ്യനും പരിശുദ്ധത്രിത്വത്തെ അറിഞ്ഞും അനുസരിച്ചും ജീവിക്കുമ്പോഴേ മറ്റുള്ളവരും ദൈവരാജ്യത്തിലേക്ക് ആകർഷിക്കപ്പെടുകയുള്ളൂ.

**|നീ എവിടെപ്പോയാലും ഞാൻ നിന്നെ അനുഗമിക്കും| (ലൂ ക്കാ. 9/57)** എന്ന് ശപഥം ചെയ്ത വന്റെ കാര്യം പിന്നീട് ആരും പരാമർശിക്കാത്തതിൽനിന്നും അയാൾ തന്റെ ആരംഭശൂരത്വം കൈവെടിഞ്ഞ് ഭഗ്നാശനായി മടങ്ങിപ്പോയി എന്നു വേണം കരുതാൻ. ഒരിക്കൽ പ്രധാന ശിഷ്യ പത്രോസ് പറഞ്ഞു "കർത്താവേ നിന്റെ കൂടെ കാരാ ഗ്രഹത്തിലേക്ക് പോകാനും മരിക്കാൻ തന്നെയും ഞാൻ തയ്യാറാണ്" (ലൂക്കാ. 22/23). ഈശോ പറഞ്ഞു; "പത്രോസേ ഞാൻ നിന്നോടു പറയുന്നു, നീ എന്നെ അറിയുകയില്ല എന്ന് മൂന്നു പ്രാവശ്യം നിഷേധിച്ചു പറയുന്നതിനു മുൻപ് ഇന്ന് കോഴികൂകുകയില്ല". (ലൂക്കാ. 22/24)

സുഖവും സൗകര്യവും സമാധാനവും സന്തോഷവും സുരക്ഷിതത്വവും തേടിയാണ് അധികം പേരും ഭക്തിമാർഗ്ഗം തേടുന്നത്. തങ്ങളുടെ പ്രതീക്ഷക്ക് ഏതെകിലും തരത്തിൽ ഭംഗം വന്നാൽ അങ്ങനെയുള്ളവർ നിരാശരും വിമർശകരും ദൈവ

നി ഷേധികളു മായിത്തീരും. കരുണാമയനായ ദൈവം തന്റെ അനുഗ്രഹങ്ങൾ ആർക്കും നിഷേധിച്ചിട്ടില്ല. അവിടുന്ന് ശിഷ്യരുടെയും ദുഷ്ടരു ടെയും മേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹിതരുടേയുംമേൽ മഴ പെയ്യിക്കുകയും ചെയ്യുന്നു (മത്താ. 5/45). എന്തെങ്കിലും താൽക്കാലിക പ്രലോഭനങ്ങൾ നൽകി ആളെ പാട്ടിലാക്കുന്ന രീതി പിശാചിന്റേതാണ്. ഈശോ ആർക്കും ഭൗതീക നേട്ടങ്ങൾ വാഗ്ദാനം നൽകിയി ട്ടില്ല. **|എന്നെ അനുഗമി ക്കാൻ ആഗ്രഹിക്കുന്നവൻ തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ|** എന്ന് ഈശോ അരുളി ച്ചെയ്യുന്നു (ലൂക്കാ. 9/23) ഇപ്ര കാരം കാര്യങ്ങ ൾ വെട്ടിത്തുറന്നുപറഞ്ഞാൽ ആരാണ് ഈശോയേ അനുഗമിക്കുവാൻ മുന്നോട്ടുവരിക എന്നൊരു സംശയം സ്വഭാവികമത്രേ. പക്ഷേ നാം ഓർക്കണം മനുഷ്യപ്രകൃതി വെല്ലുവിളികളെ ഇഷ്ട്ടപ്പെടുന്നതാണ്. ഒളിമ്പി ക്സിലും ഗിന്നസ് ബുക്കിലും ലിംകാ ബുക്കിലും മറ്റും പേരുവ രാൻ എത്ര കഠിനമായ വേലക ളിലും ഏർപ്പെടാൻ നാം മടിക്കാറില്ലല്ലോ. വെറും വിനോദത്തിനും വ്യായാമത്തിനും വേണ്ടി നാം രൂപം കൊടുത്തിരിക്കുന്ന കളികൾക്കുമില്ലേ യുദ്ധ സമാനമായരംഗങ്ങൾ വാസ്തവത്തിൽ ദൈവ രാജ്യം സ്ഥാപിക്കുന്നതിലും നിത്യ ജീവൻ പ്രാപിക്കുന്നതിലും അന്തർഭവിച്ചിരിക്കുന്ന വെല്ലുവിളി യുടെ മഹത്വ വും പ്രയോജനവും അനുഭവിച്ചറിയാൻ അവസരം ലഭിക്കാത്തവരാണ് പ്രയോജനരഹിതമായ ജീവിത സമരങ്ങളിൽ ആയുസ് പാഴാക്കുന്നത്.

**|കലപ്പയിൽ കൈവച്ചിട്ട് പിന്തിരിഞ്ഞുനോക്കുന്ന ഒരുവനും സ്വർഗ്ഗരാജ്യത്തിന് യോഗ്യനല്ല| (ലൂക്കാ. 9/62)**. ശോഭനമായ ഒരു ഭാവിക്കുവേണ്ടി വിളഇറക്കാൻ തീരുമാനിച്ച് വർത്തമാന കാലത്തേ താല്ക്കാലികമായ സുഖസൗകര്യങ്ങൾ വേണ്ട എന്നുവച്ചിട്ടാണല്ലോ ഏതൊരു കർഷകനും വിദ്യാർത്ഥിയും അതുപോലെ കഠിനാദ്ധ്വാനത്തിൽ ഏർപ്പെടുന്ന തൊഴിലാളികളും എല്ലാം അവരവരുടെ കർമ്മരംഗത്ത് ഉറച്ചുനിൽക്കുന്നത്. നവവധുവിനെയും മാതാപിതാക്കളെയും ജനിച്ചുവളർന്ന നാടിനെയും വിട്ട് അതിർത്തികാക്കാൻ പോകുന്ന പടയാളിക്ക് ജീവിതം തന്നെ ഒരു വേദനയല്ലേ. വീട്ടിൽ നിന്നു പോകുമ്പോഴുണ്ടാകുന്ന വിരഹവേദനയും യുദ്ധരംഗത്തെ സഹനവും ഏത്രയെന്നളക്കാൻ ആർക്കുകഴിയും. എങ്കിലും അവരാരും പിന്തിരിഞ്ഞുനോക്കാനോ പിൻവാങ്ങുവാനോ തയ്യാറാകുന്നില്ല. ഞാൻ ദൈവവിളി കേട്ട് സ്വർഗ്ഗ രാജ്യത്തിന്റെ സേവകരായി ത്തീർന്നാൽ എന്റെ മാതാപിതാക്കളുടെയും ഭാര്യ മക്കളുടെയും കാര്യം കഷ്ടത്തിലാകുമെന്നു കരുതുന്നവൻ ദൈവ വിശ്വാസമുള്ളവനല്ല. കാരണം അനുനിമിഷം നാം ഈ നല്ല ദൈവത്തിൻറെ കരുണയിലും കരുതലിലുമാണല്ലോ ജീവിക്കുന്നത്.

**2024 ജൂൺ 30**

## പെന്തിക്കോസ്തിക്കുശേഷം 6ാം ഞായർ


ഇടയൻ നല്ല ഇടയൻ വഴിതെറ്റിപ്പോയ ആടിന്റെയും അതിനെ തേടിപ്പിടിക്കുന്ന ഇടയന്റെയും ഉപമ മത്തായി (18/1014)യുടെ സുവിശേഷത്തിലും വിവരിച്ചിട്ടുണ്ട്. നഷ്ടപ്പെട്ടത് ഒരു ആടിനെയാണെങ്കിലും കണ്ടുകിട്ടുന്നത് ആടിനെ മാത്രമല്ല നല്ല ഒരു ഇടയനെതന്നെയാണ്. ഇക്കാര്യം യോഹന്നാന്റെ സുവിശേഷം (10/118) വായിച്ചാൽ നമുക്ക് വ്യക്തമാകും. ഇസ്രായേൽ ജനതയുടെ കുലതൊഴിൽ ആടുമേയ്ക്കൽ ആയിരുന്നതിനാൽ അവരുടെ ഇടയിൽ ഇടയന്റെ സ്ഥാനം വളരെ വലുതായിരുന്നു. യഹോവയായ ദൈവത്തെപ്പോലും ഇടയനായി സങ്കല്പിക്കാനാണവർ ഇഷ്ടപ്പെട്ടിരുന്നത് (സങ്കീ. 23) ലോകം കണ്ട എല്ലാ ഇടയന്മാരുടെയും

നന്മകൾ ഒന്നിച്ചു ചേർത്താലും ക്രിസ്തുവിനെപ്പോലൊരു നല്ല ഇടയന്റെ ഗമ വരികയില്ല. സ്നാപക യോഹന്നാൻ യേശുവിൽ കണ്ടത് ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനേയാണെങ്കിൽ, സുവിശേഷകനായ യോഹന്നാൻ യേശുവിൽ കണ്ടത് നല്ലിടയനായ ദൈവത്തെ തന്നെയാണ്. നഷ്ടപ്പെട്ട ആടിനെ തേടിയിറങ്ങിയ ആ നല്ല ഇടയൻ, പാപിയായിരുന്നിട്ടും എന്നേയും ഇപ്പോഴും തേടി കൊണ്ടിരിക്കുകയാണ് എന്നുള്ളതാണ് സുവിശേഷം. നഷ്ടപ്പെട്ടതിനെ കണ്ടെത്തുന്നതുവരെ വേദനയോടെ അന്വേഷിക്കുന്ന മനസിനു മാത്രമേ നഷ്ടപ്പെട്ടതു കണ്ടെത്തുമ്പോൾ ആഹ്ലാദിക്കാൻ കഴിയൂ. ഈ സത്യമല്ലേ നോവൽ സാഹിത്യത്തിൽ ആവർത്തിച്ചാവർത്തിച്ച് ആവിഷ്ക്കരിക്കപ്പെടുന്നത്. യേശു പഠിപ്പിച്ച ഈ ചെറിയ ഉപമ അവധാനതയോടെ പരിശോധിച്ചാൽ മനുഷ്യ ജീവിതം



ദുരിതപൂർണ്ണമാകുന്നതിന്റെ കാരണം മാത്രമല്ല അതിനെ ആഹ്ലാദകരമാക്കുന്നതിന്റെ സൂത്രവാക്യവും കണ്ടെത്താൻ നമുക്കു കഴിയും.

രോഗികളായി ഡോക്ടർമാരെ സമീപിക്കുന്നവരിൽ വെറും 10% പേർക്കു മാത്രമേ ഔഷധ ചികിത്സ കൊണ്ട് സൗഖ്യമാകുന്ന തരത്തിലുള്ള രോഗങ്ങളുള്ളൂ എന്നാണ് കണ്ടെത്തിയിരിക്കുന്നത്. അപ്പോൾ ബാക്കി 90% വരുന്ന ബഹുഭൂരിപക്ഷം രോഗികൾക്കും ഉണ്ടാകുന്ന രോഗ കാരണം മാനസികമാണ്. മനസ്സിനുണ്ടാകുന്ന തകരാറ് ശരീരത്തിൽ പ്രത്യക്ഷപ്പെടുന്നു എന്നേയുള്ളു. ഇതിനെ സൈക്കോസോമാറ്റിക്ക് രോഗങ്ങൾ എന്നു വിളിക്കുന്നു. മനസിന്റെ ആരോഗ്യം വീണ്ടെടുത്തു കഴിയുമ്പോൾ ശരീരം സൗഖ്യമാകുകയും ചെയ്യും. ധ്യാനകേന്ദ്രങ്ങളിലും മറ്റും സംഭവിക്കുന്ന അത്ഭുത രോഗശാന്തിയുടെ രഹസ്യവും ഇതു തന്നെയാണ്. മനസിനെ കേടാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം. കോപം, ശമിക്കാത്ത ശത്രുത, വിരുദ്ധചിന്തകൾ (ിലഴമശേ്ല മേശേൗറല) നിഷേധാത്മക മനോഭാവം, പ്രതികാര ചിന്ത, അസൂയ തുടങ്ങിയവയെല്ലാം ആത്മാവിനെ മലിനമാക്കുന്നതും ശരീരത്തെ രോഗാതുരമാക്കുന്നതുമാണ്. ഇവിടെയാണ് നല്ലിടയൻ നമ്മുടെ രക്ഷകനായി വരുന്നത്. വഴിപിഴച്ചുപോയ ആടിനോട് ഇടയന് സ്നേഹവും, സഹതാപവും, ദയയും കരുണയും, സഹായ സന്നദ്ധതയുമേയുള്ളു. കുറ്റം കണ്ടെത്താനോ, പരിഹസിക്കാനോ, കോപിക്കാനോ, ശിക്ഷിക്കാനോ അല്ല, രക്ഷിക്കാനും തോളിലേറ്റി ഓമനിക്കാനും ആഹ്ലാദം പ്രകടിപ്പിക്കാനുമാണ് നല്ലിടയൻ ശ്രദ്ധവയ്ക്കുന്നത്. നേരായ പാതയിൽ നിന്ന് വ്യതിചലിച്ച് പോകുന്ന മക്കളോ, മരുമക്കളോ, ജീവിതപങ്കാളിയോ. അയൽക്കാരോ, സ്നേഹിതരോ ആരു തന്നെയായാലും അവർ ഇപ്പോൾ തന്നെ നഷ്ടവും കഷ്ടപ്പാടും ശിക്ഷയും അനുഭവിക്കുന്നവരാകയാൽ അവരോട് കരുണയും സഹാനുഭൂതിയും സഹായ സന്നദ്ധതയും മാത്രമേ പാടുള്ളു.



അതുവഴി അവരുടെയും നമ്മുടെയും മനസ്സിന് ശാന്തിയും ശരീരത്തിന് സൗഖ്യവും കൈവരും. നമ്മുടെ ശരീരം മുറിപ്പെടാതിരി ക്കാൻ നാം ശ്രദ്ധാലുക്കളായിരിക്കുന്നതുപോലെ നമ്മുടെ മനസും ആത്മാവും അരോഗ്യദൃഢമായിരിക്കാൻ ശ്രദ്ധിക്കണം. മറ്റുള്ളവരുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പൊട്ടിപ്പൊടിഞ്ഞു പോകാൻ സാദ്ധ്യതയുള്ള ചില്ലു പാത്രങ്ങൾപോലെ സൂക്ഷ്മതയും ശ്രദ്ധയും പുലർത്താനും നാം ശ്രദ്ധിക്കണം. അബദ്ധത്തിൽ കുഴൽ കിണറിലേക്കു വീണുപോയ പെൺകുഞ്ഞിനെ രക്ഷിക്കാൻ സർവ്വസന്നാഹവും പ്രയോജനപ്പെടുത്തുന്നവർ തന്നെ പെൺഭ്രൂണഹത്യ നടത്തുന്നത് എത്ര ലാഘവത്തോടെയാണെന്ന് ഓർക്കുക.

**|മാത്സര്യമോ വ്യർത്ഥാഭിമാനമോ മൂലം നിങ്ങൾ ഒന്നും ചെയ്യരുത്. മറിച്ച്, ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായി കരുതണം.| (ഫിലി. 2/3)** നഷ്ടപ്പെട്ട ഒരാട് മറ്റ് തൊണ്ണൂറ്റി ഒൻപതിനേക്കാൾ വിലപ്പെട്ടതായി കരുതി അന്വേഷിച്ചിറങ്ങി വന്ന ദൈവപുത്രന്റെ മനോഭാവത്തോടെ നാം നമ്മുടെ ജീവിത പങ്കാളികളെയും കുഞ്ഞുങ്ങളെയും പരിഗണിച്ചിരുന്നെങ്കിൽ വിവാഹമോചനമോ, വീടുവിട്ടോടിപ്പോകുന്ന കുഞ്ഞുങ്ങളോ, പരസ്പരം പകപോക്കുന്ന സഹോദരങ്ങളോ കഥകളിൽ പോലും കാണുമായിരുന്നില്ല. നല്ലിടയന്റെ മാതൃക പൂർണ്ണമായി ജീവിതത്തിൽ പകർത്താൻ കഴിയുമോ എന്ന് നാം നമ്മുടെ ജീവിതത്തിൽ പരീക്ഷിച്ചു നോക്കണം.

# ഓർമ്മയിൽ

## ശ്രേഷ്ഠാചാര്യന്മാർ

## ܕܘܟܪܢܐ ܕܐܒܗܬܐ



**പുണ്യശ്ലോകനായ അഭിവന്ദ്യ ആബൂൻ യാക്കോബ് മോർ തേയോഫിലോസ് തിരുമേനിയുടെ ദുക്റോനോ പെരുന്നാൾ**

**ജൂൺ 27**

**മലങ്കരയിൽ സമാധാനം ഉണ്ടാക്കാൻ അക്ഷീണം പരിശ്രമിച്ചവനും പുനരൈക്യ സഹശില്പിയും തിരുവല്ല അതിഭദ്രാസനത്തിന്റെ പ്രഥമ ഇടയനും ആയ**

# പുണ്യശ്ലോകൻ യാക്കോബ് മോർ തെയോഫിലോസ് തിരുമേനിയുടെ അറുപത്തി എട്ടാമത് ഓർമ്മപ്പെരുന്നാൾ

തിരുവല്ല അതിഭദ്രാസനത്തിന്റെ അടിസ്ഥാന ശിലയാകുവാൻ ദൈവം പ്രത്യേകം തിരഞ്ഞെടുത്ത് നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ പുണ്യശ്ലോകനായ ആബൂൻ യാക്കോബ് മോർ തെയോഫിലോസ് മെത്രാപ്പോലീത്ത. ബഥനിയുടെ ഗുരുവച്ചനായും എപ്പിസ്ക്കോപ്പയായും, പുനരൈക്യ പ്രസ്ഥാനത്തിന്റെ സഹശില്പിയായും, തിരുവല്ല ഭദ്രാസനത്തിന്റെ പ്രഥമ ഇടയനായുമുള്ള വന്ദ്യ തിരുമേനിയുടെ സ്തുത്യർഹമായ ശുശ്രൂഷകളും സമർപ്പണവും ശ്രദ്ധേയമാണ്. മോശക്ക് അഹറോനെപ്പോലെ ദൈവദാസൻ മാർ ഇവാനിയോസ് തിരുമേനിയോട് ചേർന്ന് നിന്ന് നവോഥാന പ്രവർത്തനങ്ങളിലും ബഥനി ആശ്രമ പ്രസ്ഥാനത്തെയും തുടർന്ന് മലങ്കര പുനരൈക്യ പ്രസ്ഥാനത്തെയും മലങ്കര സുറിയാനി കത്തോലിക്കാ സഭയെയും വളർത്തുവാൻ അഭിവന്ദ്യ പിതാവ് ഏറ്റെടുത്ത ത്യാഗം വിലമതിക്കാനാവാത്തതാണ്.

ജീവിച്ചിരിക്കുമ്പോൾ തന്നെ "മാലാഖക്കടുത്ത മനുഷ്യൻ" എന്ന് സർവ്വരാലും പ്രകീർത്തിക്കപ്പെട്ട വന്ദ്യ താതന്റെ കണ്ണീരിൽ കുതിർന്ന പ്രാർത്ഥനക്ക് സ്വർഗം നൽകിയ ഉത്തരമായി ഇന്ന് മലങ്കര സഭയിലും വിശിഷ്യാ തിരുവല്ല അതിഭദ്രാസനത്തിലും കാണുന്ന ആത്മീയ ഭൗതിക തലങ്ങളിലുള്ള ഉന്നതിയെയും നമുക്ക് മനസ്സിലാക്കാം. മാനുഷിക ദൃഷ്ടിയിൽ അപ്രധാനമെന്നു തോന്നാവുന്ന ചുരുങ്ങിയ കാലത്തെ തന്റെ ഇടയശുശ്രൂഷയിൽ ബാലാരിഷ്ടതകളിൽ ആയിരുന്ന ഭദ്രാസനത്തെ വളർത്താൻ അദ്ദേഹം വിഭാവനം ചെയ്ത കാര്യങ്ങൾ അത്ഭുതാദരവോടെ മാത്രമേ ഇന്നത്തെ തലമുറയ്ക്ക് മനസിലാക്കുവാൻ കഴിയൂ. മലങ്കര സഭയിലെ തന്നെ ആദ്യത്തെ സെമിനാരി തിരുവല്ലായിൽ സ്ഥാപിച്ചതും, ബലിഷ്ഠമായി ഇന്നും നിലനിൽക്കുന്ന തിരുവല്ലായിലെ പുരാതന പള്ളികൾ നിർമ്മിച്ചതുമെല്ലാം ചുരുങ്ങിയ ഈ കാലയളവിലാണെന്നതും ശ്രദ്ധേയമാണ്. തിരുമേനിയുടെ മനോഹരമായ ആരാധനയും ഗീതങ്ങളും ശ്രവിക്കുവാനായി അടുത്തുള്ള ബ്രാഹ്മണ കുടുംബങ്ങളിലുള്ളവർ പോലും പള്ളിക്കടുത്ത് വന്ന് നിൽക്കുമായിരുന്നു. അത്രയ്ക്ക് മനോഹരമായിരുന്നു തിരുമേനിയുടെ ശുശ്രൂഷകൾ. ഇന്ന് നാനാജാതി മതസ്ഥർക്ക് ആശ്രയമായ പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ സ്ഥാനത്തായിരുന്നു തിരുമേനിയുടെ സ്വകാര്യപ്രാർത്ഥനായിടം, ചെറുപുഷ്പഗിരി അരമന. മോർ തെയൊഫിലോസ് തിരുമേനി താമസിച്ചിരുന്നിടത്താണ് ഇപ്പൊഴത്തെ സെന്റ് ജോൺസ് അതിഭദ്രാസന കത്തീഡ്രൽ പള്ളി നിർമ്മിച്ചിരിക്കുന്നത്.

മഹത്തായ ശുശ്രൂഷാ ജീവിതം വഴിയായി വലിയൊരു ആദ്ധ്യാത്മിക അടിത്തറ തിരുവല്ല ഭദ്രാസനത്തിൽ പണിതുയർത്തിയ പുണ്യ സ്മരണാർഹനായ അഭിവന്ദ്യ യാക്കോബ് മോർ തെയൊഫിലോസ് മെത്രാപ്പോലീത്ത 1956 ജൂൺ 27ആം തീയതി കാലം ചെയ്തു.

# ഓർമ്മയിൽ ശ്രേഷ്ഠാചാര്യന്മാർ

ܕܘܟܪܢܐ ܕܐܒܗܬܐ

ܕܘܟܪܢܐ ܕܐܒܗܬܐ




## പുണ്യശ്ലോകനായ അഭിവന്ദ്യ ആബൂൻ ഗീവർഗീസ് മോർ തിമോത്തിയോസ് തിരുമേനിയുടെ ദുക്റോനോ പെരുന്നാൾ

## ജൂൺ 04



# അഭിവന്ദ്യ ഗീവർഗീസ് മാർ തീമോത്തിയോസ് പിതാവിനോടൊത്തുള്ള 26 വർഷങ്ങൾ...



മാത്യു ആന്റണി (രാജു)

പിതാവിനെ പറ്റി ഓർക്കുമ്പോൾ സന്തോഷവും സങ്കടവും സമ്മിശ്രമായി മാത്രമേ ഓർക്കാൻ കഴിയുകയുള്ളൂ. ആരോഗ്യമുണ്ടായിരുന്ന കാലവും രോഗാവസ്ഥയിൽ ആയിരുന്ന കാലവും.

ആരോഗ്യമുണ്ടായിരുന്ന കാലത്ത് ഒരു പുരുഷായുസ്സിന് ചെയ്തു തീർക്കാവുന്നതിനുമപ്പുറത്താണ് മാർ തിരുമേനി ചെയ്തിട്ടുള്ളത്. എല്ലാ കാര്യത്തിനും ഒരു കൃത്യനിഷ്ഠയുള്ള വ്യക്തിയായിരുന്നു. പാവങ്ങളോട് കരുണയുള്ള ആളായിരുന്നു. എല്ലാവർക്കും തിരുമേനി പറ്റി നല്ലതു മാത്രമേ എല്ലാവർക്കും ഓർക്കുവാൻ ഉള്ളൂ.

തിരുവല്ല രൂപതയുടെ ഒട്ടുമിക്ക സ്ഥാപനങ്ങളും,വണ്ടികളും,



പാഴ്സനേജുകളും ഹാളുകളും വൈദീകർക്ക് താമസിക്കാനുള്ള കെട്ടിടങ്ങളും തിരുമേനിയുടെ കാലത്തെ സംഭാവനകളാണ്. എണ്ണിയാൽ തീരാത്ത നന്മകളാണ് തീമോത്തിയോസ് തിരുമേനിയുടെ കാലത്ത് തിരുവല്ല അതിരൂപയ്ക്ക് ഉണ്ടായിട്ടുള്ളത്.

75ആം വയസ്സിൽ സ്വയം സ്ഥാനമൊഴിയുകയും പള്ളി മലയിൽ തിരുമേനി നിർമ്മിച്ച ഓൾഡേജ് ഹോമിൽ താമസമാക്കുകയും രോഗ പീഢകളാൽ വളരെ സഹിക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം കൂടെയുണ്ടായിരുന്നു എനിക്ക് അനുഭവപ്പെട്ടിട്ടുള്ളതാണ്. 80 മുതൽ 90 വരെയുള്ള കാലഘട്ടം അതിതീവ്രതയുടെ രോഗപീഡകളാൽ ബുദ്ധിമുട്ടിയിരുന്നു. എന്നാൽ തിരുമേനി എല്ലാം ക്ഷമയോടെ സഹിച്ചു എന്നുള്ളത് എടുത്തു പറയേണ്ടത് തന്നെയാണ്. പുഷ്പഗിരി ഹോസ്പിറ്റലിൽ മൂന്ന് വർഷക്കാലം കിടപ്പുരോഗിയായി കിടന്നപ്പോഴും കൂടെ നിൽക്കാനും സഹായിക്കാനും ഭക്ഷണം,മരുന്ന് എന്നിവ കൊടുക്കുവാനും കൃപ ലഭിച്ചു.

തിരുമേനി മരിക്കുന്ന സമയത്തും കൂടെ നിൽക്കുവാൻ ഭാഗ്യം ലഭിച്ചു. തിരുമേനി ഒരു വിശുദ്ധനായി സ്വർഗ്ഗത്തിൽ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ ആവശ്യങ്ങൾ തിരുമേനിയോട് പറഞ്ഞാൽ ആ കബറിങ്കൽ തിരി കത്തിച്ചു പ്രാർത്ഥിച്ചാൽ തിരുമേനി തീർച്ചയായിട്ടും നമ്മൾക്ക് വേണ്ടി മധ്യസ്ഥം യാചിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

തിരുമേനിയുടെ സാരഥിയായി ദീർഘകാലം സേവനം ചെയ്യാൻ എന്നെ അനുവദിച്ച ദൈവത്തിന് നന്ദിയും സ്തുതിയും അർപ്പിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

# പുണ്യശ്ലോകനായ ചുണ്ടേവാലേൽ ഗീവർഗീസ് മോർ തിമോത്തിയോസ് തിരുമേനിയുടെ അഞ്ചാമത് ഓർമ്മ പെരുന്നാൾ.

'**നിന്റെ വാക്കനുസരിച്ച് ഞാൻ വലയിടാം**' എന്ന ആദർശവാക്യവുമായി മേൽപട്ടശുശ്രൂഷയ്ക്കിറങ്ങിയ, കരുണയുടെ മറുരൂപമായ പുണ്യശ്ലോകനായ അഭിവന്ദ്യ ആബൂൻ ഗീവർഗീസ് മോർ തിമോത്തിയോസ് തിരുമേനി.

ദൈവീക സ്വഭാവമായ കരുണയുടെ മറുരൂപമായി, അനേകം പേർക്ക് ആശ്വാസത്തിന്റെയും സംരക്ഷണത്തിന്റെയും തണൽമരമായി, സഭയുടെ വളർച്ചക്കു വേണ്ടി അതികഠിനമായി പ്രയത്നിച്ച, 1988 മുതൽ 2003 കാലഘട്ടം വരെ തിരുവല്ല ഭദ്രാസനാദ്ധ്യക്ഷനായിരുന്ന, ആപത് സമയത്ത് അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത മോർ ഗീവർഗീസ് സഹദായുടെ നാമധാരിയുമായ അഭിവന്ദ്യ ആബൂൻ ഗീവർഗീസ് മോർ തിമോത്തിയോസ് തിരുമേനി പുറകാവ് തെക്കേക്കര കുടുംബത്തിൽ ചുണ്ടേവാലേൽ വന്ദ്യ ജേക്കബ് കശ്ശീശ്ശായുടെയും കാർത്തികപ്പള്ളിൽ പുത്തൻ പീടികയിൽ അന്നമ്മയുടെയും മകനായി 1928 ഫെബ്രുവരി 2ൽ ഭൂജാതനായി. സണ്ണി എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന അഭിവന്ദ്യ പിതാവ് ജോർജ് എന്ന നാമധേയത്തിൽ അമയന്നൂർ സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ വിശുദ്ധ മാമ്മോദീസാ സ്വീകരിച്ചു.

നാട്ടുകാർക്കും അധ്യാപകർക്കും പ്രിയങ്കരനായിരുന്ന ജോർജ് അമയന്നൂർ സർക്കാർ എൽ .പി സ്കൂളിൽ പ്രാഥമിക വിദ്യഭ്യാസവും, മണർകാട് ഇട്ടി മെമ്മോറിയൽ സ്കൂളിൽ മിഡിൽ സ്കൂൾ പഠനവും, കിടങ്ങൂർ സെന്റ് മേരീസ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. ദൈവദാസൻ മോർ ഈവാനിയോസ് പിതാവിനെയും പുനരൈക്യത്തെയും കുറിച്ച് കേട്ടറിഞ്ഞ വന്ദ്യ ജേക്കബ് കശ്ശീശ്ശാ കത്തോലിക്കാ സഭയെ കുറിച്ച് പഠിക്കുകയും അങ്ങനെ 1940 ൽ കുടുംബത്തോടൊപ്പം കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുകയും ചെയ്തു. വല്യമാരേട്ടച്ചൻ എന്നറിയപ്പെടുന്ന വന്ദ്യ എബ്രഹാം മാരേട്ട് കശ്ശീശ്ശയാണ് ജേക്കബ് കശ്ശീശ്ശായെയും കുടുംബത്തെയും കത്തോലിക്കാ സഭയിലെക്ക് ചേർത്തത്.

'വൈദിനാകാനാണ് നിന്നെ കുറിച്ചുള്ള ദൈവീക പദ്ധതി' എന്ന് അഭിവന്ദ്യ സേവറിയോസ് തിരുമേനി തന്റെ പഠന കാലയളവിൽ തന്നോട് പറഞ്ഞത് തന്റെ ജീവിതത്തിൽ ഒരു പ്രത്യേക വഴിതിരിവുണ്ടാക്കിയെന്ന് മരണം വരെയും തിമോത്തിയോസ് തിരുമേനി പല തവണ സൂചിപ്പിച്ചിട്ടുണ്ട്. 1943 ൽ പത്താം ക്ലാസ് നല്ല മാർക്കോടു കൂടി പാസ്സായ ജോർജ് തുടർന്ന് ചെറുപുഷ്പഗിരി സെമിനാരിയിൽ വൈദീക പരിശീലനം ആരംഭിക്കുകയും ഉന്നത വിദ്യഭ്യാസത്തിനായി 1945 ൽ സീലോനിലെ കാൻഡി സെമിനാരിയിലേക്ക് പോകുകയും ചെയ്തു. 1953 ഓഗസ്റ്റ് 24ന് കാൻഡി സെമിനാരിയിൽ വച്ച് ബിഷപ്പ് ഗ്ലെനിൽ നിന്ന് കശ്ശീശ്ശാ പട്ടം സ്വീകരിച്ചു. തുടർന്ന് ഡിസംബറിൽ നാട്ടിൽ എത്തിയ ജോർജ് കശ്ശീശ്ശാ കോതമംഗളം, നെല്ലിമറ്റം, മാതൃഇടവകയായ അമയന്നൂർ എന്നിവിടങ്ങളിൽ വികാരി ആയി സേവനമനുഷ്ഠിച്ചു. 1956 ൽ ഭദ്രാസന പൊകുറേറ്റർ ആയും 1958 ൽ മൈനർ സെമിനാരി റെക്ടറായും സേവനമനുഷ്ഠിച്ച ജോർജ് കശ്ശീശ്ശാ തുടർന്നുള്ള ഉപരി പഠനത്തിനായി റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിലേക്ക് പോകുകയും പഠനം കഴിഞ്ഞ് തിരിച്ച് 1967ൽ നാട്ടിലെത്തിയ അദ്ദേഹത്തെ വീണ്ടും മൈനർ സെമിനാരി റെക്ടർ ആയി നിയോഗിക്കുകയും ചെയ്തു. 1980 മുതൽ സെന്റ് ജോൺസ് കത്തീഡ്രൽ വികാരി ആയും 1984 മുതൽ ഭദ്രാസനത്തിന്റെ വികാരി ജനറാളായി സേവ

നമനുഷ്ഠിക്കുകയും ചെയ്തു.

ഭാഗ്യസ്മരണീയനായ ആബൂൻ ഐസക് മോർ യൂഹാനോൻ മെത്രാപ്പോലീത്തായുടെ നിര്യാണത്തിനു ശേഷം1987 ഏപ്രിൽ 29ന് ജോർജ് കശ്ശീശ്ശായെ ഭദ്രാസന അഡ്മിനിസ്ട്രേറ്ററായും 1988 മെയ് 19ന് തിരുവല്ല അതിഭദ്രാസനത്തിന്റെ അഞ്ചാമത്തെ ഭദ്രാസനാദ്ധ്യക്ഷനായി തിരഞ്ഞെടുക്കുകയും ചെയ്തു. അങ്ങനെ 1988 ജൂൺ 26 ന് മാതൃ ഇടവകയായ അമയന്നൂർ ദൈവാലയത്തിൽ വച്ച് ബനഡിക്ട് മോർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്നും റമ്പാൻ പട്ടവും 1988 ഓഗസ്റ്റ് 5 ന് സെന്റ് ജോൺസ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഗീവർഗീസ് മോർ തിമോത്തിയോസ് എന്ന നാമധേയത്തിൽ മെത്രാനായി അഭിഷേകം ചെയ്യുകയും ചെയ്തു. 1997 ജൂലൈ 17ന് ചക്കാലപ്പടിക്കൽ മാമനച്ചനെ തോമസ് മോർ കൂറിലോസ് എന്ന നാമധേയത്തിൽ സഹായമെത്രാനായി അഭിഷേകം ചെയ്തു. തിമോത്തിയോസ് പിതാവ് ഭദ്രാസനാധ്യക്ഷനായിസേവനമനുഷ്ഠിച്ച15വർഷക്കാലം തിരുവല്ലഅതിഭദ്രാസനത്തിനും അതിലുപരി തിരുവല്ല താലൂക്കിനും അവിടുത്തെജനങ്ങൾക്കും നേട്ടങ്ങളുടെയും ആശ്വാസത്തിന്റെയും ഒരു സുവർണ്ണ കാലഘട്ടമായിരുന്നു.

പുഷ്പഗിരി മെഡിക്കൽ കോളേജ്, പുഷ്പഗിരി ഡന്റൽ കോളേജ്, ഫാർമസി കോളേജ്, നഴ്സിംഗ് കോളേജ്, മാക്ഫാസ്റ്റ് കോളേജ് എന്നിവയും കുമരകം മരിയ ഭവൻ, മാലം മൗണ്ട് മേരി, മേരിഗിരി മരിയൻ എന്നീ സ്കൂളുകളും പള്ളിമല ശാലോം ഭവൻ, കട്ടപ്പന ജ്യോതിസ് പാസ്റ്ററൽ സെന്റർ അനേകം പുതിയ ദൈവാലയങ്ങൾ, വൈദിക മന്ദിരങ്ങൾ എന്നിവ ആ നേട്ടങ്ങളിൽ ചിലത് മാത്രമാണ്.അതോടൊപ്പം തന്റെ വിശ്വാസ അജഗണത്തെ ആത്മീയമയതയുടെ പാതയിലൂടെ നടത്തികൊണ്ടുപോകുവാനും അഭിവന്ദ്യ തിമോത്തിയോസ് തിരുമേനി അതിയായി പരിശ്രമിച്ചു. അതിനുള്ള ഉദാഹരണമാണ് ആ കാലയളവിൽ പിതാവിൽ നിന്നും 100ൽ പരം വൈദീകർ പൗരോഹിത്യം സ്വീകരിച്ചത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരേയും, ദരിദ്രരേയും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പിതാവ് സഹായിക്കുമായിരുന്നു. സഹായമെത്രനായി തന്നോടൊപ്പം പ്രവർത്തിച്ചിരുന്ന അഭിവന്ദ്യ തോമസ് മോർ കൂറിലോസ് തിരുമേനിയെ മൂവാറ്റുപുഴ ഭദ്രാസനം രൂപീകൃതമായപ്പോൾ അതിന്റെ പ്രഥമ ഇടയനായി പരിശുദ്ധ സഭ അദ്ദേഹത്തെ ചുമതല ഏൽപ്പിച്ചു.

2003 മാർച്ച് 19ന് തന്റെ 75 മത്തെ വയസ്സിൽ ഭദ്രാസനധ്യക്ഷ ചുമതലകളിൽ നിന്നു അഭിവന്ദ്യ തിമോത്തിയോസ് തിരുമേനി വിരമിച്ചു .തുടർന്ന് പള്ളിമലയിൽ മറ്റ് വൈദീകരോടൊപ്പം വിശ്രമ ജീവിതം ആരംഭിച്ച തിമോത്തിയോസ് തിരുമേനിയുടെ ആരോഗ്യസ്ഥിതി മോശമായതിനെ തുടർന്ന് 2014 ജൂലൈ 14ന് സഭയിലെ എല്ലാ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ പുഷ്പഗിരി ചാപ്പലിൽ വച്ച് കന്തീല ശുശ്രൂഷ നടത്തി. 2017 ഫെബ്രുവരി 2 ന് അഭിവന്ദ്യ തിരുമേനിയുടെ നവതി ആഘോഷവും പുരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലിയും പുഷ്പഗിരിയിൽ വച്ച് നടത്തപ്പെട്ടു.

2019 ജൂൺ 4 ന് തന്റെ 92 മത്തെ വയസ്സിൽ ആശ്വാസത്തിന്റെയും സംരക്ഷണത്തിന്റെയും തണൽ മരമായിരുന്ന അഭിവന്ദ്യ തിമോത്തിയോസ് തിരുമേനി ഈ ലോകത്തോട് വിട പറഞ്ഞു. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ 90 വയസ്സിന് മുകളിൽ ജീവിച്ച ആദ്യത്തെ പിതാവായിരുന്നു അഭിവന്ദ്യ തിമോത്തിയോസ് തിരുമേനി. തന്റെ ജീവിതത്തിലുടനീളം സഭക്കു വേണ്ടിയും വിശ്വാസികൾക്കു വേണ്ടിയും ജീവിച്ച അഭിവന്ദ്യ തിരുമേനി കെ.സി.ബി.സി സെക്രട്ടറിയായും, സി.ബി.സി.സി പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, അഭിവന്ദ്യ തോമസ് മോർ കൂറിലോസ് മെത്രാപ്പോലീത്താ, അഭിവന്ദ്യ എബ്രഹാം മോർ യൂലിയോസ് തിരുമേനി, കാലം ചെയ്ത അഭിവന്ദ്യ ഗീവർഗീസ് മോർ ദിവന്നാസിയോസ് തിരുമേനി, അഭിവന്ദ്യ ഫീലിപ്പോസ്

മോർ സ്തേഫാനോസ് തിരുമേനി ,അഭിവന്ദ്യ ഗീവർഗീസ് മോർ മക്കാറിയോ സ് തിരുമേനി എന്നിവർ അഭിവന്ദ്യ തിമോത്തിയോസ് തിരുമേനിയുടെ ശിഷ്യരായിരുന്നു. സമൂഹത്തിൽ ഇറങ്ങി ചെന്ന് പ്രവർത്തിക്കുന്നതിൽ അഭിവന്ദ്യ തിരുമേനിക്ക് യാതൊരു മടിയുമില്ലായിരുന്നു. അങ്ങനെയുള്ള പ്രവർത്തനങ്ങൾ കൊണ്ടാണ് അകത്തോലിക്കരുടേയും അക്രൈസ്തവരുടേയും ഇടയിൽ അഭിവന്ദ്യ തിരുമേനി സ്വീകാര്യനായി തീർന്നത്. ഓരോ സ്ഥാനങ്ങൾ മാറി മാറി തന്റെ ജീവിതത്തിൽ വന്നപ്പോൾ അവയെല്ലാം യാതൊ രു മടിയും കൂടാതെ സ്വീകരിച്ചു പ്രവർത്തിച്ചതിലൂടെ മറ്റുള്ളവർക്ക് എന്നും അഭിവന്ദ്യ തിരുമേനി ഒരു മാതൃകയായിരുന്നു.

ഒരു തരത്തിൽ പറഞ്ഞാൽ ഈ ലോകത്തിലുള്ള തന്റെ ദൗത്യങ്ങൾ എല്ലാം പൂർത്തിയാക്കിയിട്ട് സന്തോഷത്തോടെയാണ് അഭിവന്ദ്യ തിരുമേനി നമ്മോട് യാത്ര പറഞ്ഞത്. അഭിവന്ദ്യ തിരുമേനിയുടെ ഓർമ്മയാചരിക്കുന്ന ഈ വേളയിൽ അഭിവന്ദ്യ പിതാവിന്റെ മാധ്യസ്ഥം നമുക്ക് പ്രത്യേകം അപേക്ഷിക്കാം.

## മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ്യ ഹയരാർക്കി സ്ഥാപനദിനം



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ്യ ഹയരാർക്കി സ്ഥാപിതമായിട്ട് 92ാം ആണ്ട്. 1932 ജൂൺ 11 നാണ് മലങ്കര സഭയുടെ ചരിത്രത്തിൽ സുവർണ്ണാക്ഷരങ്ങളാൽ എഴുതപ്പെട്ട ചരിത്രം നടന്നത്, മോർ ഇവാനിയോസ് വലിയ മെത്രാപ്പോലീത്ത തിരുവനന്തപുരം അതി ഭദ്രാസനത്തിന്റെയും മോർ തെയോഫിലോസ് മെത്രാപ്പോലീത്ത തിരുവല്ല ഭദ്രാസനത്തിന്റെയും അധ്യക്ഷന്മാരായ പുണ്യ ദിനം.

# ഓർമ്മയിൽ
# ആചാര്യന്മാർ ܕܘܟܪܢܐ ܕܟܗܢܐ

ആചാര്യേശാ നിൻരഹസ്യങ്ങൾ
പരികർമിച്ചൊരു ആചാര്യന്നേകുക
പുണ്യം നാഥാ സ്തോത്രം!



# ചേപ്പാട്ട് റമ്പാച്ചൻ
## (Cheppad Ramban)
## ജൂൺ 24

പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രചാരകൻ, എഴുത്തുകളാലും വാക്കുകളാലും പ്രവർത്തികളാലും മലങ്കര സഭയെ ദൈവദാസൻ ആർച്ച്ബിഷപ്പ് ഗീവർഗീസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തായ്ക്കൊപ്പം പുനരൈക്യത്തിന്റെ പാതയിൽ കത്തോലിക്കാസഭയെ പുൽകാനുള്ള സത്യവിശ്വാസത്തിന്റെ വിത്തുകൾ വിതച്ച ഭാഗ്യസ്മരണീയനായ ചേപ്പാട്ടു വഞ്ചിയിൽ പീലിപ്പോസ് റമ്പാച്ചൻ.

1887 മെയ് 12 നു ചേപ്പാട്ട് വഞ്ചിയിൽ പീലിപ്പോസ് കൊച്ചുകോശിയുടെ 7 മക്കളിൽ 6ാമനായി ഭൂജാതനായി. 1892 ലെ പൂജയെടുപ്പ് ദിനത്തിൽ "യേശുമിശിഹായെ നമ"" എന്ന് പിത്തളത്തളികയിൽ അരിനിരത്തി എഴുത്താശാന്റെ കൈക്കുള്ളിൽ പിഞ്ചുകൈവിരലുകൾ പിടിച്ച് ആദ്യമായി എഴുതിയ കരങ്ങൾ പിന്നീട് മലങ്കരസഭയിലെപുനരൈക്യപ്രസ്ഥാനത്തി

നു പുനരൈക്യശില്പി ദൈവദാസൻ മോർ ഈവാനിയോസ് പിതാവിനു കരുത്തേകുന്നതായി മാറുകയായിരുന്നു. മലങ്കരസുറിയാനികത്തോലിക്കാസഭയുടെ പുനരൈക്യ പ്രേഷിത ശുശ്രൂഷകൾക്ക് തന്റെ എഴുത്തുകളിലൂടെ കുപ്രചാരകരായ പലരുടെയും വായടപ്പിയ്ക്കുന്നതിനു കാരണമാവുകയും തെറ്റിദ്ധാരണകൾ ഒഴിവാക്കുന്നതിനും ഹേതുമായിട്ടുണ്ട്.

1939 ൽ തന്നെ മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ വേദോപദേശ പാഠാവലി തയ്യാറാക്കി പ്രസിദ്ധീകരിയ്ക്കുവാനും വിശ്വാസപരിശീലന കളരി ആരംഭിയ്ക്കുന്നതിനും നേതൃത്വം നൽകിയത് ചേപ്പാട്ട്റമ്പാച്ചൻ ആയിരുന്നു. പുനരൈക്യ പ്രേഷിത പ്രവർത്തനത്തിനു സഹായകരമായി ഊർജ്ജം പകരുന്നതിനായി ചേപ്പാട്ട് റമ്പാച്ചൻ ആരംഭിച്ച പ്രസിദ്ധീകരണമായ "സത്യസഭാ കാഹളം" ആണ് ഇപ്പൊ തിരുവനന്തപുരംമേജർഅതിഭദ്രാസനത്തിൽനിന്ന് പ്രസിദ്ധീകരിയ്ക്കുന്ന "ക്രൈസ്തവ കാഹളം".

പള്ളിപ്പാട്ട് കൈമുട്ടിൽ യോഹന്നാൻ കത്തനാരുടെ അനാരോഗ്യത്തെ തുടർന്ന് കുടുംബത്തിലെ മറ്റൊരാളെ കൂടി വൈദീകനായി വാഴിക്കാനുള്ള ആലോചനയിൽ നിന്നാണ് പിതൃപിതാമഹനായ ചേപ്പാട്ട് മോർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പിൻഗാമിയെന്ന വണ്ണം പീലിപ്പോസിനെ പള്ളിക്കാരും കുടുംബക്കാരും തിരഞ്ഞെടുക്കുന്നത്. 1908 നവംബർ 22ാം തീയതി പുലിക്കോട്ട് മെത്രാച്ചന്റെ നിർദ്ദേശ പ്രകാരം പഴയ സെമിനാരി പള്ളിയിൽ വച്ച് പൗലോസ് മോർ കുറിലോസ് തിരുമേനിയിൽ നിന്ന് കോറൂയോ പട്ടം സ്വീകരിച്ചു.
1912 ൽ അബ്ദൽ മിശിഹാ പാത്രിയർക്കീസ് ചേപ്പാട്ട് യാക്കോബായ പള്ളിയിൽ വച്ച് പൂർണ്ണ ശെമ്മാശപട്ടം കൊടുത്തു.

## MA അച്ചനും (ദൈവദാസൻ മോർ ഈവാനിയോസ്) ആയുള്ള ബന്ധം.

സമുദായ കേസ് നടക്കുന്ന കാലം, എം .ഡി. സെമിനാരിയുടെ വടക്കേമുറിയിൽ ആയിരുന്നു സമുദായത്തിലെ പല റിക്കാർഡുകളും സൂക്ഷിച്ചിരുന്നത്, മാത്രവുമല്ല ങഅ അച്ചനെന്ന ഫാ. പി.റ്റി. ഗീവർഗീസിന്റെ കിടപ്പുമുറിയുമായിരുന്നു അത്. ഒരിക്കൽ അവിടെ നടന്ന മോഷണ ത്തിനു ശേഷം മുറിയിൽ മാനേജർ കിളിലേത്ത് ചാക്കോയ്ക്കൊപ്പം ചേപ്പാട്ട് ഫിലിപ്പോസ് ശെമ്മാശനും കിടന്ന ദിവസമാണ് രണ്ടാമത്തെ മോഷണം നടന്നത്. (ഗിരിദീപത്തിൽ വിശദമായി വായിക്കാം)

ഓശാന ഞായറാഴ്ചയ്ക്ക് മുൻപത്തെ ശനിയാശ്ച നടന്ന ആനപാപ്പിയുടെ വധം മോർ ദിവന്നാസ്യോസ് തിരുമേനിയെയും ങഅ അച്ചനെയുംഓടിപ്പോയിവിവരംഅറിയിച്ചത് പീലിപ്പോസ് ശെമ്മാശ്ശൻ ആയിരുന്നു. വിവരം അറിയിക്കേണ്ടവരെയെല്ലാം അറിയിച്ച ശേഷം ആശുപത്രിയിൽ ആനപാപ്പിയെ സന്ദർശിയ്ക്കുകയും ചെയ്തിരുന്നു.

1916 സെപ്തംബർ 14നു കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ച് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്ന് വൈദീകപട്ടം സ്വീകരിച്ചു. ചേപ്പാട്ടിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിയ്ക്കുന്നതിന്റെ നടപടികൾ സ്വീകരിയ്ക്കുന്നത് ഇതിനുശേഷം ആയിരുന്നു.

മദ്രാസിലെ ബ്രോഡ്വേയിലെ ഹോളി എമ്മാനുവേൽ പള്ളി നടത്തിപ്പിനായ് മദ്രാസിൽ താമസിച്ചിരുന്ന കാലത്ത് അർമ്മീനിയൻ സ്റ്റ്രീറ്റിൽ താമസിച്ചിരുന്ന ജർമ്മൻ കാരനായ കത്തോലിക്കാ വൈദീകനുമായുള്ള സംഭാഷണവും ഐറിഷ് കാത്തലിക് ട്രൂത്ത് സൊസ!!ൈ!!റ്റിക്കാരുടെ ഒരണ വിലയുള്ള ലഘുപത്രികകളുടെ

വായനയും കത്തോലിക്കാ സഭയെ കുറിച്ച് കൂടുതലായി അറിയാനിടയാക്കി.

വഴക്കും വ്യവഹാരവുമുമായി കഴിഞ്ഞു കൂടുന്നതിൽ അർത്ഥമില്ലെന്ന് മനസ്സിലാക്കിയ ചേപ്പാട് പീലിപ്പോസച്ചൻ 1103 മീനം 17ാം തീയതി (1928) തിരുവല്ലയിലെ ബഥനി ആശ്രമത്തിൽ ചേരുവാൻ തീരുമാനിയ്ക്കുകയായിരുന്നു.
തിരുവല്ലയിൽ നിന്ന് പെരുനാട് ബഥനി ആശ്രമത്തിലെത്തി അവിടുത്തെ സുപ്പീരിയർ ഫാ എബ്രഹാം ഒ.ഐ.സി യ്ക്കൊപ്പം ചേർന്നു.

കുണ്ടറ മാർ ബസ്സേലിയോസ് കാതോലിക്കാ ബാവായുടെ നിർദ്ദേശ പ്രകാരം മെത്രാനായി വാഴിയ്ക്കുന്നതിനു പ്രാരംഭമായി 1929 നവംബർ 3 നു പുത്തൻ കാവിൽ കിഴക്കേതലയ്ക്കൽ തോമസ്കത്തനാരുടെ മകൻ ഗീവർഗീസ് അച്ചനൊപ്പം ചേപ്പാട്ടു പീലിപ്പോസച്ചനെയും റമ്പാനാക്കി.

പുലിക്കോട്ട് മെത്രാച്ചന്റെ അനന്തരഗാമി ആയിരിയ്ക്കേണ്ട പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചനൊപ്പം ചേപ്പാട്ട് മെത്രാച്ചന്റെ അനന്തരഗാമി ആയിരിയ്ക്കേണ്ട ചേപ്പാട്ട് പീലിപ്പോസ് റമ്പാച്ചൻ 1930 സെപ്തംബർ 21 നു മോർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മുൻപാകെ സത്യപ്രതിജ്ഞ ചൊല്ലി കത്തോലിക്കാ സഭയിൽ ചേർന്നു. പുനരൈക്യത്തിനു മുൻപായി ഇരുവരും കൂടി എഴുതി അച്ചടിച്ച് പ്രസിദ്ധീകരിച്ച 'മലങ്കരസഭയുടെ കുഴൽക്കണ്ണാടി' എന്ന പുസ്തകം മൂന്നു പതിപ്പുകളായി പ്രസിദ്ധപ്പെടുത്തിയിരുന്നു.

1951 ഏപ്രിൽ 18ാം തീയതി ദൈവദാസൻ മോർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ മെത്രാൻ സ്ഥാനത്തിന്റെ രജതജൂബിലി ആഘോഷം അടൂരിൽ നടത്തിയപ്പോൾ ചേപ്പാട്ട് പീലിപ്പോസ് റമ്പാച്ചനു ഡൊമസ്റ്റിൽ പ്രിലേറ്റ് സ്ഥാനവസ്ത്രങ്ങൾ നൽകി ആദരിയ്ക്കുകയുണ്ടായി.

അടൂർ പള്ളി, ആയൂർ പള്ളി, കുമ്പഴ, കാട്ടൂർ പള്ളി, തട്ട, പാമ്പുമല പള്ളി, പുതുശ്ശേരി മല, ചന്ദനപ്പള്ളി, നാരങ്ങാനം പള്ളി, വലഞ്ചുഴിപ്പള്ളി, ചീക്കനാൽ, എഴുംകുളം, കാരിച്ചാൽ പള്ളി , തുമ്പമൺ, തുടങ്ങിയ പള്ളികളിലൊക്കെ (മറ്റു പള്ളികളുണ്ട്) ചേപ്പാട് റമ്പാച്ചന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു, കല്ലുമല പള്ളിമേട തീവയ്പ്പ്, ഉള്ളന്നൂർ പള്ളി തീവയ്പ്പു കേസ് വിധി അനുകൂലമായി വരുന്നതിനു റമ്പാച്ചന്റെ പരിശ്രമമുണ്ടായിരുന്നു.

1979 ജൂൺ 24 ൽ ഉറച്ച അടിസ്ഥാനത്തിൽ ഭവനം പണിത്, വിശ്വാസം കാത്ത്സൂക്ഷിച്ച വീര സത്യാന്വേഷിയും, പ്രഗത്ഭനായ പ്രാസംഗികനും, ഉഗ്രതാപസനുമായിരുന്ന പണ്ഡിതനായിരുന്ന വന്ദ്യ റമ്പാച്ചൻ, ചേപ്പാട്ട് വഞ്ചിയിൽ പീലിപ്പോസ് റമ്പാച്ചൻ നിത്യസമ്മാനത്തിനായ് കർത്ത്യസന്നിധിയിൽ യാത്രയായി.
തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയിൽ ആണ് റമ്പാച്ചനെ കബറടക്കിയിരിയ്ക്കുന്നത്.
വിവരങ്ങൾക്ക് കടപ്പാട് ഗിരിദീപം,
ചേപ്പാട് വഞ്ചിയിൽ പീലിപ്പോസ് റമ്പാച്ചന്റെ പൂർവ്വകാല സ്മരണകൾ.



# ഓർമ്മയിൽ ആചാര്യന്മാർ

ആചാര്യശ്രേഷ്ഠാ നിൻ രഹസ്യങ്ങൾ
പരികർമ്മിച്ചൊരു ആചാര്യന്മാരാകുക
പുണ്യം നാഥാ സ്തോത്രം!

www.manivilaku.com

## Thiruvananthapuram

| | |
|---|---|
| Rt. Rev. Joshua Peedikayil Corepiscopo | 25-06-2012 |
| Rev. Fr. Thomas Ayrookuzhy (Edathara) | 06-06-1969 |
| Rev. Fr. Philipose Medayil (Kumbazha) | 02-06-1974 |
| Rev. Fr. Lukose Mannikorott | 01-06-1991 |
| Rev. Fr. Jacob Mulapampallil (Pazhakulam) | 26-06-1968 |
| Rev. Fr. Jacob Kilannamannil | 02-06-1968 |
| Rev. Fr. Jacob Gnayalloor | 06-06-1997 |
| Rt. Rev. Philipose Remban Cheppad | 24-06-1978 |

## Pathanmthitta

| | |
|---|---|
| Rt. Rev. Kurisumala Mathews Vazhappillethu Ramban | 10 -06- 2019 |
| Rev. Fr. Pandiyath Idicula | 03 -06- 2016 |

## Bathery

| | |
|---|---|
| REV. FR. ZACHARIAS KOTTAYIL | 07-06-2011 |
| REV. FR. PHILIP PUTHENKANDATHIL | 07-06-2011 |
| REV. FR. JOHN- MANAYIL | 07-06-2017 |
| REV. FR. ABRAHAM MATTAMANAYIL | 01-06-1989 |

## Triruvalla


www.manivilaku.com

| | |
|---|---|
| Rev. V. C. Geevarghese Cor-Episcopa | 06 -06-1991 |
| Rev. Fr. Philip Erattamakil | 24 -06- 1979 |
| Rev. Fr. Joseph Vadakkekara | 24 -06- 2016 |
| Rev. Fr. Joseph Padinjarekara | 11 -06- 1980 |
| Rev. Fr. Joseph Nilappana | 01 -06- 1976 |
| Rev. Fr. Chacko Muttathuparampil | 22 -06- 1989 |

## Muvattupuzha

| | |
|---|---|
| Fr. Mathew Cherippurath | 15 -06- 2007 |
| Fr. CT Kuriakose Amamkattil | 04 -06- 2006 |

ഓർമ്മയിൽ ആചാര്യന്മാർ



# ഓർമ്മയിൽ ആചാര്യന്മാർ [illegible]

ആചാര്യശാ നിൻരഹസ്യങ്ങൾ
പരികർമിച്ചൊരു ആചാര്യനേകുക
പുണ്യം നാഥാ സ്തോത്രം!

## Bethany

| | |
|---|---|
| Fr. Santhosh Madathil OIC | 05-06-2012 |
| Fr. Jacob Perumpral OIC | 09-06-2014 |
| Fr. Varghese Elanjiyil OIC | 22-06-1996 |
| Fr. Abraham Padinjaremannil OIC | 24-06-1988 |
| Bp. Yakoob Mar Theophilos OIC | 27-06-1956 |
| Fr. Lawrence Thuruthiyil OIC | 27-06-2013 |

www.manivilaku.com

# വന്ദ്യ സന്ന്യാസിനിമാർ

|നിൻ ദയയിങ്കൽ ശരണിതയായ്
നിദ്രയടഞ്ഞൊരു സോദരിയെ നിൻ മഹിമോദയ
ദിവസത്തിൽ നിൻ കാരുണ്യം കാട്ടേണം|

## Thiruvananthapuram

| | |
|---|---|
| Sr. Bruksa SIC | 22-06-1976 |
| Sr. Anasthasia SIC | 23-06 -2011 |

## Thiruvalla

| | |
|---|---|
| Sr. Ann SIC | 14-06-1995 |
| Sr. Annunciatta SIC | 07-06-1999 |
| Sr. Felix SIC | 22-06-2007 |
| Sr. Mary SIC | 22-06-2009 |
| Sr. Mettilda SIC | 28-06-2010 |
| Sr. Seraphia SIC | 25-06-2011 |
| Sr. Mary Magdalene SIC | 26-06-2012 |
| Sr. Susheela SIC | 30-06-2012 |
| Sr. Ivania SIC | 08-06-2019 |
| Sr. Dorothy SIC | 07-06 2020 |
| Sr. Maria Goretti | 26-06-2022 |

## Bathery

| | |
|---|---|
| Sr. Thara SIC | 19-06-2006 |
| Sr. Pavithra SIC | 06-06-2021 |


**ബഥനി സന്ന്യാസിനിമാർ**

## Daughters of Mother Mary

| | |
|---|---|
| Rev.Sr.Angela DM | 04-06-1982 |
| Rev.Sr.Euprasina DM | 11-06-2004 |
| Rev.Sr.Collite DM | 12-06-2012 |
| Rev.Sr.Mary Archana DM | 14-06-2014 |
| Rev.Sr.Mary Tresa DM | 13-06-2017 |
| Rev.Sr.Mary Tresa DM | 13-06-2017 |
| Rev.Sr.Gracia DM | 07-06-2010 |
| Rev.Sr.Cicily John DM | 12-06-2012 |
| Rev.Sr.Mary Archana DM | 14-06-2014 |
| Rev.Sr.Maurus DM | 25-06-2019 |
| Rev.Sr.Seraphia DM | 22-06-2013 |
| Rev.Sr.Zita DM | 27-06-1986 |

**മേരി മക്കൾ സന്ന്യാസിനിമാർ**



Denho Manassesh O M

# എന്റെ ജീവിതം ദൈവീക പദ്ധതി ആയിരിക്കവേ ഞാൻ എന്തിനു പ്രാർത്ഥിക്കണം?

നമ്മുക്ക് ചുറ്റിലും നോക്കൂ,,,
ലോകത്തിൽ എല്ലാ മനുഷ്യരും പ്രാർത്ഥിച്ചിട്ട് അല്ല അനുഗ്രഹങ്ങൾ ലഭിയ്ക്കുന്നത്. ഒരിക്കൽ പോലും പ്രാർത്ഥിക്കാത്തവർ എന്ന് നാം കരുതുന്നവർക്ക് അനുഗ്രഹങ്ങൾ ലഭിയ്ക്കുകയും പ്രാർത്ഥിക്കുന്നവർക്ക് കഷ്ടതകൾ വന്നു ചേരുകയും ചെയ്യുന്നത് നമ്മേ അത്ഭുതം കൊള്ളിച്ചിട്ടുണ്ടോ? നമ്മുടെ മാതാപിതാക്കൾ, സഹോദരങ്ങൾ, ശരീരം എന്നുവേണ്ട എല്ലാ പ്രധാനപെട്ട കാര്യങ്ങളും എനിയ്ക്ക് അറിയാത്ത ഒരു വിധിയുടെ ഭാഗമായി എനിയ്ക്ക് നൽകപെട്ടിരിക്കുന്നുവെന്നും നമ്മുടെ ജീവിതം വിധിയാൽ നിർണ്ണയിക്കപ്പെടുന്നതാണെന്നും അതിനാൽ പ്രാർത്ഥിക്കേണ്ട ആവശ്യം ഉണ്ടോ? എന്നും ചിന്തിച്ചിട്ടില്ലേ?

നമ്മുടെ ജീവിതം ദൈവിക പദ്ധതി തന്നെയാണ്. നമ്മുക്ക് അറിയുന്നതും അറിയാത്തതുമായ പല കാരണങ്ങൾ കൊണ്ട് നമ്മുക്ക് നൽകപെട്ടിരിക്കുന്ന ഒന്നാണ് ഈ ജീവിതം. ഇതിൽ വളരെ കുറഞ്ഞ കാര്യങ്ങൾ മാത്രമാണ് നമ്മുക്ക് സ്വന്തമായി തിരഞ്ഞെടുക്കുവാൻ സാധിക്കുക. ജീവിതം ദൈവീക പദ്ധതി ആണെങ്കിൽ അത് തിരുത്തുവാൻ പ്രാർത്ഥിക്കുന്നത് ശരിയല്ല എന്ന തോന്നൽ യുക്തിരഹിതമാണ്. പ്രാർത്ഥനയുടെ മുൻപിൽ മനുഷ്യനെ സ്നേഹിക്കുന്ന ദൈവം അവന്റെ പദ്ധതിയിൽ മാറ്റം വരുത്തും. നിന്റെ കുടുംബത്തിലേക്ക് അയക്കും എന്ന് പറഞ്ഞ തിന്മ അവിടുന്ന് അയക്കുകയില്ല. വലിയ ദുരന്തങ്ങളിൽ നിന്നും നിന്റെ ജീവിതത്തെ അവിടുന്ന് മോചിപ്പിക്കും. മനുഷ്യന്റെ പ്രാർത്ഥന ദൈവത്തിന് മനുഷ്യനോട് കരുണ തോന്നാൻ ഇടയാക്കുന്നു.

ദൈവത്തിന്റെ പദ്ധതികൾ മനുഷ്യന് നാശത്തിനു വേണ്ടി ഉള്ളതല്ല. എങ്കിലും ചില പദ്ധതികൾ മനുഷ്യന്റെ ശുദ്ധീകരണത്തിനു വേണ്ടിയുള്ള സഹനങ്ങൾ ഉൾപ്പെടുന്നവയാണ്. ചില തകർച്ചകൾ, ദുരിതങ്ങൾ എന്നിവ വഴി ദൈവം നമ്മേ നന്മയിലേക്ക് നയിക്കുന്നു. ചില സമയങ്ങളിൽ ദുഷ്ട ആത്മാക്കളുടെ പരീക്ഷണങ്ങൾക്ക് ദൈവം തന്റെ തനയരേ വിട്ടുകൊടുക്കുന്നതായി ജോബിന്റെ ജീവിതവും തോബിത്തിന്റെ ജീവിതവും ബൈബിളിൽ നമ്മുക്ക് പരിചിതമാണ്. നമ്മുടെ ജീവിതം ദൈവത്തിന്റെ പദ്ധതി ആയതിനാൽ പ്രാർത്ഥന ദൈവത്തെ മാറ്റി ചിന്തിപ്പിക്കും എന്ന് ബൈബിൾ പറയുന്നു. പ്രാർത്ഥിച്ചതിനാൽ മരണത്തെപ്പോലും തോൽപ്പിച്ചു കൊണ്ട് ദൈവം പ്രവർത്തിച്ച നിമിഷങ്ങളെ കുറിച്ച് ബൈബിൾ നമ്മെ പഠിപ്പിക്കുന്നത് പ്രാർത്ഥനയാൽ മനുഷ്യ ജീവിതങ്ങളെ മാറ്റി മറയ്ക്കുവാൻ കഴിയും എന്നുതന്നെയാണ്. ആയതിനാൽ ഇന്നേ ദിനത്തിൽ നീ കഷ്ടതയിൽ ആണെങ്കിൽ ദൈവത്തെ വിളിച്ചു അപേക്ഷിക്കുക. അവിടുന്ന് വിടുതൽ നൽകും. നിന്നെ കുറിച്ചുള്ള പദ്ധതി അവൻ മാറ്റും. ചില പ്രാർത്ഥനകൾക്ക് ദൈവം ഉത്തരം ഉടനെ നൽകുന്നില്ല എങ്കിൽ കൂടെ ദൈവ പദ്ധതിയിൽ മാറ്റം വരുത്തി അവിടുന്ന് നമ്മെ അനുഗ്രഹിക്കുക തന്നെ ചെയ്യും.

അനുഗ്രഹങ്ങൾക്കായി ചോദിക്കുന്നതിനു മുമ്പ്, നാം ചോദിക്കാതെ തന്നെ നമുക്ക് നൽകിയതിന് നാം ദൈവത്തോട് നന്ദിയുള്ളവരായിരിക്കണം. നാം ദൈവ കൽപ്പനകളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും അവ ആത്മാർത്ഥമായി പാലിക്കുകയും വേണം. ശരീരത്തിന്റെയും ജീവന്റെയും ശുദ്ധിയാണ് ദൈവത്തിന്റെ സ്നേഹവും കൃപയും നേടുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഘടകം. ഈ പരിശുദ്ധി കൈവരിക്കാൻ, നാം നമ്മുടെ മുൻകാല തെറ്റുകൾക്ക് പശ്ചാത്തപിക്കുകയും പാപമോചനം തേടുകയും അവയ്ക്ക് പ്രായശ്ചിത്തം ചെയ്യുകയും ഭാവിയിൽ തെറ്റുകൾ ചെയ്യുന്നതിൽ നിന്ന് വിട്ടുനിൽക്കുകയും വേണം.

# ശ്രദ്ധിക്കാം...

www.manivilaku.com

**നാനാജാതികളിൽ തന്നധികാരം ഏന്തുന്നോളും**
**ഭൂപാലർ പോലും കൂപ്പും സഭയേ തേ ഭാഗ്യം**

(സ്ലീബാക്കാലത്തെ പ്രഭാതപ്രാർത്ഥന ഒന്നാമത്തെ എനിയോനോ ഗീതം)

**ന** എന്ന അക്ഷരത്തിന്റെ ഉച്ചാരണത്തെ കുറിച്ചുള്ള ആശയക്കുഴപ്പം സർവ്വസാധാരണമായി കണ്ടുവരുന്ന ഒന്നാണ്. ഈ ഗീതത്തിൽ **നാനാ** എന്ന വാക്കിലെ ആദ്യ ന **നല്ലത്** എന്ന പോലെയും രണ്ടാമത്തെ ന **കനി** എന്ന പോലെയും ആണ് ഉച്ചരിക്കേണ്ടത്. എന്നാൽ ചിലരെങ്കിലും രണ്ടും ഒരേ പോലെ ഉച്ചരിച്ചുകൊണ്ട് ഗീതമാലപിക്കാറുണ്ട്. ശീഫോ നമസ്കാരം ശുബ്ഹോ രണ്ടാം കോലോയിലെ നാനാ
**ദിശിയുളവാകണമേ കന്യകയാകും...** എന്ന ഭാഗത്തും ഇതേ വാക്ക് വരുന്നുണ്ട്. സമാനമായ ഗീതഭാഗങ്ങൾ കണ്ടെത്തി സംശയ നിവാരണം വരുത്താൻ ശ്രദ്ധിക്കുമല്ലോ...

# തിരിച്ചറിയേണ്ട തിരിച്ചറിവുകൾ





**എബ്രഹാം കുറ്റിക്കണ്ടത്തിൽ**
**അബുദാബി**

കുറെ ഉറുമ്പുകൾ പാറക്കെട്ടിലൂടെ നിര നിരയായി യാത്ര ചെയ്യുകയായിരുന്നു . അൽപ്പ ദൂരം പിന്നിട്ടപ്പോൾ പാറക്കൂട്ടം അവസാനിച്ചു . അതറിയാതെ മുന്നിൽ പോയിരുന്ന ഉറുമ്പ് മുനമ്പിൽ നിന്നും താഴെ അഗാധമായ വെള്ളച്ചാട്ടത്തിലേക്ക് വീണു . മുൻഗാമികളെ അനുഗമിച്ചു പിന്നാലെ വന്ന ഉറുമ്പുകളെല്ലാം മുമ്പിലുള്ള അപകടമറിയാതെ വെള്ളച്ചാട്ടത്തിലേക്ക് വീണുകൊണ്ടിരുന്നു . ഈ കാഴ്ച കണ്ടു കൊണ്ട് ഒരു വൃദ്ധസന്യാസി പാറക്കൂട്ടത്തിന് മുകളിൽ ഇരിയ്ക്കുന്നുണ്ടായിരുന്നു . അഗാധ ഗർത്തത്തിലേക്ക് നടന്നടക്കുന്ന ഉറുമ്പുകളെ നോക്കി അദ്ദേഹം വിളിച്ചു പറഞ്ഞു ““ ഹേ , ഉറുമ്പുകളേ , നിൽക്കൂ , നിങ്ങളുടെ

യാത്ര നാശത്തിലേക്കാണ്. വഴിമാറിപ്പോകൂ ". അവരാരും അദ്ദേഹത്തെ അനുസരിച്ചില്ല. അദ്ദേഹം ഉച്ചസ്വരത്തിൽ അവരെ തടയുന്നുണ്ടായിരുന്നു . ആരും തന്റെ വാക്കുകൾ കേൾക്കുന്നില്ല എന്ന് കണ്ടപ്പോൾ സന്യാസിയ്ക്ക് ഒരുകാര്യം മനസിലായി.
താൻ പറയുന്നത് ഉറുമ്പുകൾക്ക് മനസിലാകുന്നില്ല . അവരോട് സംസാരിയ്ക്കേണ്ടത് അവരുടെ ഭാഷയിലാണ് . അദ്ദേഹം തന്റെ തപശ്ശക്തി കൊണ്ട് ഒരു ഉറുമ്പായി മാറി അവരോട് സംസാരിച്ചു . പെട്ടെന്ന് ഉറുമ്പിൻ കൂട്ടം നിന്നു. പിന്നീടവർ സുരക്ഷിത പാതയിലൂടെ യാത്ര തുടർന്നു.

ആരും തങ്ങളെ മനസിലാക്കുന്നില്ല എന്നുള്ളതാണ് ആധുനിക ലോകത്ത് ഒട്ടുമിക്ക മനുഷ്യരുടെയും പരാതിയും സ്വകാര്യ ദുഖവും . ഭാര്യയുടെ സ്നേഹം മനസിലാക്കുവാൻ ഭർത്താവിന് കഴിയുന്നില്ല . ഭർത്താവിന്റെ കരുതൽ ഭാര്യയ്ക്ക് മനസിലാകുന്നില്ല . മാതാപിതാക്കളുടെ പ്രതീക്ഷകളും ആഗ്രഹങ്ങളും തിരിച്ചറിയുവാൻ കഴിയാതെ പോകുന്ന മക്കളും മക്കളുടെ മനസ്സ് മനസിലാക്കുന്നതിൽ പരാജയപ്പെടുന്ന മാതാപിതാക്കളും വർത്തമാന കാലത്തെ സാധാരണ കാഴ്ചയാണ് . പരസ്പരം അപരിചിതരാകുന്ന അവസ്ഥ. മറ്റുള്ളവരെ മനസ്സിലാക്കുവാനോ ഉൾക്കൊള്ളുവാനോ കഴിയുന്നില്ല .

വ്യവസ്ഥകൾ ഇല്ലാതെ നിർവ്യാജമായി സ്നേഹിയ്ക്കുവാൻ കഴിയുന്നില്ല എന്നുള്ളതാണ് ബന്ധങ്ങളിൽ വിള്ളൽ വീഴുവാനുള്ള ഒരു കാരണം . പല ബന്ധങ്ങളുടെയും അടിസ്ഥാനം സ്വാർത്ഥത കലർന്ന സ്നേഹമാണ്. താൻ പ്രതീക്ഷിയ്ക്കുന്നതുപോലെ മറ്റുള്ളവരും ആയിത്തീരണം എന്ന പിടിവാശി ബന്ധങ്ങളെ തകർക്കുന്നു. കൊടുക്കുന്ന സ്നേഹത്തിന്റെ അളവുകോൽ അനുസരിച്ച് പ്രതിഫലം ആഗ്രഹിയ്ക്കുന്നു. ലഭിയ്ക്കാതെ വരുമ്പോൾ മനസുകൾ അകലുന്നു . സംസാരത്തിലുള്ള മുറിപ്പെടുത്തലുകളാണ് മറ്റൊന്ന് . സംസാരിയ്ക്കുന്നത് അധരം കൊണ്ടാണെങ്കിലും സംവദിയ്ക്കുന്നത് മനസുകൾ തമ്മിലാണ് . അധീശത്വമല്ല സമരസപ്പെടലുകളാണ് ആശയം കൈമാറുവാനുള്ള എളുപ്പവഴി . താൻപോരിമ കൊണ്ട് ആരെയും വശത്താക്കുവാൻ കഴിയുകയില്ല. വ്യക്തികളെ അവർ ആയിരിയ്ക്കുന്ന അവസ്ഥയിൽ കാണുവാനും അംഗീകരിയ്ക്കുവാനും കഴിയണം. ഉത്തരവുകളല്ല , സ്നേഹത്തോടെയുള്ള ഓർമ്മപ്പെടുത്തലാണ് ആവശ്യം. ലോകം കീഴടക്കുവാൻ ആയുധങ്ങൾ ഉപകരിയ്ക്കും. മനസ് കീഴടക്കുവാൻ സ്നേഹത്തിൽ ചാലിച്ച പ്രവർത്തികൾക്ക് മാത്രമേ കഴിയൂ. ഹൃദയത്തിലേക്കുള്ള യാത്ര ആരംഭിയ്ക്കുന്നത് അധരത്തിൽ നിന്നാണ് .

വിലക്കപ്പെട്ട കനിയ്ക്ക് നേരെ നിത്യേന കൈകൾ നീളുന്നു . അവിടെ പണ്ഡിതനെന്നോ പാമരനെന്നോ ധനികനെന്നോ ദരിദ്രനെന്നോ വ്യത്യാസമില്ല. സമൂഹത്തിന് മാതൃകയാവേണ്ട ആത്മീയ നേതാക്കൾക്കും രാജ്യത്തെ നയിയ്ക്കേണ്ട രാഷ്ട്രീയ നേതാക്കൾക്കും ഒരുപോലെ കാലിടറുന്നു. പങ്കാളിയുടെ അവിശ്വസ്തതയുടെയും അവിഹിത ബന്ധങ്ങളുടെയും ഫലമായി അനേകം കുടുംബങ്ങൾ നരക തുല്യമായി മാറുന്നു . വിവാഹ മോചനങ്ങൾ വർദ്ധിയ്ക്കുന്നു . കുഞ്ഞുങ്ങൾ നിത്യദു"ഖത്തിൽ വളരുന്നു . അത് അടുത്ത തലമുറയെ കൂടി അപകടകരമാം വിധം ബാധിക്കുന്നു. നമ്മുടെ രാജ്യത്തും വിവാഹേതരബന്ധങ്ങൾക്രിമിനൽകുറ്റമല്ലാതായ സാഹചര്യത്തിൽ മഹാനായ ടോൾസ്റ്റോയ് എഴുതിയ വാക്കുകൾ കാലിക പ്രസക്തമാണ് . Happy families are all alike , every unhappy family is unhappy in its own way .

ഒരാൾ മുന്തിരിത്തോട്ടത്തിൽ നട്ടു പിടിപ്പിച്ചഫലരഹിതമായ അത്തിവൃക്ഷ ത്തെപ്പോലെയാണ്

ആധുനിക ലോകത്തിൽ പലപ്പോഴും മനുഷ്യജീവിതം.

എല്ലാ സൃഷ്ടിയ്ക്കും ഓരോ നിയോഗങ്ങളുണ്ട്. വൃക്ഷം പടർന്ന് പന്തലിച്ച് മറ്റുള്ളവർക്ക് തണലും ആകാശ പറവകൾക്ക് അഭയവും പ്രതീക്ഷയോടെ വരുന്നവർക്ക് ഫലവും നൽകുന്നത് പോലെയായിരിയ്ക്കണം ജീവിതങ്ങൾ . തന്റെ ജീവിതം കൊണ്ട് മറ്റുള്ളവർക്ക് എന്ത് പ്രയോജനമാണ് ലഭിച്ചത് എന്ന് ഒരു നിമിഷമെങ്കിലും ആലോചിയ്ക്കുന്നത് നന്നായിരിയ്ക്കും.

* **മാതാപിതാക്കൾക്ക് ഞാൻ നല്ലൊരു മകനോ മകളോ ആണോ ?**
* **ജീവിത പങ്കാളിയ്ക്ക് ചേർന്ന തുണയാണോ ?**
* **മക്കൾക്ക് നല്ലൊരു അച്ഛനോ അമ്മയോ ആകാൻ കഴിഞ്ഞോ ?**
* **അയൽക്കാർക്ക് ആശ്രയിയ്ക്കാൻ കഴിയുന്ന ഒരു സഹായിയാണോ ?**
* **സമൂഹത്തിന് പ്രയോജനമുള്ള വ്യക്തിയാണോ ?**

അതെ എന്നാണ് ഉത്തരമെങ്കിൽ അവർ നല്ല വൃക്ഷങ്ങളാണ് എന്ന് നിസ്സംശയം പറയാം .

ദൈവം സ്നേഹമാണ് . ക്രിസ്തുവിന്റെ രാജ്യം സ്നേഹത്തിൽ അധിഷ്ഠിതമാണ്. അവൻ മനസുകളെ കീഴടക്കിയത് സ്നേഹത്തിന്റെ സുഗന്ധം പരത്തിയാണ്. അതുകൊണ്ടാണ് കവി പാടിയത് ""ആയുധമില്ലാതെ രാജ്യം നേടി ക്രിസ്തു ദേവൻ . അതിരുകളില്ലാത്ത സാമ്രാജ്യ വിസ്തൃതി . ആയുധ പാണികൾ തൻ ഹൃത്തിനെ ഭരിയ്ക്കുവാൻ ആയുധമായ് മരക്കുരിശ് മാത്രം "" എന്ന് .

ഫലം പുറപ്പെടുവിയ്ക്കാൻ വേണ്ടി ലഭിയ്ക്കുന്ന ഒരവസരവും പാഴാക്കി കളയരുത്. ചുവട്ടിൽ കോടാലി വീഴുന്ന നേരവും നാഴികയും ആർക്കും നിശ്ചയമില്ല . നൂറ് കൊല്ലം ജീവിയ്ക്കുന്ന പാഴ് വൃക്ഷത്തേക്കാൾ ശ്രേഷ്ഠമാണ് മൂന്നോ നാലോ ദിവസത്തെ ആയുസ്സ് മാത്രമുള്ള വയലിലെ പുഷ്പങ്ങൾ . ചിരിയ്ക്കുന്നവരോട് കൂടെ ചിരിക്കുവാനും കരയുന്നവരോടുകൂടെ കരയുവാനും കഴിയണം . രോഗക്കിടക്കയിൽ പറയേണ്ട ആശ്വാസ വചനങ്ങൾ സെമിത്തേരിയിൽ ചരമ പ്രസംഗമായി പറയുന്നതുകൊണ്ട് ആർക്കും പ്രയോജനമില്ല. മുഖത്ത് നോക്കി പറയേണ്ട അനുമോദനം മരണശേഷം മാർബിൾ കല്ലറകളിൽ എഴുതി വയ്ക്കുന്നത് മൗഢ്യമാണ് . വേദനിയ്ക്കുന്ന മിഴികളിൽ ആർദ്രമായി നോക്കി , കൈയിൽ മൃദുവായി സ്പർശിച്ച് സ്നേഹത്തോടെ ഒരു പുഞ്ചിരി സമ്മാനിയ്ക്കുവാൻ കഴിയണം . ഞാനുണ്ട് കൂടെ എന്നൊരു ധൈര്യം സമ്മാനിയ്ക്കുവാൻ കഴിയണം . അല്ലെങ്കിൽ തൊട്ടടുത്ത ഭവനത്തിൽ നിന്നും ഒരുനാൾ കൂട്ടനിലവിളി ഉയരുമ്പോൾ സഹതാപത്തിന്റെ മുതലക്കണ്ണീർ ഒഴുക്കി ആത്മ വഞ്ചന കാട്ടിയതിന് മനസാക്ഷിയുടെ കോടതിയിൽ ജീവിതാന്ത്യം വരെ കുറ്റക്കാരനായി നിൽക്കേണ്ടി വരും. അല്ലെങ്കിലും മരിച്ചു കഴിഞ്ഞ് നെഞ്ചത്ത് പൂവ് കൊണ്ടുള്ള വലിയ റീത്ത് വയ്ക്കുന്നതിലും നല്ലത് ജീവിച്ചിരിയ്ക്കുമ്പോൾ കൈയ്യിൽ ഒരു ചെറിയ പൂമൊട്ട് കൊടുക്കുന്നതല്ലേ ?




# മിഷൻ സാന്ത്വന യാത്ര

## ഒരു യാത്രാവിവരണം



**ബിജു ജോർജ്ജ്**
**പ്രസിഡന്റ്, MCA തിരുവല്ല മേഖല.**




MCA തിരുവല്ല മേഖല ഗുഡ്ഗാവ് ഡൽഹി ഭദ്രാസനത്തിലെ പഞ്ചാബ്, ജമ്മു , ഉത്തർപ്രദേശ്, ഹരിയാന, ഡൽഹി എന്നീ സംസ്ഥാനങ്ങളിലെ വിവിധ മിഷനുകൾ സന്ദർശിക്കുവാൻ എടുത്ത തീരുമാനം എന്തുകൊണ്ടും പരിശുദ്ധാത്മ പ്രേരിതമെന്ന് കരുതുന്നു. അത്രയേറെ ഹൃദ്യമായ ഒരു അനുഭവമായിരുന്നു ആ യാത്ര. മലങ്കര സഭയുടെ മിഷൻ കേന്ദ്രങ്ങളിലൂടെയുള്ള ഞങ്ങളുടെ കുറച്ചു ദിനരാത്രങ്ങൾ...

### ഈ യാത്ര ഒരു തീർത്ഥാടന യാത്ര.

പലയിടത്തും യാത്രകൾ നടത്തിയിട്ടുണ്ടെങ്കിലും പലരെയും കണ്ടുമുട്ടിയിട്ടുണ്ടെങ്കിലും ഈ പ്രത്യേക യാത്രയുടെ ജിജ്ഞാസയിൽ ആയിരുന്നു ഞങ്ങൾ; തിരുവല്ല മേഖലയിലെ വിവിധ ഇടവക പള്ളികളിൽ നിന്നുമുള്ള വൃദ്ധരും, കുട്ടികളും, കുടുംബങ്ങളും ഉൾപ്പെടുന്ന 20 പേരടങ്ങുന്ന ഒരു സംഘം, 2024 ഏപ്രിൽ 27 നു ബഹു. ഫാ. ജസ്റ്റിൻ ഓലിക്കൽ ഫ്ളാഗ് ഓഫ് ചെയ്ത യാത്ര പ്രാർത്ഥനയോടെ തിരുവല്ലയിൽ നിന്ന് ബഹു. ഫാ. മാത്യു വാഴയിലിന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി പള്ളിയിൽ അതിരാവിലെ രണ്ട് മണിയ്ക്ക് വിശുദ്ധ കുർബാന അർപ്പിച്ച് ആരംഭിച്ചു.

### കൊച്ചിയിൽ നിന്നും ഡൽഹി എയർപ്പോർട്ടിൽ.

പകൽ 6 മണിക്ക് കൊച്ചി വിമാനത്താവളത്തിൽ എത്തുകയും അവിടെനിന്ന് വിമാനമാർഗ്ഗം രാവിലെ 10 മണിയോടുകൂടി ഡൽഹി എയർപോർട്ടിൽ എത്തുകയുണ്ടായി. ഡൽഹി എയർപോർട്ടിൽ ബഹു.



ഫാ. സാം പതാക്കലിന്റെ നേതൃത്വത്തിൽ ഡൽഹി ഭദ്രാസനം എംസിഎ ഭാരവാഹികൾ ഞങ്ങളെ സ്വീകരിക്കുവാൻ നേരത്തെതന്നെ ഒരു വാഹനവുമായി എത്തിയിരുന്നു. ബൊക്കെ നൽകിയാണ് ഞങ്ങളെ അവർ സ്വീകരിച്ചത്. ഞങ്ങൾക്കായി ഉച്ചഭക്ഷണവും കരുതിയിരുന്നു. ഹൃദ്യമായ സ്വീകരണം.

## ഡൽഹി എയർപ്പോർട്ടിൽ നിന്നും ജലന്ധറിലേക്ക്...

ഡൽഹി to ജലന്തർ ദീർഘമായ ഒരു യാത്രയായിരുന്നു. ജലന്തറിലേയ്ക്കുള്ള യാത്രാമധ്യേ ചെറിയ തടസ്സങ്ങൾ (ടയർ മാറേണ്ടി വന്നു, ഡൽഹിയിലേക്ക് കർഷകർ വരാതിരിക്കാൻ ഹൈവേ ബ്ലോക്ക് ചെയ്തതുമൂലം അൽപ്പദൂരം കറങ്ങി യാത്ര ചെയ്യേണ്ടിവന്നു) ഉണ്ടായെങ്കിലും അത് ഞങ്ങളെ സാരമായി ബാധിച്ചില്ല; എങ്കിലും ജലന്ധറിൽ ഞങ്ങൾ എത്തുമ്പോൾ ഒത്തിരി വൈകിയിരുന്നു. ജലന്ധറിലെ ഇടവക ജനങ്ങൾ ഞങ്ങൾ വൈകിട്ട് പത്തുമണിക്ക് എത്തുമെന്ന് കരുതി ഞങ്ങൾക്കായി വിഭവ സമൃദ്ധമായ കേരള ഭക്ഷണം അവർ തയ്യാറാക്കി കാത്തിരുന്നെങ്കിലും രാത്രി ഒരു മണിക്ക് ഞങ്ങൾ എത്തിയപ്പോഴേക്കും അവർ പോയിരുന്നു. പള്ളിയുടെ അടുത്ത് തന്നെയുള്ള ലാറ്റിൻ സഭയുടെ പാസ്റ്റർ സെന്ററിൽ ഞങ്ങൾ അന്തിയുറങ്ങി. പിറ്റേദിവസം ഞായറാഴ്ച ആയതുകൊണ്ട് തന്നെ ഞങ്ങൾ അതിരാവിലെ തന്നെ ഉണർന്നു 7 മണിക്ക് ജലന്ധർ ഇടവകയിൽ വിശുദ്ധ കുർബാനയ്ക്ക് സംബന്ധിച്ചു. പകുതി ഹിന്ദിയും പകുതി മലയാളവും ഇടകലർന്ന വിശുദ്ധ കുർബാന. ഞങ്ങൾ സന്ദർശകരെ ഒഴിച്ചാൽ ആകെ 15 അംഗങ്ങൾ അതിൽ അഞ്ചുപേർ മദ്ബഹായിലും ബാക്കി അംഗങ്ങൾ ഹൈക്കലായിരുന്നുവെങ്കിലും പരിശുദ്ധാരൂപിയുടെ സാന്നിധ്യം വളരെ അനുഭവിക്കുവാൻ സാധിച്ചു.

രാത്രിയിൽ ഞങ്ങൾക്ക് ഭക്ഷണമൊരുക്കി കാത്തിരുന്ന അവിടുത്തെ പ്രേക്ഷിതരായ ഇടവക ജനങ്ങളെ ഞങ്ങൾ കണ്ടു. അതിൽ പഞ്ചാബി കുടുംബങ്ങളും ഉണ്ടായിരുന്നു. ഒരു വീടാണ് ദൈവാലയമായി ക്രമീകരിച്ചിട്ടുള്ളത്. താഴത്തെ നില പാർസനേജ് ആയും മുകളിലത്തെ നില ചെറിയ പള്ളിയായും രൂപപ്പെടുത്തിയിരിക്കുന്നു. വിശുദ്ധ കുർബാനയ്ക്ക് ശേഷം ഡൽഹി സൺഡേ സ്കൂളിൽ റാങ്ക് നേടിയ മൂന്നു കുട്ടികളെ അനുമോദിച്ചു. സന്ദർശകരായ ഞങ്ങളിൽ ഒരാൾ എല്ലാവർക്കും ഒരു തുക സമ്മാനമായി നൽകി. ഞങ്ങളുടെ സാന്നിധ്യം അവർക്ക് ഏറെ അത്ഭുതവും സന്തോഷവും ആയിരുന്നു. ഭക്ഷണം കഴിച്ച് ഏറെ താമസിയാതെ ഞങ്ങൾ അടുത്ത മിഷൻ കേന്ദ്രത്തിലേക്ക് തിരിച്ചു.

## ജലന്ധറിൽ നിന്നും ഫിറോസ്പൂരിലേയ്ക്ക്...

ഫിറോസ്പൂർ മിഷനിലേയ്ക്ക് ഞങ്ങളെ നയിച്ചത് ബഹു. ഫാ. സാം പതാക്കൽ ആയിരുന്നു. അവിടെ പഞ്ചാബി ഭാഷയിൽ മലങ്കര കുർബാനയിൽ സംബന്ധിച്ചത് ഒരു അനുഭവമായിരുന്നു.

പൂർണ്ണമായും പഞ്ചാബിയിലുള്ള വിശുദ്ധ കുർബാന നല്ല ഉച്ചത്തിൽ പ്രതിവാക്യങ്ങൾ ചൊല്ലുകയും ആലപിയ്ക്കുകയും ചെയ്യുന്ന വിശ്വാസികൾ എല്ലാവരും ആ പ്രദേശത്ത് ഉള്ള കുടുംബാംഗങ്ങൾ തന്നെയായിരുന്നു. ഒരു വൃദ്ധനായ മനുഷ്യൻ ദൈവസ്നേഹത്താൽ സൗജന്യമായി നൽകിയ സ്ഥലത്ത് നിർമ്മിച്ചതാണ് പള്ളി. ഒരു ചെറിയ ഗ്രാമം ആയിരുന്നു അത്. ഞങ്ങൾ ചെല്ലുമ്പോൾ ഗോതമ്പ് കൊയ്തതിന് ശേഷം കാലാ പെറുക്കി പാറ്റിയെടുക്കുന്നവരെ ഞങ്ങൾ കണ്ടു. അപ്പോൾ പഴയ നിയമത്തിലെ ഒരു വേദവാക്യമാണ് ഓർമ്മയിൽ വന്നത്. 'നിങ്ങൾ വിളവെടുക്കുമ്പോൾ മുഴുവൻ എടുക്കരുത് കാലാപുരന്നവർക്കും പക്ഷികൾക്കുമായി അല്പം മിച്ചം വയ്ക്കണം'. (ലേവ്യ :23:22) സ്ത്രീകളും പെൺകുട്ടികളും നല്ല വൃത്തിയായി വേഷം ധരിച്ചിരിക്കുന്നു. തലപ്പാവ് ധാരികളായ പുരുഷന്മാർ, അല്പം മുഷിഞ്ഞ മുണ്ടും, കൈലിയും ഉടുത്ത വൃദ്ധന്മാരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നുവെങ്കിലും അവരുടെ മുഖങ്ങളിൽ ദൈവത്തോടുള്ള വിശ്വാസവും സ്നേഹവും ആരാധനയും ഏറെ വ്യക്തമായിരുന്നു. വിശുദ്ധ കുർബാനയ്ക്ക് ശേഷം ഞങ്ങളെ എല്ലാവരെയും അവരുടെ വീടുകളിൽ നിന്നും നിർമ്മിച്ചു കൊണ്ടുവന്ന പൂമാലയിട്ട് അവർ സ്വീകരിച്ചു. അവർക്കെല്ലാവർക്കും ഞങ്ങൾ ജപമാലയും ഫോട്ടോകളും സമ്മാനമായി നൽകി.

അതിനുശേഷം അവിടുത്തെ ഹാളിൽ ഞങ്ങൾക്ക് വേണ്ടി അവർ പാട്ടുകളും നൃത്തങ്ങളും ഒക്കെ തയ്യാറാക്കി അവതരിപ്പിച്ചു 'ദൈവസ്നേഹം വർണ്ണിച്ചിടാൻ വാക്കുകൾ പോരാ 'എന്ന മലയാളം ഗാനം പഞ്ചാബി കുട്ടികൾ ആലപിച്ചത് ഞങ്ങൾ കൗതുകവും ആശ്ചര്യവുമുളവാക്കി. അവരുടെ തനതായ ഭക്ഷണം ഞങ്ങൾക്ക് നൽകി അതിനുശേഷം തിരുവല്ല മേഖല ആ ഇടവകയ്ക്ക് നൽകിയ തണുത്ത വെള്ളം ലഭിക്കുന്ന വലിയഫിൽറ്റർ കൂളർ മാത്യു വാഴയിലച്ചൻ ഉദ്ഘാടനം ചെയ്തു. കുട്ടികൾ വളരെ അതിശയത്തോടുകൂടി അതിൽ നിന്ന് വെള്ളം കുടിക്കുകയും ആശ്ചര്യപ്പെടുകയും ചെയ്യുന്നത് ഞങ്ങൾ സന്തോഷത്തോടെ നോക്കി നിന്നു. സാം പതാകൽ അച്ചനിൽ നിന്നും ഞങ്ങളുടെ നേതൃത്വം മാത്യു കുറ്റിയിൽ അച്ചൻ ഏറ്റെടുത്തു.

മാത്യു കുറ്റിയിൽ അച്ചൻ ഞങ്ങളെ ആ ഇടവക ജനങ്ങളുടെ ഭവനങ്ങൾ കാണിക്കുന്നതിനായി കൊണ്ടുപോയി. ഇഷ്ടിക കട്ടകൾ മണ്ണിൽ കെട്ടിപ്പൊക്കിയ ഒറ്റമുറി വീടുകൾ. വെയിലും മഴയും ഏൽക്കാതെ അന്തിയുറങ്ങാൻ ഒരിടം അത്രമാത്രം. അതിന്റെ പരിസരത്ത് കട്ടയിൽ കെട്ടിയുയർത്തിയ ശുചിമുറി എന്ന് പറയാവുന്ന ഒരു ഒരു സ്ഥലം രണ്ടിനും വാതിൽ എന്നുപറയുന്നത് തുണി കർട്ടൻ മാത്രമായിരുന്നു. മുറ്റം എന്ന് പറയുന്ന സ്ഥലത്ത് മണ്ണിൽ കെട്ടി ഉണ്ടാക്കിയ ഒരു അടുപ്പ് ഉണ്ടായിരുന്നു അതിനുള്ളിൽ ചാണകപ്പൊടി വച്ച് കത്തിച്ചാണ് പാചകം. വീടുകൾക്കും ബാത്റൂമുകൾക്കും വേണ്ട വാതിലുകൾ നിർമ്മിക്കാനുള്ള സൗകര്യം ഞങ്ങൾ ചെയ്തു കൊടുക്കാമെന്ന് ഏറ്റു.

സാമാന്യം വലിയ ഒരു വീട്ടിലേക്കായിരുന്നു ഞങ്ങളെ മാത്യു കുറ്റിയിൽ അച്ചൻ കൊണ്ടുപോയത്. രണ്ടു മുറി സിറ്റൗട്ട് അടങ്ങുന്ന ഒരു വീട് അതിനു ചുറ്റും ഒരു കോമ്പൗണ്ട് കെട്ടിയിരുന്നു, അതിന് ഒരു ഗേറ്റ് ഉണ്ടായിരുന്നു. ആ ഗേറ്റ് അടച്ചാൽ എല്ലാം ഭദ്രമായി എന്ന് അവർ കരുതി. 13 അംഗങ്ങൾ അവിടെ ഉണ്ടായിരുന്നു,

അപ്പനും അമ്മയും സഹോദരങ്ങളും അടങ്ങുന്ന കുടുംബം. വളരെ സന്തോഷമായി കഴിഞ്ഞിരുന്ന അവരുടെ കുട്ടികൾ നല്ല വിദ്യാഭ്യാസമുള്ളവർ ആണ്. ഒരു മകൻ ഡോക്ടർ ആണെന്ന് പറഞ്ഞു അവന്റെ വിവാഹം കഴിഞ്ഞതേ ഉണ്ടായിരുന്നുള്ളൂ.

പിന്നീട് അംഗപരിമിതനായ ഇടവകാംഗത്തിന്റെ വീട്ടിലേക്കാണ് പോയത്. വീടിനോട് ചേർന്ന് ഒരു കട ഉപജീവനത്തിനായി അവൻ നടത്തിയിരുന്നു. അതിലേക്ക് സാധനങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം ഞങ്ങൾ ചെയ്തു. അവിടെനിന്ന് വീണ്ടും അടുത്ത മിഷൻ കേന്ദ്രത്തിലേയ്ക്ക്...

## ഫിറോസ്പൂരിൽ നിന്നും മോഗ മിഷനിലേയ്ക്ക്...

ഒന്നര മണിക്കൂർ യാത്രയുണ്ടായിരുന്നു ഫിറോസ്പൂരിൽ നിന്നും മോഗ മിഷൻ കേന്ദ്രത്തിലേക്ക്. ഇരു നില കെട്ടിടം, അടുത്തയിടെ കൂദാശ ചെയ്ത ചെറിയ ദൈവാലയം മുകളിലെ നിലയിൽ ആണ്. താഴത്തെ ഹാളിൽ ഞങ്ങളെ സ്വീകരിക്കാൻ പഞ്ചാബികളായ ഇടവകക്കാർ ഏറെ നേരമായി കാത്തുനിൽക്കുകയായിരുന്നു. അവർക്ക് വലിയ സന്തോഷമായി കേരളത്തിൽ പദയാത്രയ്ക്കായി പല പ്രാവശ്യം എത്തിയിട്ടുള്ളവരാണ് അവരിൽ പലരും.

## മോഗയിൽ നിന്നും മുല്ലം പൂർ മിഷനിലേയ്ക്ക്

ബഥനി വൈദീകർ നേതൃത്വം കൊടുക്കുന്ന മിഷൻ കേന്ദ്രമാണ് മുല്ലം പൂരിലേത്. ബഥനിയിലെ ഫാ. ജോസഫ് കളീക്കൽ ന്റെ ഫേസ്ബുക്ക് വീഡിയോകളാൽ പലർക്കും സുപരിചിതമായ മിഷനാണിത്. ഞങ്ങളെ ഗ്രാമത്തിലെ ചേരിപ്രദേശത്തുള്ള സ്കൂളിലേക്കാണ് കൂട്ടികൊണ്ടു പോയത്. ഗ്രാമത്തിന്റെ ഇടവഴിയിലൂടെ സഞ്ചരിച്ചാണ് അവിടെ എത്തിയത്. അവിടുത്തെ കാഴ്ച ഞങ്ങളെ ഏറെ അമ്പരപ്പിച്ചു, ജോസഫ് അച്ചനെ കണ്ടതോടുകൂടി 15 വയസ്സിൽ താഴെ വരുന്ന 100 ൽ പരം കുട്ടികൾ അവിടെ ഓടിയെത്തി. ജോസഫ് അച്ചന്റെ ബുള്ളറ്റിലും തോളിലും ദേഹത്തും എല്ലാം നീറുകൾ (ഉറുമ്പ്) പോലെ കുട്ടികൾ പൊതിഞ്ഞു. 'ശിശുക്കൾ എന്റെ അടുക്കൽ വരട്ടെ അവരെ തടയേണ്ട' എന്ന യേശുവിന്റെ ഒരു ഭാവം ഞാൻ അവിടെ കണ്ടു.

തിരുവല്ല മേഖല നിർമ്മിച്ചു നൽകുന്ന മൂന്ന്

വീടുകൾ സന്ദർശിക്കുന്നതിനായി ഞങ്ങൾ പോയി. മുൻപ് കണ്ടതു പോലെ ഇഷ്ടിക കെട്ടിയ ഒറ്റമുറി വീട്. ഒരു അടുക്കള, സിറ്റൗട്ട്, ബാത്റൂം മുകളിൽ ഷീറ്റ്, അവരെ സംബന്ധിച്ച് ഒരു കുടുംബത്തിന് സ്വസ്ഥമായി താമസിക്കാൻ ഇത് അധികമാണ്. അതിന്റെ നിർമ്മാതാക്കൾ ജോസഫ് അച്ചനും ആ വീടിന്റെ ഉടമസ്ഥരും ആണ് എന്നത് ആശ്ചര്യപ്പെടുത്തി! ഞങ്ങൾ കണ്ട കുട്ടികളിൽ അധികവും മാതാപിതാക്കളുടെ ശ്രദ്ധയില്ലാതെ വളരുന്ന കുട്ടികളാണ്. അവർക്ക് വിദ്യാഭ്യാസം നൽകി വളർത്തിയെടുക്കാൻ പരിശ്രമിക്കുകയാണ് ബഥനി വൈദീകർ. അതിന്റെ പുറകിലായി സ്ത്രീകൾക്ക് തയ്യൽ ക്ലാസ്സ് നടക്കുന്നുണ്ട്. അവിടെയും ഞങ്ങൾ അയുടെ ചെറിയ ധന സഹായം നൽകി. അന്ധവിശ്വാസത്തിന്റെ പേരിൽ ചികിത്സ നൽകാതെ മരിക്കാറായ ഒരു കുട്ടിയെ ജോസഫ് അച്ചൻ രക്ഷപ്പെടുത്തിയത് അവർക്ക് വിശ്വാസത്തിലേക്ക് വരുന്നതിന് ഒരു വഴിയായി. ഞങ്ങൾ കൊണ്ടുപോയ പുതിയ വസ്ത്രങ്ങൾ അവർക്ക് നൽകി. വൈദീകരുടെയും സന്യസ്തരുടെയും കുറവ് മിഷൻ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. സന്നദ്ധരായ മിഷൻ പ്രവർത്തകരെ ഈ മേഖലയിലേക്ക് അയച്ചാൽ ശക്തമായ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും. മിഷൻ കേന്ദ്രങ്ങളിലെ ഗ്രാമപ്രദേശത്ത് ജീവിക്കുന്നവരുടെ അടിസ്ഥാന വികസനം മറ്റൊരു പ്രധാനവിഷയമാണ്. ആരോഗ്യം വിദ്യാഭ്യാസം തൊഴിൽ മേഖല എന്നിവക്ക് ഊന്നൽ കൊടുത്ത്കൊണ്ടുള്ള പ്രവർത്തനമാണ് അഭികാമ്യം.അതിന് ശക്തമായ സാമ്പത്തിക

പിന്തുണയും ആവശ്യമാണ്. നമ്മുടെ പല ദേവാലയങ്ങളും ഒരോ മിഷൻ ഏറ്റെടുത്ത് നേതൃത്വം കൊടുക്കണം. വീടുകൾക്ക്




വേണ്ടിയുള്ള തുക ജോസഫ് അച്ചനെ ഏൽപ്പിച്ചു ഞങ്ങൾ അന്നത്തെ യാത്ര അവസാനിപ്പിച്ചു. അതിരാവിലെ തന്നെ ഞങ്ങൾ അടുത്ത സ്ഥലമായ കപൂർത്തലയിലേക്ക് തിരിച്ചു.

## മുല്ലം പൂർ മിഷനിൽ നിന്നും കപൂർത്തല വഴി വാഗ ബോർഡർ.

രണ്ടര മണിക്കൂർ യാത്രയുണ്ട് കപൂർത്തലയിലേക്ക്, മേരീ മക്കൾ (ഉങ്ങ) സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ എത്തി വിശുദ്ധ കുർബാനയിൽ സംബന്ധിയ്ക്കാൻ സാധിച്ചു. പ്രഭാത ഭക്ഷണം അവിടെയാണ് തയ്യാറാക്കിയിരുന്നത്.പഞ്ചാബായതുകൊണ്ടുതന്നെ പ്രഭാത ഭക്ഷണത്തിനും ഗോതമ്പ് പായസം ഉണ്ടായിരുന്നു. അവർ തന്നെ കെട്ടി ഉണ്ടാക്കിയ ജപമാല ഞങ്ങൾക്ക് തന്നു ഞങ്ങളിൽ പലരും അവിടുന്ന്




ജപമാല വിലക്ക് വാങ്ങുകയും ചെയ്തു. സന്തോഷത്തോടെ അവിടുന്ന് യാത്ര തിരിച്ചു സുവർണ്ണ ക്ഷേത്രം സന്ദർശിക്കുന്നതിനായി എത്തിച്ചേർന്നു വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു ഉച്ചഭക്ഷണം സുവർണ്ണ ക്ഷേത്രത്തിൽ നിന്ന് കഴിച്ചു പ്രത്യേകമായി ശ്രദ്ധിച്ച ഒരു കാര്യം അവിടത്തെ സേവന മനോഭാവമാണ് മറ്റൊന്ന് ഇത്രയധികം ആളുകൾക്ക് 24 മണിക്കൂറും ഭക്ഷണം നൽകുന്നത് അതിശയിപ്പിക്കുന്ന കാര്യം തന്നെയാണ്. അവിടുന്ന് ഞങ്ങൾവാഗാബോർഡിൽഎത്തിധീരജവാന്മാരുടെ രാജ്യസ്നേഹം തുളുമ്പുന്ന പ്രകടനങ്ങൾ വീക്ഷിച്ചു. മടങ്ങാൻ സമയമായപ്പോൾ ഒരു ശക്തമായ കാറ്റ് പാകിസ്ഥാനിൽ നിന്നും ഇന്ത്യയിലേക്ക് അടിച്ചു അതിന്റെ പിന്നാലെ ശക്തമായ മഴയും അതിനെ ചെറുക്കുന്നതിനായി ഞങ്ങൾ ഒരു ബിൽഡിങ്ങിന്റെ അടിയിലേക്ക് എത്തി അപ്പോൾ നേരം സന്ധ്യ ആയിരുന്നു, അവിടുന്ന് ഇനി ദീർഘമായ യാത്രയാണ് ഡൽഹിയിലേക്ക് ഇടയ്ക്കുവെച്ച് ഞങ്ങളുടെ യാത്രയ്ക്ക് നേതൃത്വം നൽകി കൂടെയുണ്ടായിരുന്ന മാത്യു കുറ്റിയിലച്ചൻ യാത്ര പറഞ്ഞ് പിരിഞ്ഞു.

## ഗുഡ്ഗാവ് ഭദ്രാസന അരമനയിൽ

പിറ്റേ ദിവസം രാവിലെ 7 മണിയോടുകൂടി ഗുഡ്ഗാവ് ഭദ്രാസന അരമനയിൽ എത്തി. അവിടെ അടുത്തായി ഒരു അപ്പാർട്ട്മെന്റിൽ ഞങ്ങൾക്ക് താമസം ക്രമീകരിച്ചിരുന്നു. എട്ടുമണിയോടുകൂടി അഭിവന്ദ്യ ആബൂൻ തോമസ് മോർ അന്തോണിയോസ് മെത്രാപ്പോലീത്തായെ സന്ദർശിച്ചു. പ്രഭാത ഭക്ഷണം കഴിച്ചിറങ്ങുമ്പോൾ അവിടെ സോഷ്യൽ സർവീസ് സൊസ!!ൈ!!റ്റി ഡൽഹിയിലെ മാനസസരോവർ ചേരിയിലെ കുട്ടികൾക്ക് കൊടുക്കുന്നതിനായി 750 ഓളം ഭക്ഷണം തയ്യാറാക്കുന്നുണ്ടായിരുന്നു. അന്നത്തെ ഭക്ഷണം തിരുവല്ല മേഖലയുടെ വകയായിട്ടായിരുന്നു അതുകൊണ്ടുതന്നെ ഞങ്ങളും പാചകം ചെയ്യുന്നതിൽ പങ്കുചേർന്നു. ഉച്ചയോടു കൂടി അത് വിതരണം ചെയ്യുന്നതിനായി ഞങ്ങൾ ചേരിയിലേക്ക് പോയി കിലോമീറ്റർ നീണ്ടുകിടക്കുന്ന ഒരു വഴി ഫ്ളക്സ്, തുണികൾ, പ്ലാസ്റ്റിക് ഷീറ്റുകൾ, ഇവകൊണ്ടു നിർമ്മിച്ച ചെറിയ ചെറിയ കുടിലുകൾ മുകളിലൂടെ ഒരു മെട്രോ ലൈൻ കടന്നുപോകുന്നു സ!!ൈ!!ഡിലൂടെ റെയിൽവേ ലൈനും കടന്നുപോകുന്നുണ്ട്. ഇതിന്റെ ഇടയിൽ ചിലർ കടകളും നടത്തുന്നുണ്ട് ജനങ്ങൾ ഇങ്ങനെയും ജീവിക്കുന്നു എന്നത് അമ്പരപ്പിക്കുന്ന കാഴ്ചയായിരുന്നു. ആ വഴിയുടെ

അറ്റത്തായി ഒരു ചെറിയ ഷെഡ് (ഇത് ബാർണബാസ് തിരുമേനി സ്ഥാപിച്ചതായിരുന്നു) അവിടെ കുറച്ചു കുട്ടികൾ പഠിക്കാൻ ആയിട്ട് ഇരിക്കുന്നു. അർദ്ധ വസ്ത്ര ധാരികളായ ആൺകുട്ടികൾ മുഴുവൻ വസ്ത്രം ധരിച്ച പെൺകുട്ടികൾ മിക്കതും മുഷിഞ്ഞതും കീറിയതും ഞങ്ങളുടെ വാഹനം കണ്ടത് അവർക്ക് സന്തോഷമായി, അപ്പോൾ തന്നെ പുറത്തുനിന്ന് കുറെ കുട്ടികൾ ഓടിയെത്തി പാത്രവുമായി, അധ്യാപകൻ എന്ന് പറയുന്ന ഒരാൾ അവിടെ ഉണ്ടായിരുന്നു അയാൾ പറഞ്ഞു 'ആദ്യം പഠിക്കുന്ന കുട്ടികൾക്ക്, അത് കഴിഞ്ഞ് നിങ്ങൾക്ക്, നാളെ ക്ലാസ്സിൽ വരികയാണെങ്കിൽ നിങ്ങൾക്കും ഇതുപോലെ നേരത്തെ ലഭിക്കും.' കുട്ടികളെല്ലാം സമ്മതിച്ചതുപോലെ തലയാട്ടി, ചോറും, ദാൽ, കറിയും, മുട്ട റോസ്റ്റും സമൃദ്ധമായ ഭക്ഷണം സന്തോഷത്തോടെ എല്ലാവരും വാങ്ങി കുടിലിലേക്ക് കൊണ്ടുപോയി. ഉച്ചകഴിഞ്ഞ് അമ്മമാർക്കുള്ള തയ്യൽ ക്ലാസ് ട്രെയിനിങ് ആണ് അവിടെ നടക്കുക. അതിന്റെ ഒരു മൂലയിൽ ഒരു കമ്പ്യൂട്ടറുമായി ഒരാൾ ഇരിപ്പുണ്ട്. സർക്കാർ സംബന്ധമായ കാർഡുകൾ തയ്യാറാക്കി കൊടുക്കുന്നതിനാണ് അതും സഭയുടെ ഒരു സേവനമാണ്. തിരിച്ചു മടങ്ങുമ്പോൾ കണ്ട കാഴ്ച കൊച്ചു കുട്ടികൾ റെയിൽവേ ട്രാക്കിലൂടെയും ചവറുകൾക്കിടയിലൂടെ അലസമായി നടക്കുന്നു ആർക്കും ആരെയും ശ്രദ്ധയില്ല ഭയവുമില്ല. ഉച്ചകഴിഞ്ഞ് ഞങ്ങൾ മുൻ പ്രധാനമന്ത്രിമാരായ ഇന്ദിരാഗാന്ധി, രാജീവ് ഗാന്ധി എന്നിവരുടെ ഭവനങ്ങൾ സന്ദർശിച്ചു. മറ്റ് ചില സ്ഥലങ്ങളും ഇ. ആ. ഇ. ക. ഓഫീസും സന്ദർശിച്ച് വൈകുന്നേരത്തോടെ തിരിച്ചെത്തി കുളിച്ച് ഫ്രഷ് ആയി. ആറുമണിക്ക് വിശുദ്ധ കുർബാന അതിനുശേഷം ഡൽഹി മേഖല ഒരുക്കിയ സ്വീകരണം ആ മീറ്റിങ്ങിൽ വച്ച് ഞങ്ങളെ അവർ അഭിനന്ദിച്ചു, അഭിവന്ദ്യ അന്തോണിയോസ് തിരുമേനി വികാരി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട് ഉൾപ്പെടെയുള്ള വൈദികരും, ഗുഡ്ഗാവ് ഭദ്രാസന ഒഇഅ പ്രസിഡണ്ടും സന്നിഹിതരായിരുന്നു. മീറ്റിങ്ങിൽ വച്ച് ചേതന സോഷ്യൽ സർവീസ് സൊസ!!ഒെ!!റ്റിക്ക് ഉള്ളതായ സംഭാവനയും ഞങ്ങൾ നൽകി. ശേഷം ഡൽഹി മേഖലയുടെ വകയായിട്ടുള്ള ഗംഭീരമായ ഭക്ഷണം കഴിച്ച് അന്നത്തെ ദിവസം അവസാനിപ്പിച്ചു.

നാലാം ദിവസം അതിരാവിലെ ഉണർന്നു അന്ന് ഡൽഹി ദർശനാണ് പ്ലാൻ ചെയ്തിരുന്നത്, കുത്തബ്മിനാർ, ലോട്ടസ് ടെമ്പിൾ, രാജഘട്ട് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു.

അഞ്ചാം ദിവസം അതിരാവിലെ തന്നെ ഞങ്ങൾ ആഗ്രയിലേക്ക് പോയി അതിശയിപ്പിക്കുന്ന ഹൈവേ മിന്നായം പോലെ പായുന്ന വാഹനങ്ങൾ ഞങ്ങൾ താജ്മഹലിലെത്തി (അവിടെ എത്തിയപ്പോൾ പലരും മുംതാസും ഷാജഹാനും ആയി) കാഴ്ച കണ്ടു ഫോട്ടോ എടുത്തു നേരെ ആഗ്ര കോട്ട, അതിനും ശേഷം മിഷൻ സന്ദർശനം ശേഷം അവിടുന്ന് രാത്രിയോടുകൂടി ഡൽഹിയിൽ തിരിച്ചെത്തി.

ആറാം ദിവസം രാവിലെ കത്തീഡ്രൽ പള്ളിയിൽ വിശുദ്ധ കുർബാന, ബർണ്ണബാസ് പിതാവിന്റെ കബറിങ്കൽ ധൂപപ്രാർത്ഥന, പ്രഭാത ഭക്ഷണം അതിനുശേഷം വീണ്ടും ഡൽഹി ദർശൻ, പാർലമെന്റ്, രാജഭവൻ, ഇന്ത്യ ഗേറ്റ്, അതിനുശേഷം അല്പം പർച്ചേസിംഗ് കഴിഞ്ഞ് രാത്രി വീണ്ടും ഉറങ്ങാൻ സമയമില്ല;

## ഡൽഹി എയർപോർട്ടിൽ നിന്നും കൊച്ചിയിലേയ്ക്ക്.

രാത്രി 2:00 മണിക്ക് യാത്ര തിരിക്കണം രാവിലെ അഞ്ചുമണിക്കാണ് മടക്കം ഫ്ലൈറ്റ് രാവിലെ 7 മണിയോടുകൂടി കൊച്ചിയിലെത്തി. അവിടെ നിന്ന് ഞങ്ങൾക്കായി തയ്യാറാക്കിയത് പോലെ ഒരു പത്തനംതിട്ട സൂപ്പർഫാസ്റ്റ് അതിൽ ഞങ്ങളെല്ലാവരും കയറി ഓരോരുത്തർ അവരുടെതായ സ്ഥലങ്ങളിൽ കൃത്യമായി ഇറങ്ങാൻ സാധിച്ചു. ദൈവം എല്ലാം ഞങ്ങൾക്കായി ക്രമീകരിച്ചു തന്നു. ഞങ്ങൾ സന്ദർശിച്ച ഇടങ്ങൾക്കായി, ഞങ്ങൾ കണ്ട കുട്ടികൾക്കായി, ആഴ്ചയിൽ ഒരു ദിവസം കൂടി ഉപവസിച്ചു പ്രാർത്ഥിക്കുവാൻ ഉള്ള ഒരു പ്രേരണ ഞങ്ങൾക്ക് ലഭിച്ചു. വയലിലെ ലില്ലികളെ നോക്കുവിൻ അവ നൂൽക്കുന്നില്ല എങ്കിലും എത്ര സൗന്ദര്യമായി ദൈവം അവയെ പരിപാലിക്കുന്നു. മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ നമ്മുക്ക് സാധിക്കട്ടെ...



# അറിഞ്ഞിരിക്കാം...

**പരിശുദ്ധ മദ്ബഹായിൽ നിന്നും വിശ്വാസസമൂഹം ആയിരിക്കുന്ന ഹൈക്കലയിലേക്കും തിരിച്ചും ധൂപം വീശുന്ന പ്രതീകത്തിന്റെ അർത്ഥം എന്താണ് ?**

സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്ക് ഇറങ്ങിവന്ന ദൈവംലോകം മുഴുവനും വേണ്ടി പാപ പരിഹാരമായി തീർന്നശേഷംദൈവത്വംനഷ്ടപ്പെടാതെ തിരിച്ചു പോയതിന്റെ പ്രതീകമായാണ് ഇപ്രകാരം ചെയ്യുന്നത്.

www.manivilakku.com

**വിശ്വാസപ്രമാണം ചൊല്ലുന്ന സമയത്ത് ദൈവാലയത്തിന്റെ പടിഞ്ഞാറേവാതിൽ വരെ പ്രധാന ശുശ്രുഷകൻ ധൂപം വീശുന്നത് എന്തിനാണ് ?**

വിശ്വാസികൾ അല്ലാത്തവരെ പരിശോധിച്ചു ബഹിഷ്കരിക്കുകയാണ് ഇതിന്റെ ഉദ്ദേശം. ധൂപം വീശി പോകുമ്പോൾ സ്ലീബാ ചിഹ്നം ( കുരിശ് ) വരക്കാത്തവർ വിശ്വാസിയായി ഗണിക്കപ്പെടുന്നില്ല.

സത്യവിശ്വാസികളുടെ വിശ്വാസപ്രതിജ്ഞയെ ദൈവസന്നിധിയിൽ അറിയിക്കുന്നതാണ് ശുശ്രുഷക്കാരൻ മദ്ബഹായുടെ നടയിൽ ചെന്ന് കൈകൾ മലർത്തി ധൂപകലശം താങ്ങി പിടിച്ചുകൊണ്ട് നിന്ന് പറയുന്ന |**ബാറെക്മോർ സ്തൗമെൻകാലോസ്**| അർത്ഥം ആക്കുന്നത്.

# വൈറലായി അച്ചനും പിള്ളേരും







വാളക്കുഴി സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്ക പള്ളിയിലെ യുവജനങ്ങളാണ് ഇപ്പോൾ സോഷ്യൽ മീഡിയയിൽ താരങ്ങൾ.

ഈ കഴിഞ്ഞ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് |വഴിക്കണ്ണ്| എന്ന പേരിൽ അവർ ഒരു കുഞ്ഞ് സേവനവാരം നടത്തി സൈൻബോർഡ് ക്ലീനിങ് ദേവാലത്തിന്റെയും സമീപ പ്രദേശങ്ങളിൽ ഉള്ള കാടുപിടിച്ചതും ചെളി നിറഞ്ഞതുമായ, ദിശ ബോർഡുകൾ, റിഫ്ളക്ടറുകളും, കോൺവെക്സ് മിററുകളും അവർ വൃത്തിയാക്കി

ട്രെൻഡിനനുസരിച്ച് അവർ അവരുടെ സ്വതസിദ്ധമായ ശൈലിയിൽ ഒരു വീഡിയോ തയ്യാറാക്കി തുടർന്നവർ സോഷ്യൽ മീഡിയയിൽ പങ്കുവെക്കുകയും ചെയ്തു നിമിഷങ്ങൾക്കകം പ്രദേശവാസികൾ ജനങ്ങളും ഈ പ്രവർത്തിയെ ഏറ്റെടുത്ത് എന്നത് അത്ഭുതകരമാണ്.

ഞാൻ ഈ ലേഖനം തയ്യാറാക്കുമ്പോൾ ഏകദേശം 11 **ലക്ഷത്തിലധികം** ആളുകൾ ഈ വീഡിയോ കണ്ടു കഴിഞ്ഞു. സോഷ്യൽ മീഡിയയിൽ അഭിനന്ദന പ്രവാഹമാണ് ഈ കുട്ടികൾക്ക് . ഇതുമാത്രമല്ല നിരവധി മാതൃകാപരമായ പ്രവർത്തനങ്ങൾ അവർ മുൻപും ചെയ്തിട്ടുണ്ട് 69 ഓളം കുട്ടികൾക്ക് പഠനോപകരണ വിതരണം എന്നിവയും ഈ അടുത്ത സമയത്ത് തന്നെ അവർ ചെയ്തിരുന്നു യുവജനങ്ങളുടെ ശക്തിയും കൂട്ടായ പ്രവർത്തനത്തിന്റെ ഒരു റിസൾട്ട് ആണ് ഇതിൽനിന്നും നമ്മൾക്ക് കാണാൻ സാധിക്കുന്നത്.



# ഈശോ വസിക്കും കുടുംബം



**റോയി പൂച്ചേരിൽ**
ബഹ്റിൻ

ദൈവിക സ്നേഹത്താൽ ബന്ധിതമാം,
ഇമ്പമേറിടുമീ എൻ കുടുംബം
നസറായൻ കരങ്ങളിൽ സുരക്ഷിതമേ,
മോഹനമല്ലോ എൻ ദൈവവിളി

ആത്മീയ നിറവിൽ അനുബന്ധിതമേ,
പവിത്രത കാത്തീടും എൻ കുടുംബം
കർത്തൻ തൻ ഹൃത്തിൽ ചേർന്നിരിപ്പൂ,
ആഴമാം ബന്ധത്താൽ എന്നുമെന്നും

കൗദാശിക ബന്ധത്തിൽ അനുഷ്ഠിതമായ്,
സമർപ്പിതരായ് മേവും എൻ കുടുംബം
കഷ്ടനഷ്ടങ്ങൾ മാഞ്ഞു പോയീ,
സ്വർഗീയ സന്തോഷം പരിലസിപ്പൂ

പങ്കുവെക്കൽ ഞങ്ങളാസ്വദിക്കും,
തിരുത്തലിൻ വേദിയാം എൻ കുടുംബം
വീഴ്ചകൾ ഒന്നൊന്നായേറ്റെടുത്തു,
സ്വർഗ്ഗത്തിൽ സമ്പാദ്യം നേടീടുന്നു

പ്രാർത്ഥനാ ജീവിതം അനുവർത്തിക്കും,
ഈശോ വസിച്ചീടും എൻ കുടുംബം
സാത്താനും സ!!ൈ!!ന്യവും ഓടിപ്പോയി,
ഭൂമിയിൽ സ്വർഗ്ഗത്തിൻ കൂടാരമായ്

അൾത്താരയിൽ നിത്യം ബലിയായീടും,
നാഥനെ ഉൾക്കൊള്ളും എൻ കുടുംബം
കലവറയില്ലാ തുറവിയല്ലോ,
അനുഗ്രഹദായകൻ നൽകീടുന്നു

തിരു:കുടുംബത്തിൻ മന്ദസ്മിതം,
അലയടിച്ചീടുമീ എൻ കുടുംബം
അവിശ്വസ്തത തൊട്ടു തീണ്ടിയില്ല,
ആനന്ദം കുളിർ കാറ്റായ് വീശിടുന്നു

വിശുദ്ധരെയെന്നും
അനുസ്മരിക്കും,
അനുഗ്രഹം നിറഞ്ഞതാം എൻ കുടുംബം
അമ്മയാം മേരിതൻ മധ്യസ്ഥതയിൽ,
കരുണ തൻ നിറവിലായ് പരിലസിപ്പൂ

ഭൂമിയിൽ സ്വർഗ്ഗമായ് മാറിയല്ലോ,
ശാന്തിതൻ കൂടാരമാം എൻ കുടുംബം
നസറായൻ കരങ്ങളിൽ സുരക്ഷിതമേ,
അനുതാപ ക്രിയകളാൽ സമ്പുഷ്ഠിതവും..






**Titus K John**
Bethany ashram high school
cherukulanji


# Guiding Light

Mother Mary, pure and bright,
In your grace, I find my light.
As I teach, I feel your care,
Helping me each day, aware.

In the classroom, with each child,
Your wisdom keeps me calm and mild.
Through their eyes, I see the way,
To nurture, guide, and help them stay.

On this journey, hand in hand,
Together we firmly stand.
Mother Mary, stay with me,
In my heart, eternally.



# നിങ്ങളുടെ കണ്ണുകൾ എവിടെയായിരുന്നു?

## (where Were Your Eyes)

**അഭിലാഷ് ലാസർ ജോർജ് തേരകത്ത്**
സെൻറ് ജോസഫ് മലങ്കര സുറിയാനി
കത്തോലിക്ക പള്ളി ഇളമണ്ണൂർ

**രാജ്യങ്ങൾ പരസ്പരം പോരടിക്കും:**
**രാജ്യങ്ങൾ പരസ്പരം അക്രമിക്കും:**
**എല്ലായിടത്തും പട്ടിണിയും**
**ഭൂകമ്പവും ഉണ്ടാകും**
**( മത്തായി 24:7)**

ലോകമഹായുദ്ധം ഭാവിയുടെ ഭാഗമാകുമെന്നതിൽ സംശയിക്കേണ്ട തന്റെ മടങ്ങിവരവിന് മുമ്പ് യുദ്ധമുണ്ടാകുമെന്ന് ക്രിസ്തു നമ്മെ വ്യക്തമായി പഠിപ്പിച്ചു.

യുദ്ധങ്ങളും യുദ്ധങ്ങളുടെ കിംവദന്തികളും ഉണ്ടാകും...എന്തെന്നാൽ, ജാതി ജാതിയോടും രാജ്യം രാജ്യത്തിനെതിരെയും ഉയരും, വിവിധ സ്ഥലങ്ങളിൽ ക്ഷാമങ്ങളും ഭൂകമ്പങ്ങളും ഉണ്ടാകും.“

വളരെ അർത്ഥവത്താക്കിയ ദൈവവാക്യം.

യഹൂദർക്ക് എതിരെയും ക്രിസ്ത്യാനികൾക്കെതിരെയുംഇന്ന് നടന്നുകൊണ്ടിരിക്കുന്ന വംശഹത്യ മുൻകാലങ്ങളിലെ തുടർച്ച മാത്രമാണ്.......

യുദ്ധങ്ങളും യുദ്ധകാഹളങ്ങളും മുഴങ്ങിയിട്ട് നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട് യഹൂദന്മാരെയും ക്രിസ്ത്യാനികളെയും ഭൂമിയിൽ നിന്ന് ഉന്മൂലനം ചെയ്യുക എന്നത് ഇസ്ലാമിക തീവ്രവാദികളുടെയും ഐ എസ് എസ് പോ ലുള്ള തീവ്രവാദ സംഘടനകളുടെയും മുഖ്യ അജണ്ടയാണ്....

### ചരിത്രങ്ങളിലൂടെ

#### കുരിശുയുദ്ധം

ഈജിപ്ത്, സിറിയ, ഇസ്രായേൽ, തുർക്കി എന്നിവ ഉൾപ്പെടുന്ന“ഹോളി ലാൻഡ് മുസ്ലിം അധിനിവേശത്തിൽ കൊണ്ടുവരിക എന്ന

ഉദ്ദേശത്തോടെ പതിനൊന്നാം നൂറ്റാണ്ടിൽ പൊട്ടിപുറപ്പെട്ടതും 12 ഉം 13 നൂറ്റാണ്ടിൽ ക്രിസ്ത്യാനികളും മുസ്ലീങ്ങളും തമ്മിൽ ഉണ്ടായ യുദ്ധത്തെ കുരിശുദ്ധമെന്ന് വിളിക്കുന്നു. അന്ന് അനേകായിരം ക്രിസ്ത്യാനികൾ അതിദാരുണമായി കൂട്ടക്കൊല ചെയ്യപ്പെടുകയും യുദ്ധ പരാജയങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തിരുന്നു. കുരിശു യുദ്ധം നടന്ന വർഷങ്ങൾ

**ആദ്യ കുരിശുയുദ്ധം** : 1096-1099
**രണ്ടാം കുരിശുയുദ്ധം** : 1145-1149
**മൂന്നാം കുരിശുയുദ്ധം** : 1189-1192
**നാലാം കുരിശുയുദ്ധം** : 1202-1204
**കുട്ടികളുടെ കുരിശുയുദ്ധം**: 1212
**അഞ്ചാം കുരിശുയുദ്ധം** :1217-1222
**ആറാം കുരിശുയുദ്ധം** : 1228-1229
**ഏഴാം കുരിശുയുദ്ധം** : 1248-1254
**എട്ടാം കുരിശുയുദ്ധം** : 1271
**ഒമ്പതാം കുരിശുയുദ്ധം**: 1271-1272

ആയതിനാൽ തന്നെ മിഡി ൽഈസ്റ്റിലെ മുസ്ലിം ശക്തികളും യൂറോപ്പിലെ ക്രിസ്ത്യൻ ശക്തികളും തമ്മിലുള്ള നീണ്ട യുദ്ധ പരമ്പരയുടെ തുടക്കമായിരുന്നു അത്. അതിൻറെ തുടർക്കഥയാണ് ഇന്നു നാം കണ്ടുവരുന്ന റാഫേൽ , ഇസ്രായേൽ പാലസ്തീൻ സംഘർഷം, തുർക്കിയിൽ ക്രിസ്ത്യാനികൾക്കിടയിൽ ഉണ്ടായ കൂട്ട പാലായനം.

## ക്രിസ്തുമതവും ഇസ്ലാമും തമ്മിലുള്ള സംഘർഷം

ആറാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ, യൂറോപ്പിൽ മാത്രമല്ല, വടക്കേ ആഫ്രിക്കയിലും പടിഞ്ഞാറൻ ഏഷ്യയിലും ക്രിസ്തുമതം പ്രബലമായ മതമായിരുന്നു. എന്നിരുന്നാലും, അതേ നൂറ്റാണ്ടിൽ, അറേബ്യൻ ഉപദ്വീപിൽ ഒരു പുതിയ മതം സ്ഥാപിക്കപ്പെട്ടു: ഇസ്ലാം.

മുഹമ്മദ് സ്ഥാപിച്ച ഇസ്ലാം, ഏഷ്യയിലും വടക്കേ ആഫ്രിക്കയിലും അതിവേഗം വ്യാപിക്കുകയും ഈ പ്രദേശത്തെ പ്രധാന വിശ്വാസമായി മാറുകയും ചെയ്തു. ഇസ്ലാം ശക്തികൾ യൂറോപ്പിലേക്ക് പോ ലും കടന്നു കയറി കഴിഞ്ഞിരുന്നു എട്ടാം നൂറ്റാണ്ടിൽ അവർ സ്പെയിൻ കീഴടക്കി. 732ലെ"ടൂർ യുദ്ധത്തിൽ ചാൾസ് മാർട്ടൽ"അവരെ പിന്തിരിപ്പിച്ചപ്പോൾ പോലും ഫ്രാൻസ് കീഴടക്കാനുള്ള യാത്രയിലായിരുന്നു അവർ. ഇസ്ലാമിക ആധിപഥത്തിനും നേട്ടങ്ങൾക്കും വേണ്ടി ശരീരം ലഭിക്കാത്ത ആത്മാവിനെ
പോലെയായിരുന്നു അവർ. ഒരു രാജ്യം കീഴടക്കുക എന്നതിലുപരി അവിടെയുള്ള ജനങ്ങളെ നിർബന്ധിത മതപരിവർത്തനം നടത്തി ആൾബലം വളർത്തുക എന്നൊരു ലക്ഷ്യവും ഇവർക്കുണ്ടായിരുന്നു. ഇതിന് എതിരെ നിൽക്കുന്ന ആളുകളെ ക്രൂര പീഡനങ്ങൾക്ക് വിധേയരാക്കി കൊല ചെയ്യുമായിരുന്നു അവർ കൊലപാതകം അത് ഇപ്പോഴും അവർ തുടർന്നു കൊണ്ടിരിക്കുന്നു.

## ഹമാസിന്റെ പിറവി

ഇസ്രായേലിനെതിരെ സായുധ ചെറുത്തുനിൽപ്പിനും ഇസ്രായേലിന് പകരം ഒരു ഇസ്ലാമിക പാലസ്തീൻ രാഷ്ട്രം നിർമ്മിക്കുക എന്നതും ഹമാസിന്റെ ലക്ഷ്യമാണ്.

2007 പാലസ്തീൻ ഗവർമെന്റിനെ പുറത്താക്കി അവിടെ അധികാരം സ്ഥാപിച്ചവരാണ് ഹമാസ്.
തന്ത്രങ്ങളും ലക്ഷ്യങ്ങളും
ഹമാസ് ഇസ്രായേൽ സ!!ൈ!!നിക സേനയ്ക്കെതിരായ ആക്രമണങ്ങളിൽ മെച്ചപ്പെടുത്തിയ സ്ഫോടകവസ്തുക്കൾ, ഹ്രസ്വദീർഘദൂര റോക്കറ്റുകളും മോർട്ടാറുകളും, ചെറു ആയുധങ്ങൾ, തട്ടിക്കൊണ്ടുപോകൽ പ്രവർത്തനങ്ങൾ, റോക്കറ്റ്പ്രോപ്പൽഡ് ഗ്രനേഡുകൾ, മനുഷ്യൻ പോർട്ടബിൾ വ്യോമ പ്രതിരോധ സംവിധാനങ്ങൾ, ടാങ്ക് വിരുദ്ധ മിസ!!ൈ!!ലുകൾ, ആളില്ലാ വിമാന സംവിധാ



നങ്ങൾ എന്നിവ ഉപയോഗിക്കുന്നു. ഗാസ ആസ്ഥാനമായി പ്രവർത്തിക്കുന്ന മറ്റ് ഇസ്ലാം തീവ്രവാദ സംഘടനകൾക്കും സൈബർ ചാരവൃത്തിയും നെറ്റ്വർക്ക് ചൂഷണ പ്രവർത്തനങ്ങൾക്കും ഹമാസ് വളരെയധികം സഹായം ചെയ്യുന്നു .

**ഹമാസിന്റെ ലക്ഷ്യം**

ക്രിസ്ത്യാനികളും യഹൂദന്മാരും ഇല്ലാത്ത ഒരു ലോകം സൃഷ്ടിക്കുക എന്നതാണ്.

## നഷ്ടപ്പെട്ടുപോയ തേൻ കനി

ഇസ്ലാമിക ഭീകരതയുടെ പ്രതിഫലനമായി ലോകത്തിൻറെ വിവിധ രാജ്യങ്ങളിൽ . ക്രിസ്ത്യാനികൾക്ക് നഷ്ടപ്പെട്ടുപോയ നമ്മുടെ പുരാതന ആരാധന ആലയങ്ങൾ വളരെയേറെയാണ്.

അവയുടെ പേരുകൾ

**1. ഹാഗിയ സോഫിയ**

ഇസ്താംബുൾ, തുർക്കി ലോകത്തിലെ ഏറ്റവും പ്രശസ്തമായ കെട്ടിടങ്ങളിലൊന്നായ ഹാഗിയ സോഫിയ യഥാർത്ഥത്തിൽ ഒരു ഈസ്റ്റേൺ ഓർത്തഡോക്സ് കത്തീഡ്രലായി 537 അഉൽ ബൈസന്റൈൻ ചക്രവർത്തി ജസ്റ്റിനിയൻ കന്റെ കീഴിൽ നിർമ്മിച്ചതാണ്. 1453ൽ കോൺസ്റ്റാന്റിനോപ്പിൾ ഓട്ടോമൻ കീഴടക്കിയതിനെത്തുടർന്ന് ഇത് ഒരു മുസ്ലിം പള്ളിയായി മാറ്റി. 1935ൽ ഇത് ഒരു മ്യൂസിയമായി പുനർനിർമ്മിച്ചു.

**2. ഹാഗിയ ഐറിൻ ഇസ്താംബുൾ,**

തുർക്കി നാലാം നൂറ്റാണ്ടിൽ നിർമ്മിച്ച ഹാഗിയ ഐറിൻ ഒരു ഗ്രീക്ക് ഈസ്റ്റേൺ ഓർത്തഡോക്സ് പള്ളിയായിരുന്നു. ഓട്ടോമൻ സ!!ൈ!!ന്യം പിന്നീട് ഇത് ആയുധശാലയായും മ്യൂസിയമായും മാറ്റി.

**3. മസ്ജിദ്കത്തീഡ്രൽ ഓഫ് കോർഡോബ**

**(മെസ്ക്വിറ്റ) കോർഡോബ,** സ്പെയിൻ യഥാർത്ഥത്തിൽ ഒരു വിസിഗോത്തിക് ക്രിസ്ത്യൻ പള്ളി , 784 അഉൽ സ്പെയിൻ ഇസ്ലാമിക അധി നി

വേശത്തെത്തുടർന്ന് ഒരു മുസ് ലിം പള്ളിയായി മാറ്റപ്പെട്ടു.

**4. സെന്റ് നിക്കോളാസ് ചർച്ച് ഫമാഗുസ്ത, സ!!ൈ!!പ്രസ്**

14ആം നൂറ്റാണ്ടിൽ പണികഴിപ്പിച്ച ഈ ഗോഥിക് പള്ളി സ!!ൈ!!പ്രസ് ഓട്ടോമൻ കീഴടക്കിയതിനു ശേഷം 1571ൽ ലാലാ മുസ്തഫ പാഷ മസ്ജിദ് ആയി രൂപാന്തരപ്പെടുത്തി

**5. ചർച്ച് ഓഫ് സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഡമാസ്കസ്, സിറിയ**

യോഹന്നാൻ ബാപ്റ്റിസ്റ്റിനു സമർപ്പിച്ചിരിക്കുന്ന ഈ സ്ഥലം യഥാർത്ഥത്തിൽ ക്രിസ്ത്യൻ ബസിലിക്കയായിരുന്നു, ഡമാസ്കസ് മുസ്‌ലീം അധിനിവേശത്തെത്തുടർന്ന് എഡി 634ൽ ഉമയ്യദ് മസ്ജിദായി പരിവർത്തനം ചെയ്യപ്പെട്ടു

**6. വിശുദ്ധ ജോണിന്റെ ആശ്രമം (എസ്കി ഇമാരേറ്റ് മോസ്ക്) ഇസ്താംബുൾ, തുർക്കി**

ഒരു കിഴക്കൻ ഓർത്തഡോക് സ് ആശ്രമവും പള്ളിയും, ആയിരുന്നു ഓട്ടോമൻ കാലഘട്ടത്തിൽ ഒരു മുസ്‌ലീം പള്ളിയാക്കി മാറ്റി.

**7. ചോറയിലെ സെന്റ് സേവിയർ ചർച്ച് (കരിയേ മസ്ജിദ്) ഇസ്താംബുൾ, തുർക്കി**

4ആം നൂറ്റാണ്ടിൽ ഒരു ബൈസന്റൈൻ പള്ളിയായി നിർമ്മിച്ച ഇത്. 1511ൽഒരുമോസ്കാക്കിമാറ്റി,പിന്നീട് 1948ൽ ഒരു മ്യൂസിയമായി മാറി.

**8. അലപ്പോയിലെ വലിയ മസ്ജിദ് (ജാമി അൽകബീർ) അലപ്പോ, സിറിയ.**

എട്ടാം നൂറ്റാണ്ടിൽ മുസ് ലീം അലപ്പോ കീഴടക്കിയതിനെത്തുടർന്ന് മസ്ജിദ് ആക്കി മാറ്റിയ മറ്റൊരു ക്രിസ്ത്യൻ കത്തീഡ്രൽ.

**9. ചർച്ച് ഓഫ് സെന്റ് സോഫിയ നിക്കോസിയ, സ!!ൈ!!പ്രസ്**

പതിമൂന്നാം നൂറ്റാണ്ടിൽ ലുസിഗ്നൻസ് ഗോഥിക് പള്ളിയായി പണികഴിപ്പിച്ച ഇത് 1570ൽ ഓട്ടോമൻ അധിനിവേശത്തിനുശേഷം സെലിമിയെ മോസ്കായി മാറ്റി.

**ശ്രദ്ധിക്കുക**

ചരിത്രപരമായ സന്ദർഭവും സാംസ്കാരിക പൈതൃകവും കാത്തുസൂക്ഷിച്ചിരുന്ന നമ്മുടെ പള്ളികൾ പലതും ഇന്ന് മസ്ജിദുകളായി മാറ്റപ്പെട്ടിരിക്കുന്നു. **ഇതെന്തേ ആരും കാണാത്തത്? അതോ നഷ്ടപ്പെടലുകൾ ക്രിസ്ത്യാനികൾക്ക് മാത്രമുള്ളതാണോ?**

## എല്ലാ കണ്ണുകളും റാഫയിൽ
## [ All Eyes On Rafah]

ലോകമെമ്പാടുമുള്ള സെലിബ്രിറ്റികളും കായികതാരങ്ങളും മറ്റ് ദശലക്ഷക്കണക്കിന് സോഷ്യൽ മീഡിയ ഉപയോക്താക്കളും യുദ്ധത്തിൽ തകർന്ന ഗാസയിലെ തെക്കൻ നഗരമായ"റാഫയിൽ" കുടിയൊഴിപ്പിക്കപ്പെട്ട ഫലസ്തീനികൾക്കായുള്ള കൂടാര ക്യാമ്പുകൾ ചിത്രീകരിക്കുന്ന ഒരു അക സൃഷ്ടിച്ച ചിത്രം പങ്കുവെക്കുകയുണ്ടായി എല്ലാ കണ്ണുകളും റാഫയിൽ(All Eyes On Rafah) എന്ന് വായിക്കുന്ന ഒരു മുദ്രാവാക്യവും സോഷ്യൽ മീഡിയയിൽ നിറഞ്ഞുനിൽക്കുന്നു.

ഇതിനെതിരെ ഇസ്രായേൽ ചോദിക്കുന്ന ഒരു ചോദ്യമുണ്ട് ഉണ്ട് എവിടെയായിരുന്നു നിങ്ങളുടെ കണ്ണുകൾ?. [Where Were Your Eyes?]

ഒക്ടോബർ 7 ന് ഇസ്രയേലിനെതിരായ ഹമാസ് ആക്രമണത്തെക്കുറിച്ച് എന്തുകൊണ്ട് ആരും പറയുന്നില്ല? ഒക്ടോബർ 7 ആക്രമണത്തിൽ ഇസ്രായേലിൽ 1,160





ഓളം പേർ കൊല്ലപ്പെട്ടു, കൂടുതലും സാധാരണക്കാർ. 250 ഓളം ബന്ദികളെയും ഭീകരർ പിടികൂടി, ലോകത്തിൻറെ നാനാഭാഗത്തുനിന്നും ക്രിസ്ത്യൻ മതവിശ്വാസികൾക്ക് ഇതിൻറെ പരിണിതഫലം ഉണ്ടായി. ഇസ് ലാം തീവ്രവാദികൾ തുർക്കിയിൽ ആരാധനാ സമയത്ത് പള്ളിയിൽ കടന്നാക്രമിച്ച് വിശ്വാസികളെ കൊലപ്പെടുത്തി. കോംഗോയിൽ ഇസ്ലാം മതം സ്വീകരിക്കാൻ വിസമ്മതിച്ച 14 കത്തോലിക്ക വിശ്വാസികളെ അതിദാരുണമായി കൊലപ്പെടുത്തി. തുർക്കിയിൽ ഓർത്തഡോക്സ് ക്രിസ്ത്യൻ വിശ്വാസികളെ കൂട്ടപലായനത്തിന് വിധേയരാക്കി ക്രിസ്ത്യാനികൾക്കെതിരെയുംയഹൂദർക്ക് എതിരെയും നടന്നുവരുന്ന ആക്രമണങ്ങളും പീഡനങ്ങളും എന്തേ ആരും കാണാത്തത്?

ഫറവോയുടെ നാട്ടിൽ നിന്നും ചുമപ്പ് എന്ന ചെങ്കടലും കടത്തി ദൈവത്തിൻറെ വാഗ്ദത്ത നാട്ടിലേക്ക് പ്രവേശനം ലഭിച്ച ഇസ്രായേൽ യുദ്ധങ്ങളെയോ യുദ്ധ കിംവദന്തികളെയോ ഭയപ്പെടുക ഇല്ല എന്നുള്ളത് ദൈവീക തീരുമാനം ആണല്ലോ.

തീർച്ചയായും യുദ്ധം അവസാനിക്കുക തന്നെ ചെയ്യട്ടെ.

വാളെടുത്തവൻ വാളാൽ എന്നതും ദൈവീക തീരുമാനമാണല്ലോ. അത് അങ്ങനെ തന്നെയായിരിക്കട്ടെ യുദ്ധം ഇല്ലാത്ത നാളെയുടെ ലോകത്തെ നമുക്ക് പ്രതീക്ഷിക്കാം.....

## പ്രാർത്ഥനാശംസകൾ



Human Rights Council Of India- **യുടെ പത്തനംതിട്ട ജില്ല പ്രസിഡൻറ് ആയി നിയമത്തിൻയ ശ്രീ അഭിലാഷ് ലാസർ ജോർജിന് ആശംസകൾ. സെൻറ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്ക പള്ളി ഇളമണ്ണൂർ ഇടവക അംഗമാണ്**



# അക്ഷരങ്ങളെ സ്നേഹിച്ചവൻ

## തനിയെ ഒരാൾ



തയാറാക്കിയത് :
ലിബി

മലങ്കര സഭയിൽനിന്നുള്ള ശക്തനായ പ്രാസംഗികനും,എഴുത്തുകാരനുംകവിയും പൊതുപ്രവർത്തകനുമായ ശ്രീ ജോൺസൺ ശൂരനാട് 1981 ൽ ശൂരനാട് വടക്ക് ചാലുംപാട്ട് വീട്ടിൽ കുഞ്ഞച്ചന്റെയും, സുസമ്മയുടെയും മകനായി| ജനിച്ചു. ശൂരനാട് വടക്ക് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ വെച്ച് വന്ദ്യ അഗസ്റ്റിൻ പെരുമുറ്റത്ത് അച്ചൻ ജ്ഞാനസ്നാനം നൽകി.| വന്ദ്യ തോപ്പിൽ സാമുവേൽ അച്ചന്റെ കൈകളാൽ ആദ്യ കുർബാന സ്വീകരിച്ചു. ചെറുപ്രായത്തിൽ തന്നെ ദൈവാലയത്തോടും ദൈവീക കാര്യങ്ങളോടും ആഭിമുഖ്യം പുലർത്തിയിരുന്ന ശ്രീ ജോൺസൺ ശൂരനാട്| തന്റെ 10 ആം വയസ്സിൽ തന്നെ മദ്ബഹാ ശുശ്രൂഷിയായി പ്രവേശിച്ചിരുന്ന അദ്ദേഹം 2011 സെപ്റ്റംബർ 10 ന് നടത്തപ്പെട്ട തന്റെ വിവാഹം വരെയും| മദ്ബഹാ ശുശ്രൂഷയിൽ സജീവമായിരുന്നു. പ്രശസ്ത പ്രാസംഗികനും കവിയും പൊതുപ്രവർത്തകനും എഴുത്തുകാരനുമായ അദ്ദേഹത്തിന്റെ തുടക്കം സ്വന്തം ഇടവകയായ ശൂരനാട് വടക്ക് വിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ കൂദാശ ചെയ്യപ്പെട്ട പരിശുദ്ധ ദൈവാലയത്തിൽ നിന്നായിരുന്നു. വെക്കേഷൻ സമയങ്ങളിൽ ഇടവകയിൽ നടത്തപ്പെട്ട ബി.ബി.എസിൽ പ്രസംഗിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ തുടക്കം അത് പിന്നീട് സൺഡേ സ്കൂളിലും എം.സി.വൈ.എം സംഘടനയിലും തുടങ്ങി ഉപജില്ലാ , ജില്ലാ സ്കൂൾ കലോത്സവങ്ങളിൽ പ്രസംഗിച്ചും കവിതാ പാരായണം നടത്തിയും നാടിനും ദേശത്തിനും സഭക്കും മുതൽക്കൂട്ടായി മാറിയ ജീവിതമായി വളർന്നു.

അഴകിയകാവ് ഗവ: എൽ പി.





സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസവും ശൂരനാട് ഗവ ഹയർ സെക്കണ്ടറി സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളജിൽ പ്രീഡിഗ്രി പഠനവും ബിരുദ പഠനവും പൂർത്തിയാക്കി. സർഗ്ഗം മിനി മാസികയുടെ പത്രാധിപരായും രാഷ്ട്രദീപികയുടെ പ്രാദേശിക ലേഖകനായും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ പൊതുപ്രവർത്തനം, കവി, വാഗ്മി എന്നീ നിലകളിൽ| അദ്ദേഹം ജനശ്രദ്ധ പിടിച്ചു പറ്റി കൊണ്ടിരിക്കുന്നു. ഫ്ളവേഴ്സ് ചാനലിൽ ശ്രീ.ശ്രീകണ്ഠൻ നായരുടെ ഒരു നിമിഷം പരിപാടിയിൽ പങ്കെടുത്തിട്ടുണ്ട്. 2010/11 കാലയളവിൽ കെ.സി.വൈ.എം സംസ്ഥാന ജനറൽ സ്ക്രട്ടറി, മാവേലിക്കര ഭദ്രാസനം നിലവിൽ വന്ന ശേഷമുള്ള ആദ്യത്തെ കെ.സി.വൈ.എം. ജനറൽ സക്രട്ടറി, എം.സി.വൈ.എം. കടമ്പനാട് ജില്ലാ പ്രസിഡണ്ട്, കെ.സി.വൈ.എം.സിൻഡിക്കേറ്റ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ജോസഫ് മാഷിന്റെ കൈവെട്ടിയ സംഭവം ഉണ്ടായത്തിനെ അപലപിച്ചുകൊണ്ടു കേരള കത്തോലിക്കാ യുവജന പ്രസ്ഥാനം 2010 ൽ കേരള കത്തോലിക്കാ യുവജന റാലിയും സംസ്ഥാന റാലിയും തൊടുപുഴ ന്യൂമാൻ കോളജിൽ വെച്ചു നടത്തി.

കേരളത്തിലെ ലക്ഷക്കണക്കിന് യുവജനങ്ങൾ പങ്കെടുത്ത യുവജന റാലിയും, മഹാ സമ്മേളനവും വിജയിപ്പിക്കുന്നതിൽ ശ്രീ.ജോൺസൺ ശുരനാടിന്റെ പങ്ക് വളരെ വലുതാണ് എന്നതും ആ കാലയളവിൽ കേരളാ കത്തോലിക്കാ മെത്രാൻ സമിതിയുടെ അധ്യക്ഷൻ| (കെ.സി.ബി.സി) മാവേലിക്കര ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ.ജോഷ്വ മോർ ഇഗ്നാത്തിയോസ് തിരുമേനി ആയിരുന്നു എന്നതും കേരള സഭയിൽ മലങ്കര സഭയുടെ കീർത്തി ഉയർന്നുനിന്നു. കേരള കത്തോലിക്കാ യുവജന പ്രസ്ഥാനത്തിൽ മലങ്കരയിൽനിന്നുള്ള അതിശക്തമായ ശബ്ദം ആയിരുന്നു ശ്രീ ജോൺസൺ| ശൂരനാട് എന്നത് മലങ്കര സഭക്ക് എന്നും അഭിമാനമാണ്.

അസ്തമയ സൂര്യൻ, കുറ്റക്കാരൻ, എന്നീ രണ്ട് കവിതാ സമാഹരങ്ങൾ അദ്ദേഹത്തിന്റെ തൂലികയിൽനിന്ന് പിറന്നിട്ടുണ്ട് ആകാശവാണിയിലും, ആനുകാലിക പ്രസിദ്ധികരണങ്ങളിലും നിരവധി കവിതകളും ലേഖനങ്ങളും പ്രസിദ്ധികരിച്ചിട്ടുണ്ട്. ശ്രീമതി ജയ ജോൺസൺ ആണ് പത്നി. മക്കൾ: അമല, അനുഗ്രഹ.

# മാലാഖമാർക്ക് കെണിയൊരുക്കുന്നവർ

(രണ്ടാം ഭാഗം)



ലേഖകൻ

**ജോബി ബേബി**

കുവൈത്തിൽ മിനിസ്ട്രിഓഫ് ഹെൽത്തിന്റെ കീഴിൽ
രജിസ്റ്റേർഡ് നഴ്സായി ജോലി നോക്കുന്നു
Email- jobybaby1989@gmail.com



(Brief summary)

ലോകമെമ്പാടും ഏറ്റവും അധികം ഡിമാൻഡുള്ള ഒരു തൊഴിൽ നേഴ്സുമാരുടേതാണ്. രോഗികളുടെ എണ്ണം ദിനം പ്രതി കൂടുന്നത് കൊണ്ട് തന്നെ അവരെ ചികിൽസിക്കാനുള്ള ശുശ്രൂഷകരായ നഴ്സുമാരുടെ എണ്ണത്തിൽ ഒട്ടുമിക്ക രാജ്യങ്ങളും ക്ഷാമം നേരിടുകയാണ്. നഴ്സിംഗ് ക്ഷാമം ഏറ്റവും കൂടുതലായി അനുഭവിക്കുന്നത് വികസിത രാജ്യങ്ങളിലാണ്.യൂറോപ്യൻ രാജ്യങ്ങളായ ബ്രിട്ടൻ,ജർമ്മനി,ഫിൻലൻഡ്,അയർലണ്ട് എന്നിവിടങ്ങളിലെയും അമേരിക്ക, ന്യൂസിലാൻഡ് തുടങ്ങി പാശ്ചാത്യരാജ്യങ്ങളിലും നഴ്സിംഗ് ക്ഷാമം നിലനിൽക്കുന്നുണ്ട്.

ഇന്ന് നഴ്സിംഗ് ജോലിയുടെ പേരിൽ നിരവധിപേർ വിവിധങ്ങളായ തട്ടിപ്പുകൾക്ക് ഇരയാകുന്നുണ്ട്.ആകർഷകമായ വൻ ശമ്പളത്തിന്റെയും ആനുകൂല്യങ്ങളുടെയും പേരിൽ കെണിയിലാകുന്നവർ കൂടുതലും മലയാളികളാണ്.പലതരം വിദേശ രാജ്യങ്ങളിലേക്ക്

പോകാനായി നഴ്സുമാർക്ക് പല യോഗ്യതാ പരീക്ഷകളും പ ാസ്സാകേണ്ടതായുണ്ട്.ഇത്തരത്തിൽനടത്തുന്ന യോഗ്യത പരീക്ഷയിലും ഇപ്പോൾ തട്ടിപ്പു കൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. അത്തരത്തിലേക്കുള്ള തട്ടിപ്പുകളിലേക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നു)

വിദേശ രാജ്യങ്ങളിലേക്ക് വിമാനം കയ റുന്ന മലയാളി ആരോഗ്യപ്രവർത്ത കരുടെ പ്രത്യേകിച്ച് നഴ്സുമാരുടെ എണ്ണം ക്രമാതീതമായി വർധിച്ചതോടെ ഈ മേഖലയിലെ തൊഴിൽ തട്ടിപ്പുകളും വ്യാ പകമായിക്കൊണ്ടിരിക്കുകയാണ്.വിദേശത്ത്ഉയർന്ന ശമ്പളത്തിൽ ജോലി വാഗ്ദാനം ചെയ്ത് ഉദ്യോഗാർഥികളെ വല വീശിപ്പിടിക്കുന്ന തട്ടി പ്പ് ഏജൻസികൾ നാട്ടിലെ മുക്കിലും മൂല യിലും മുളച്ച് പൊന്തിക്കൊണ്ടിരിക്കുന്നു. മതിയായ പരിശോധനകളില്ലാതെ ഇത്ത രം സംഘങ്ങളുടെ വലയിൽ ചെന്ന്പെട്ട് രാജ്യം വിട്ട പലരും ഇന്ന് വിദേശ ജയിലുക ളിൽ ഉൾപ്പെടെ ദുരിതം നേരിട്ടുകൊണ്ടിരി ക്കുകയാണ്.അല്ലാത്തവരാകട്ടെ തങ്ങളുടെ പണം മുഴുവൻ നഷ്ടപ്പെട്ട് തിരിച്ച് നാട്ടിലേക്ക് കയറ്റി അയക്കേണ്ട സ്ഥിതിയിലുമാണ്.

അത്തരത്തിൽ വ്യാജ ഏജൻസിയുടെ തട്ടിപ്പിൽ കുടുങ്ങി പണി കിട്ടിയ മലയാ ളി നഴ്സുമാരുടെ വാർത്തയാണ് ഓരോ ദിനവും പുറത്തുവരുന്നത്. ഏറ്റവും ഒടു വിൽ കേട്ടത് കൊച്ചിയിലെ സ്വകാര്യ ഏജ ൻസി വഴി യു.കെയിൽ പോയവരെ വാഗ്ദാനം നൽകിയ നഴ്സിംഗ് ജോലി ലഭ്യ മാക്കാതെ കബളിപ്പിച്ചു എന്നുള്ള പരാതി. ഇംഗ്ലീഷ് ഭാഷ പ്രാവീണ്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റില്ലാതെ തന്നെ യു.കെയിലേക്ക് പോവാമെന്ന് വിശ്വസിപ്പിച്ചാണ് ഇവർ ഉദ്യോ ഗാർഥികളെ വലയിലാക്കിയത്. ഇതുകേട്ട പലരും ലക്ഷങ്ങളാണ് സ്വകാര്യ ഏജൻസിക്ക് പ്രതിഫലമായി നൽകിയത്. അവസാനം വിമാനം കയറി യു.കെയിലെത്തി യപ്പോഴാണ് ഇവർക്ക് തങ്ങൾ ചതിക്കപ്പെട്ടുവെന്ന് മനസിലായത്. പ ിന്നീട് മറ്റ് ജോലികൾ ചെയ്താണ് ഇവർ ദി വസ ചെലവിനുള്ള തുക കണ്ടെത്തിയത്..

## പരീക്ഷകളിലെ തട്ടിപ്പ്

ഏറ്റവും കൂടുതൽ നഴ്സുമാരെ ഉത്പ ാദിപ്പിക്കുന്ന ഒരു പ്രവിശ്യയാണ് കേരളം. ഇന്ത്യയിൽ അതാത് സംസ്ഥാനങ്ങളുടെ നഴ്സിംഗ് ബോർഡിന്റെ രജിസ്ട്രേഷൻ കി ട്ടിയാൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ രജിസ്ട്രേഷൻ ഉറപ്പാണ്.അതിനുശേഷം അവർക്ക് വിദേശത്തേക്ക് തൊഴിൽ തേ ടി പോകാം.ആകെയുള്ള കടമ്പ ഇംഗ്ലീഷ് യോഗ്യതയാണ്.ഈ യോഗ്യതയിലാണ് മിക്കപ്പോഴും നഴ്സുമാരുടെ റിക്രൂട്ട്മെന്റ് തടസ്സപ്പെടുന്നത്.ഇതിനായി ലോകം മുഴു വൻ അംഗീകരിച്ചിരിക്കുന്ന ഇംഗ്ലീഷ് യോ ഗ്യതാ പരീക്ഷ പ്രധാനമായും രണ്ടെണ്ണമുണ്ട്. ബ്രിട്ടീഷ് കൗൺസിൽ നടത്തുന്ന ഐ ഇ എൽ ടി എസ്(IELTS)എന്നപരീക്ഷഓസ്ട്രേലിയനടത്തുന്ന ഒ ഇ ടി(OET) എന്ന പരീക്ഷ എന്നിവയാണ് ഈ യോഗ്യതാ പരീക്ഷകൾ. ഇവയിൽ ഏതെ ങ്കിലും ഒന്നിൽ വിജയിച്ചാൽ വിദേശത്തെ നഴ്സിംഗ് ജോലിക്ക് യോഗ്യത നേടും .എന്നാൽ ഈ യോഗ്യത നേടുന്നതിന് പല രാജ്യങ്ങൾക്കും പല മാനദണ്ഡമാണ്.

ലോകമെമ്പാടും അംഗീകരിച്ചിരുന്ന മാനദ ണ്ഡം ഐ ഇ എൽ ടി എസ് ഓവറോൾ 7 എന്നും ഒ ഇ ടിയ്ക്ക് ഓവറോൾ ബി എന്നുമാണ്. Listening, Speaking, Reading, Writing എന്നിവ യാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഭാഗങ്ങൾ.എന്നാൽ ഇതിൽ ്വൃശശേിഴ ടെസ്റ്റിൽ കൂടുതൽപേരും പരാജയപ്പെടു കയും മറ്റു ടെസ്റ്റുകളിൽ കൂടുതൽ മാർക്ക് നേടി വിജയിക്കുകയും ചെയ്യുന്നത് പതി വായപ്പോൾ ്വൃശശേിഴ സ്കോർ കുറച്ചു. ഇതോടുകൂടിനിരവധിപേർയോഗ്യതാപരീക്ഷ കൾ പാസ്സാവുകയും വിദേശ നഴ്സിംഗ് ജേ ാലിക്കായി കടന്നുപോകുകയും ചെയ്തു.

ക്രമേണ OET വിജയിക്കുന്നവരുടെ എണ്ണം വർധിക്കുകയുംകഴഘഠടയോഗ്യതയുള്ളവർ പിന്തള്ളപ്പെടുകയും ചെയ്തു. ഇതിന ിടെ അഞ്ച് ലക്ഷം മുതൽ പത്ത് ലക്ഷം വരെ നൽകിയാൽ OET

യോഗ്യത ലഭിക്കുമെന്ന വാർത്തകൾ പ്രചരിക്കുവാനും തുടങ്ങിയിരുന്നു.എന്നാൽ OET പരീക്ഷ നടത്തുന്ന ഓസ്ട്രേലിയൻ ഏജൻസി ഈ ആരോപണങ്ങൾ തന്നെ നിഷേധിച്ചിരുന്നു

എന്നാൽ ഇത് ഒരു ആരോപണം മാത്രമല്ല എന്നും വസ്തുതകൾ ഇവയ്ക്കുള്ളിൽ ഉണ്ടെന്നുമാണ് നിലവിൽ പുറത്ത് വന്നിരിക്കുന്ന വിവരങ്ങളുടെ പശ്ചാത്തലം വ്യക്തമാക്കുന്നത്. എന്നാൽ ഈ തട്ടിപ്പിന് OET പരീക്ഷ നടത്തുന്ന ഓസ്ട്രേലിയൻ ബോർഡിന് നേരിട്ട് ബന്ധമൊന്നും ഇല്ലെന്നും പരീക്ഷ നടത്തുന്ന ഇന്ത്യയിലെ സബ് സെന്ററുകളിലേയ്ക്ക് തലേദിവസം തന്നെ ചോദ്യപേപ്പറുകൾ എത്തുന്നുണ്ട് അവ ഉത്തരവാദിത്വപ്പെട്ടവർ അടിച്ചു മാറ്റുകയും അവ സബ് ഏജന്റുമാരെ ഉപയോഗിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നുവെന്നും അതിനായി അഞ്ചു മുതൽ പത്ത് ലക്ഷം രൂപ വരെ ഈടാക്കുന്നുവെന്നുമാണ് വ്യക്തമാകുന്നത്.

## തട്ടിപ്പിന് ആശയവിനിയമം വാട്സാപ് വഴി

വാട്സാപ് ഗ്രൂപ്പിൽ ചേർത്താണ് ഉദ്യോഗാർഥികളെ വിശ്വാസത്തിലെടുക്കുന്നത് ഇന്ന് തട്ടിപ്പിന്റെ വേറൊരു മുഖമാണ്.ഗ്രൂപ്പിൽ തട്ടിപ്പു സംഘാംഗങ്ങൾ ഉദ്യോഗാർഥികളായെത്തും.പുതിയ ഇരയെ വിശ്വാസത്തിലെടുക്കും വിധമാണ് സംശയവും മറുപടിയും പോസ്റ്റ് ചെയ്യുന്നത്.ജോലി ചെയ്യുന്ന സ്ഥലത്തിന്റെ ചിത്രം വരെ ഗ്രൂപ്പിലിടും. ജോലിക്കു ചേർന്ന വ്യക്തിയുടെ നന്ദിപ്രകടനവും കാണുന്നതോടെ പുതിയ ഇരവലയിൽ വീഴും.

## ശ്രദ്ധിച്ചാൽ തട്ടിപ്പുകാരുടെ ഇരയാകില്ല

* ജോലി നൽകുന്ന സ്ഥാപനത്തെക്കുറിച്ച് ആഴത്തിൽ പഠിച്ച് ഉറപ്പുവരുത്തുക.
* കൂടുതൽ ശമ്പളവും ആനുകൂല്യവും വാഗ്ദാനം ചെയ്യുന്നവരെ കരുതിയിരിക്കുക.
* നിയമന ഉത്തരവിലെ വാഗ്ദാനങ്ങളും ഭാഷാനിപുണതയും വിലയിരുത്തുക.
* അതതു രാജ്യത്തെ എംബസി,കോൺസുലേറ്റ് മുഖേന നിയമനരേഖയുടെ ആധികാരികത ഉറപ്പാക്കുക.
* സാമൂഹിക സംഘടനകൾ, സുഹൃത്തുക്കൾ മുഖേനയും അന്വേഷിക്കാം.
* പാസ്പോർട്ടും സർട്ടിഫിക്കറ്റുകളും ഫോട്ടോയും (പ്രത്യേകിച്ച് വനിതകളുടെ) കൈമാറാതിരിക്കുക.
* റജിസ്ട്രേഷനും വീസ നടപടിക്രമങ്ങൾക്കും മറ്റും പണം ആവശ്യപ്പെടുന്നവരെ സൂക്ഷിക്കുക.
* അംഗീകൃത കമ്പനികൾ ഓഫർലെറ്റർ അയയിക്കാൻ സൗജന്യ ഇമെയിൽ (ജിമെയിൽ, യാഹൂ, ഹോട്ട്മെയിൽ, വാട്സാപ്പ്...) ഉപയോഗിക്കില്ലെന്ന് മനസ്സിലാക്കുക.
* website വിലാസം പരിശോധിച്ച് വ്യാജമല്ലെന്ന് ഉറപ്പാക്കുക.
* അഭിമുഖം നടത്താതെ യഥാർഥ ജോലി ദാതാവ് ജോലിക്ക് വയ്ക്കില്ല-.

മണിവിളക്ക്
WhatsApp group


മണിവിളക്കിന്റെ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ ജോയിൻ ചെയ്യാൻ മുകളിൽ കാണുന്ന QR കോഡ് പ്രയോജനപ്പെടുത്തുക .




Adv Shini Mary Sanu
kerala high court
+91 86064 95264




# THE PROTECTION OF WOMEN FROM DOMESTIC VIOLENCE ACT, 2005



This Act is different from the provisions of the Indian Penal Code in that it provides a broader definition of domestic violence in what it covers and who it protects. Pursuant to the Act, the aggrieved person is defined as "any woman who is, or has been, in a domestic relationship with the respondent and who alleges to have been subjected to domestic violence by the respondent." This law protects not only women from violence within their husband-wife relationships, but women living in the same home with people with whom they are in a domestic relationship with. This protects women from violence within their relationships by marriage (ex: husband-wife, daughter-in-law with father-in-law/mother-in-law/etc), relationships by blood (ex: father-daughter, sister-brother), relationships by adoption (ex: adopted daughter-father), and even relationships in the nature of marriage (ex: live-in relationships, legally invalid marriages).This Act was considered to be the first piece of legislation to provide legal recognition and protection to relationships outside of marriage.


Domestic violence is defined by Section 3 of the Act as "any act, omission or commission or conduct of the respondent shall constitute domestic violence in case it: harms or injures or endangers the health, safety, life, limb or well-being, whether mental or physical, of the aggrieved person or tends to do so and includes causing physical abuse, sexual abuse, verbal and emotional abuse and economic abuse; or harasses, harms, injures or endangers the aggrieved person to coerce her or any other person related to her to meet any unlawful demand for any dowry or other property or valuable security; or has the effect of threatening the aggrieved person or any person related to her by any conduct mentioned in clause (a) or clause (b); or otherwise injures or causes harm, whether physical or mental, to the aggrieved person." The Act includes and defines not only physical violence, but also other forms of violence such as emotional/verbal, sexual, and economic abuse.




**'ധന്യൻ മാർ ഇവാനിയോസ് പിതാവ് എന്നിലൂടെ ' ഈവാനിയൻ ജീവിത ശൈലിയും, ചിന്തകളും പഠനങ്ങളും, പ്രാർത്ഥനാ അനുഭവങ്ങളും നിങ്ങളുടെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങളും, ഉണ്ടായ അത്ഭുതങ്ങളും, ജീവിതാനുഭവങ്ങളും ഉൾപ്പെടുത്തിയുള്ള ഉപന്യാസ രചന മത്സരം.**

## നിബന്ധനകൾ

1. ഉപന്യാസ വിഷയം |**ധന്യൻ മാർ ഇവാനിയോസ് പിതാവ് എന്നിലൂടെ**| എന്നതായിരിക്കണം.
2. പരമാവധി 500 വാക്കിൽ കുറയാതെ പൂർത്തീകരിക്കണം.
3. രചനകൾ മൗലികമായിരിക്കണം. മുൻപ് പ്രിന്റ് മാധ്യമങ്ങളിലോ സോഷ്യൽമീഡിയയിലോ പ്രസിദ്ധികരിച്ചതാവരുത്.
4. രചനകൾ മലയാളത്തിൽ ടൈപ്പ് ചെയ്തു ഇമെയിൽ Email-editor@manivilaku.com (9947825254) വഴിയും അയക്കാവുന്നതാണ്. ഒരാൾ ഒരു രചന മാത്രമേ അയക്കാൻ പാടുള്ളു.
5. രചനകൾ അയക്കുമ്പോൾ ശീർഷകത്തിൽ 'Malayalam Upanyasa Malisaram ചേർക്കേണ്ടതാണ്.
6. തിരഞ്ഞെടുക്കുന്ന 3 രചനകൾക്ക് ആകർഷകമായ സമ്മാനം ഉണ്ടായിരിക്കുന്നതാണ് .
7. രചനയോടൊപ്പം , Whatsapp Number Email ID , ഇടവക, വൈദീക ജില്ല, ഭദ്രാസനം, എന്നിവ നൽകേണ്ടതാണ് . ആർക്കു വേണമെങ്കിലും രചനകൾ നൽകാവുന്നതാണ്


ജൂൺ
28
ഐക്യത്തിന്റെ വേദപാരംഗതനായ് ലിയോണിലെ
വിശുദ്ധ ഐറേനിയോസിന്റെ നാമധാരിയായ
പത്തനംതിട്ട ഭദ്രാസനാധിപൻ
അഭിവന്ദ്യ സാമുവേൽ മോർ ഐറേനിയോസ്
മെത്രാപ്പോലീത്തായ്ക്ക് നാമഹേതുക പെരുന്നാളിന്റെ
പ്രാർത്ഥനാശംസകൾ


ജൂൺ
29
വിജാതീയരുടെ അപ്പോസ്തോലനായ
വി. പൗലോസ് ശ്ലീഹായുടെ നാമധാരി,
മാർത്താണ്ഡം ഭദ്രാസനത്തിന്റെ തൃതീയ മെത്രാൻ
അഭിവന്ദ്യ ആബൂൻ വിൻസെന്റ് മോർ പൗലോസ്
മെത്രാപ്പോലീത്തായ്ക്ക് നാമഹേതുക പെരുന്നാളിന്റെ
പ്രാർത്ഥനാശംസകൾ




കേരള മാർച്ച് ഫോർ ലൈഫ് ജീവ സംരക്ഷണ സന്ദേശ യാത്രയുടെ പോസ്റ്റർ പ്രകാശനം കെസിബിസി പ്രസിഡന്റ് അത്യഭിവന്ദ്യ മോറാൻ മോർ ബസ്സേലിയോസ് ക്ലിമിസ് ബാവ നിർവഹിച്ചു.




അത്യഭിവന്ദ്യ കാതോലിക്കാ ബാവ തിരുമനസ്സിന്റെ പൗരോഹിത്യ വാർഷിക ആഘോഷത്തിൽ നിന്നും



സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം എല്ലാ ഭദ്രാസനങ്ങളിലേയും മൈനർ സെമിനാരിയിൽ നാലാം വർഷം പഠിക്കുന്ന മുഴുവൻ വൈദിക വിദ്യാർത്ഥികൾക്കുമായി പുതിയ പരിശീലന പദ്ധതി സമാരംഭിച്ചു.




തിരുവല്ല അതിഭദ്രാസനം 18th പാസ്റ്ററൽ കൗൺസിലിന്റെ
മൂന്നാം സമ്മേളനം ജൂൺ 8നു തിരുവല്ല ശാന്തിനിലയത്തിൽ നടന്നു.



തിരുവല്ല അതിഭദ്രാസനത്തിൽ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവരെ
18th പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാം സമ്മേളനത്തിൽ ആദരിച്ചു.



ബത്തേരി ഭദ്രാസനം ഗുരുകുലം മൈനർ സെമിനാരിയുടെ പുതിയ റെക്ടർ ആയി ബഹുമാന
പ്പെട്ട മാത്യു കാരുവളളിൽ കോർ എപ്പിസ്കോപ്പയും, സെമിനാരിയുടെ ആത്മീയ
പിതാവായി ബഹുമാനപ്പെട്ട ജോൺ തളിക്കുന്നേൽ കശീശോയും ചുമതല ഏറ്റെടുത്തു.




ഇവാനിയൻ യാത്ര 2024 : ധന്യൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ 71–ാം ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് ഷാർജ സെന്റ് മൈക്കിൾസ് മലങ്കര സുറിയാനി കത്തോലിക്കാ സഭ ഇടവക കൂട്ടായ്മയുടെ നേതൃത്വത്തിൽ ഒരു മാസക്കാലം നീണ്ടു നിൽക്കുന്ന പുണ്യയാത്രക്ക് തുടക്കം കുറിച്ചു. ഇടവക വികാരി റവ. ഡോ. റെജി വർഗ്ഗീസ് മനക്കലേട്ട് അച്ചൻ വി. കുർബ്ബാനയ്ക്ക് ശേഷം വള്ളിക്കുരിശും, ഛായാചിത്രവും ആശിർവദിച്ച് നല്കി. അജ്മാൻ മാർ ഈവാനിയോസ് പ്രയർ ഗ്രൂപ്പിന് വള്ളിക്കുരിശും, ഛായാചിത്രം MCYM ഷാർജ യൂണിറ്റും ഏറ്റുവാങ്ങി.




തിരുവല്ലയിൽ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ. മലയാളത്തിന്റെ മക്കളോടൊപ്പം. മണിപ്പൂരിന്റെ മക്കളെയും ചേർത്തുപിടിച്ചു



പത്തനംതിട്ട ഭദ്രാസനത്തിലെ മൈനർ സെമിനാരിയിൽ പ്രവേശിച്ച വൈദിക വിദ്യാർത്ഥികൾ അഭിവന്ദ്യ ആബൂൻ മോർ ഐറേനിയോസ് മെത്രാപ്പോലീത്തയ്ക്കൊപ്പം.

# മണിവിളക്കിന്റെ പ്രാർത്ഥനാ ആശംസകൾ



കെസിബിസി സാമൂഹിക ഐക്യ ജാഗ്രത കമ്മീഷൻ ചെയർമാനായി മൂവാറ്റുപുഴ ഭദ്രാസനാധ്യക്ഷൻ അഭി. ആബൂൻ യൂഹാനോൻ മാർ തെയോഡേഷ്യസ് മെത്രാപ്പോലീത്ത തിരഞ്ഞെടുക്കപ്പെട്ടു.



Canon Law from Pontifical Oriental Institute റോമിൽ നിന്നും ഡോക്ടറേറ്റ് കരസ്ഥമാക്കിയ മുവാറ്റുപ്പുഴ ഭദ്രാസനത്തിലെ ഫാ. അനൂപ് പന്തിയിരയിതടത്തിൽ



സെന്റ് മേരീസ് HSS കിഴക്കേക്കരയുടെ പുതിയ പ്രിൻസിപ്പൽ ആയി നിയമിതനായ ശ്രി .ജോമി തോമസ് കലയപുരത്തിന് പ്രാർത്ഥനാശംസകൾ



ചെറുകുളത്തി ബഥനി ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ആയി ചാർജെടുത്ത ലീന ലാലു ജോൺ. പ്രാർത്ഥനാശംസകൾ

# മണിവിളക്കിന്റെ
# പ്രാർത്ഥനാ ആശംസകൾ

**STD : X**

| FIRST RANK | SECOND RANK | THIRD RANK |
|---|---|---|
|  |  |  |
| **ANSEENA A. S.**<br>Venniyoor<br>Balaramapuram Dist. | **KRIPA S.**<br>Kanjiramkulam<br>Neyyattinkara Dist. | **ANCY B.**<br>Manchavilakom<br>Parassala Dist. |

**STD : XII**


| FIRST RANK | SECOND RANK | THIRD RANK |
|---|---|---|
|  |  |  |
| **GIBI GIBSON A.**<br>Pampukala<br>Neyyattinkara Dist. | **CHALLENGE N.J.**<br>Kodangavila<br>Neyyattinkara Dist. | **NEHA S XAVIER**<br>Kuzhinjanvila<br>Parassala Dist. |

**DEGREE III YEAR**

| FIRST RANK | SECOND RANK | THIRD RANK |
|---|---|---|
|  |  |  |
| **SHERIN J.S.**<br>Ambilikonam<br>Parassala Dist. | **ANJALI A.**<br>Puthenkavuvila<br>Kattakkada Dist. | **ADHEENA B.S.**<br>Kottoor<br>Kattakkada Dist. |

**വിശ്വാസപരിശീലന കാര്യാലയം പാറശ്ശാല ഭദ്രാസനം 10, 12, ഡിഗ്രി മതബോധന പരീക്ഷറാങ്ക് ജേതാക്കൾക്ക് അഭിനന്ദനങ്ങൾ.**

# മണിവിളക്കിന്റെ
# പ്രാർത്ഥനാ ആശംസകൾ



# മണിവിളക്കിന്റെ പ്രാർത്ഥന ആശംസകൾ

## ഇവർ ലോക്സഭയിലേക്ക്

കാസർകോട്



രാജ്മോഹൻ ഉണ്ണിത്താൻ

കണ്ണൂർ



കെ. സുധാകരൻ

വടകര



ഷാഫി പറമ്പിൽ

വയനാട്



രാഹുൽ ഗാന്ധി

കോഴിക്കോട്



എം.കെ രാഘവൻ

മലപ്പുറം



ഇ ടി മുഹമ്മദ് ബഷീർ

പൊന്നാനി



അബ്ദുസ്സമദ് സമദാനി

പാലക്കാട്



വി.കെ ശ്രീകണ്ഠൻ

ആലത്തൂർ



കെ. രാധാകൃഷ്ണൻ

തൃശൂർ



സുരേഷ് ഗോപി

ചാലക്കുടി



ബെന്നി ബെഹനാൻ

എറണാകുളം



ഹൈബി ഈഡൻ

ഇടുക്കി



ഡീൻ കുര്യാക്കോസ്

കോട്ടയം



ഫ്രാൻസിസ് ജോർജ്

ആലപ്പുഴ



കെ.സി വേണുഗോപാൽ

മാവേലിക്കര



കൊടിക്കുന്നിൽ സുരേഷ്

പത്തനംതിട്ട



ആന്റോ ആന്റണി

കൊല്ലം



എൻ.കെ പ്രേമചന്ദ്രൻ

ആറ്റിങ്ങൽ



അടൂർ പ്രകാശ്

തിരുവനന്തപുരം



ശശി തരൂർ





# മലങ്കര സഭ ജൂൺ മാസത്തിൽ

**1599 ജൂൺ 2026** :ഉദയംപേരൂർ സുന്നഹദോസ്

**1932ജൂൺ11:**മലങ്കര കത്തോലിക്കാ സുറിയാനി ഹൈരാർക്കി സ്ഥാപനം.തിരുവനന്തപുരം അതിഭദ്രാസനത്തിന്റെയും തിരുവല്ലാ ഭദ്രാസനത്തിന്റെയും സ്ഥാപനം.

**1956 ജൂൺ 27** :മാർ തെയോഫിലോസ് തിരുമേനി കാലം ചെയ്തു.

**1998 ജൂൺ 29:** അഭിവന്ദ്യരായ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി യുടെയും (മാർത്താണ്ഡം ഭദ്രാസനം), ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെയും (തിരുവനന്തപുരം അതിഭദ്രാസന സഹായമെത്രാൻ) മെത്രാഭിഷേകം (നാലാഞ്ചിറ).

**2000 ജൂൺ 24:** ആർച്ച്ബിഷപ്പ് സിറിൽ മാർ ബസേലിയോസ് തിരു മേനി സി.ബി.സി.ഐ. പ്രസിഡൻറായി ചുമതലയേറ്റു.

**2006 ജൂൺ 10:** തിരുവല്ലാ അതിഭദ്രാസന പ്രഥമ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് ഐസക് മാർ ക്ലീമിസ് തിരുമേനി യുടെ സ്ഥാനാരോഹണം.

**2014 ജൂൺ 23 :** ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ നാമകരണ നടപടികളുടെ ഭാഗമായി കബർ തുറന്നുള്ള കാനോനിക പരിശോധന.

**2019 ജൂൺ 4 :** തിരുവല്ല അതിഭദ്രാസനത്തിന്റെ വിരമിത മെത്രാപ്പോ ലിത്താ ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി കാലംചെയ്തു.

**2019 ജൂൺ 8** :പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ മെത്രാൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി ഭദ്രാസന ചുമതലകളിൽനിന്നും വിരമിച്ചു. അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനി പത്തനംതിട്ട ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി സ്ഥാന മേറ്റെടുത്തു.

**2019 ജൂൺ 12:**മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ദ്വിതീയ മെത്രാൻ അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് തിരുമേനി ഭദ്രാസന ചുമതലകളിൽനിന്നും വിരമിച്ചു

**2021 ജൂൺ 11:**മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി സ്ഥാപന നവതിയും തിരുവനന്തപുരം മേജർ അതി ഭദ്രാസനത്തിന്റെയും തിരുവല്ല അതിഭദ്രാസനത്തിന്റെയും സ്ഥാപന നവതി ആഘോഷങ്ങളും പാളയം സെന്റ് മേരീസ് സമാധാന രാജ്ഞി ബസലിക്കായിൽ മോറോൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.

**2023 ജൂൺ 16 ;** തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗം മോൺ. ഡോ. ജോർജ് പനംതുണ്ടിലിനെ ഖസാക്കിസ്ഥാൻ, കിർഗിസ്ഥാൻ, തജികിസ്ഥാൻ എന്നീ രാജ്യങ്ങളിലെ അപ്പസ്തോലിക് ന്യൂൺഷ്യോ ആയി ആർച്ച്ബിഷപ് പദവിയിൽ പരി. ഫ്രാൻസിസ് മാർപാപ്പാ നിയമിച്ചു..




പൊൻകുന്നം കല്ലുംപുറത്ത് റ്റി.വി തോമസിന്റെയും എൽസമ്മ തോമസിന്റെയും മകൻ **ലിജോ തോമസും** എടത്വാ പുത്തൻപുരയ്ക്കൽ ജോസഫ് തോമസിന്റെയും ലൈസാമ്മ ജോസഫിന്റെയും മകൾ **Dr. അഞ്ജു ജോസഫും** തമ്മിലുള്ള വിവാഹം മെയ് മാസം 20 ാം തീയതി അഭിവന്ദ്യ സാമുവൽ മാർ ഐറേനിയസ് തിരുമേനിയുടെ (ബിഷപ്പ് ഓഫ് പത്തനംതിട്ട ) മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു

**'മണിവിളക്ക്'** നെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു. മണിവിളക്കിൽ പ്രസിദ്ധീകരിയ്ക്കുവാൻ ആഗ്രഹിക്കുന്ന നിങ്ങളുടെ രചനകൾ (കഥ, കവിത, ലേഖനങ്ങൾ, ചിത്രങ്ങൾ, വചന ചിന്തകൾ) അയയ്ക്കാൻ...

**Whatsapp - +919947825254**

**Email - editor@manivilaku.com**

Managing Editor & Published by Mr. Tojo p thomas, Published from Parankammoottil H,Valakuzhy P.O Vennikulam, Pathanamthitta, Kerala. and BIJU GEEVARGHESE CHANDANAPALLY
Cover & layout Manivilaku Homelab
EMail: editor@manivilaku.com